
മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 7 ജൂലൈ 2010 Rs. 7.00



# ജീവമൊഴികൾ

വാല്യം 6 ജൂലൈ 2010 ലക്കം 7



എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ

ജോസ് മാത്യു

മാത്യു ജോർജ്

ജോബി ചെറിയാൻ

സാജു ജോസഫ്

മാനേജർ

ജെയ്സ് മാത്യു



വാർഷിക സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം:

ജീവമൊഴികൾ

കുമാരനല്ലൂർ പി. ഒ., കോട്ടയം, കേരള- 686 016, ഫോൺ: 0481-2392753, 9495234087, 9249514134

e-mail : jeevamozhikal@gmail.com

www.jeevamozhikal.org

വിദേശപ്രതിനിധികൾ

U.S.A - Biney James

Phone: 512990-2808(R) 512826-9028(D)

Email: benoyjames@hotmail.com

DUBAI - Shabu Kuruvilla

Phone: 050-7970839


## സഭയും ലോകവും



ഇന്നു സഭയ്ക്കും ലോകത്തിനും ഒന്നിച്ചുപോകുവാൻ കഴിയുന്നുവെങ്കിൽ എന്തോ തകരാറുണ്ട്. ആ തകരാർ ലോകത്തിനല്ല, സഭയ്ക്കാണെന്നു നാം തിരിച്ചറിയണം. കാരണം ലോകത്തിനു മാറ്റം ഒന്നും വന്നിട്ടില്ല. ലോകത്തിന്റെ ആത്മാവ് പഴയതു തന്നെയാണ്. ക്രിസ്തുവിനോടു വിശ്വാസികൾ വിശ്വസ്തരും സമർപ്പിതരുമാണെങ്കിൽ, ലോകത്തിൽ നിന്നുമവർ മാറി നിന്നാൽ, എല്ലാ അഭക്തിക്കുമെതിരായി അവരുടെ ജീവിതം ആയിത്തീർന്നാൽ തീർച്ചയായും ഈ ലോകം മുമ്പെന്നപോലെ ഇന്നും അവരെ പകയ്ക്കും. ഈ നിലപാടിൽ നിന്ന് സഭയാണ് ഇന്ന് മാറിയിരിക്കുന്നത്; ലോകമല്ല. 'ഞാൻ ഭൂമിയിൽ സമാധാനമല്ല, വാളത്രെ വരുത്തുവാൻ വന്നത്' എന്ന യേശുവിന്റെ വാക്കുകൾ ഓർക്കുക

-കാതറിൻ ബൂത്ത്

## ഭയം വാതിലിൽ മുട്ടുമ്പോൾ

Un Joyful 'toon de Mike Waters




അവൻ ശിഷ്യന്മാരോട്, "നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ" എന്നു പറഞ്ഞു - മർക്കൊ.4:40

## എഡിറ്റോറിയൽ വിശ്വാസത്തിന്റെ പുതിയ അദ്ധ്യായങ്ങൾ



**ലോ**കത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ(1 യോഹ.5:4)

നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനല്ലോ"(1യോഹ.4:4).

പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി(1യോഹ.3:8)

ദൈവപുത്രനായ ക്രിസ്തു വന്നത് പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണ്. ഇന്നു നമ്മിൽ വസിക്കുന്ന അവിടുന്ന് ലോകത്തിലുള്ളവനെക്കാൾ വലിയവനാണ്. അങ്ങനെയുള്ള തന്നിലുള്ള വിശ്വാസത്താൽ നാം ഈ ലോകത്തെ ജയിച്ചു മുന്നേറുന്നു. യോഹന്നാൻ അപ്പൊസ്തലൻ ക്രിസ്തീയജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ ഈ വിധത്തിൽ ചിത്രീകരിക്കുമ്പോൾ അതു വളരെ എളുപ്പമായിത്തോന്നും.

എന്നാൽ പ്രായോഗികവശത്തു ക്രിസ്തീയജീവിതത്തിൽ വേണ്ട പുരോഗതി കൈവരിക്കാതെ പലരും തട്ടിത്തടഞ്ഞു നിന്നു പോകുന്നു. കാലം നോക്കിയാൽ ഉപദേഷ്ടാക്കന്മാരായിരിക്കേണ്ടവരാണവർ. എന്നാൽ പാൽ കുടിക്കുന്ന ശിശുക്കളുടെ അവസ്ഥയിലാണിന്നും. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച അവസ്ഥയിൽനിന്നു ദൈവം അവരെ ജീവിപ്പിച്ചു. എന്നാൽ അവിടെനിന്നു പ്രതീക്ഷപോലെ മുന്നോട്ടു പോകാൻ കഴിയുന്നില്ല. എന്തുകൊണ്ടാണിത്?

അക്ഷരാർത്ഥത്തിൽത്തന്നെ മരിച്ച ഒരുവനെ യേശു ഉയിർപ്പിച്ച സംഭവം യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. യേശു ലാസറിനെ ഉയിർപ്പിച്ചുവെങ്കിലും അവനു പ്രതീക്ഷിച്ചതുപോലെ മുന്നോട്ടു നീങ്ങാൻ കഴിഞ്ഞില്ല. കാരണം അവന്റെ കാലും കൈയും ശീലകൊണ്ടു കെട്ടിയും മുഖം റൂമാൽകൊണ്ടു മൂടിയുമിരുന്നു. പിന്നെയെങ്ങനെ മുന്നോട്ടു പോകും? യേശു അതുകൊണ്ട് ഇങ്ങനെ കല്പിച്ചു: "അവന്റെ കെട്ടഴിപ്പിൻ അവൻ പോകട്ടെ"(വാക്യം 44)

പാപമരണത്തിൽ നിന്നു ഉയിർപ്പിക്കപ്പെട്ടെങ്കിലും ഇന്നു പല വിശ്വാസികൾക്കും മുന്നോട്ടു പോകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമായ കാഴ്ചപ്പാടുകളുടെയും നിർണ്ണയങ്ങളുടെയും അഭാവമാണ്. പാപം മാത്രമല്ല, കൃത്യമായ ബോധ്യങ്ങളുടെയും നിലപാടുകളുടെയും വ്യക്തതയില്ലായ്മയും നമ്മുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ശീലകളും ഉറുമാലുകളുമായി മാറാം. ഇതു സംഭവിക്കാതിരിക്കാനും വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നാം മാതൃക ആക്കേണ്ടതുണ്ട്.

ഇതിനോടുള്ള ബന്ധത്തിൽ ഐഹികജീവിതകാലത്ത് യേശു കൈക്കൊണ്ട അഞ്ചു നിലപാടുകൾ ശ്രദ്ധിക്കാം. ഈ നിലപാടുകളാണ് വ്യക്തതയോടെ, സ്വാതന്ത്ര്യത്തോടെ മുന്നോട്ടുപോകാൻ യേശുവിനെ സഹായിച്ചത്.

### സ്വയം അറിയുക:

‘യേശു പിന്നെയും അവരോടു സംസാരിച്ചു: “ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു”(യോഹ.8:12). സുവിശേഷങ്ങളിൽ 18 പ്രാവശ്യം യേശു സ്വയം നിർവ്വചിച്ചിട്ടുണ്ട്- ഞാൻ വെളിച്ചമാകുന്നു; ഞാൻ നല്ലിടയനാകുന്നു; ഞൻ വാതിലാകുന്നു....എന്നിങ്ങനെ. യേശുവിനു തന്നെക്കുറിച്ചുതന്നെ വളരെ വ്യക്തമായ ബോധ്യമുണ്ടായിരുന്നു. താനാരാണ് എന്നതിനെക്കുറിച്ച് ഒരു സംശയവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഈ ഉറപ്പാണ് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെവണ്ണം സ്വയം നിർവ്വചിക്കുവാൻ യേശുവിനെ സഹായിച്ചത്.

ഇതുപോലെ ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനത്തെക്കുറിച്ചു നമുക്കു ബോധ്യമുണ്ടോ? ‘പിതാവ് യേശുവിനെ സ്നേഹിക്കുന്നതുപോലെ നമ്മെയും സ്നേഹിക്കുന്നു’(യോഹ.7:23). ‘നാം യേശുവിന്റെ ഇളയ സഹോദരന്മാരാണ്’(എബ്രാ.2:13). യേശു ആയിരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ആയിരിക്കുന്നു(1യോഹ.4:17).. ഇതെല്ലാമാണ് ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനം. വിശ്വാസമാണ് ഈ ഉറപ്പിൽ നമ്മെ നിർത്തുന്നത്. എന്നാൽ ഇതേ കാര്യത്തിൽത്തന്നെ നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരതയെ പിശാച് പരീക്ഷിക്കും. യേശുവിന്റെ കാര്യത്തിൽപോലും ഇങ്ങനെ സംഭവിച്ചു. പിശാച് മരുഭൂമിയിൽ യേശുവിനെ പരീക്ഷിച്ചപ്പോൾ “നീ ദൈവപുത്രൻ എങ്കിൽ...?” എന്നാവർത്തിച്ചു ചോദിച്ചത് ശ്രദ്ധിക്കുക. ഇന്നും ഇതേ തന്ത്രം വിശ്വാസികളുടെ നേരേ അവൻ കൊണ്ടുവരും. അതുകൊണ്ടു ജാഗരൂകരായിരിക്കാം. ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനത്തെക്കുറിച്ചും പദവിയെക്കുറിച്ചുമുള്ള വലിയ ഉറപ്പാണ് നമ്മുടെ വിശ്വാസത്തിന്റെ ചുവടുകൾക്കു ദൃഢത നൽകുന്നത്.

### വ്യക്തമായ ലക്ഷ്യബോധം:

യേശു പറഞ്ഞു: “ഞാൻ എവിടെ നിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു”(യോഹ.8:14). തന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ച് യേശുവിന് വലിയ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് യേശു തന്റെ മുൻഗണനകളെ ലക്ഷ്യത്തിനനുസരിച്ച് ക്രമീകരിച്ചു. നിഗളത്തിന്റെയും മത്സരത്തിന്റെയും പടികൾ കയറി പാപത്തിൽ വീണുപോയ മനുഷ്യനെ താഴ്മയിലൂടെ വീണ്ടെടുക്കാനുള്ള തന്റെ രക്ഷാകരദൗത്യത്തെക്കുറിച്ച് യേശുവിനു വ്യക്തമായി അറിയാമായിരുന്നു. അന്ത്യദിനത്തിൽ യേശു ശിഷ്യന്മാരുടെ പാദം കഴുകുന്ന രംഗത്തെ യോഹന്നാൻ അതുകൊണ്ടുതന്നെ ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്: ‘താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു എന്നും ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽ നിന്നെഴുന്നേറ്റ്...ശിഷ്യന്മാരുടെ കാൽ കഴുകുവാൻ തുടങ്ങി(13:3-5). ലക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യം തന്റെ പ്രവർത്തനത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് കാണുക!

പാപത്തിൽ നിന്നു ഉയിർപ്പിക്കപ്പെട്ട വിശ്വാസികളിൽ എത്ര പേർക്ക് തങ്ങളുടെ ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ച് ഈ വിധത്തിലുള്ള ബോധ്യമുണ്ട്? അത് അവരുടെ പ്രവർത്തനവിധത്തെ സ്വാധീനിക്കാറുണ്ടോ? ഒരു വിശ്വാസിയെ ദൈവം വിളിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം അപ്പൊസ്തലനായ പൗലൊസ് ഇങ്ങനെയാണ്


(ശേഷം പേജ് 35 ൽ)



സന്ദേശം

# ലോകത്തെ ജയിക്കുന്ന ജയം

ചാൾസ് ഫിന്നി



**ലൗകികമനുഷ്യർ ലോകത്തിലുള്ള കാര്യങ്ങൾക്കായുള്ള പരക്കംപാച്ചിലിൽ എത്രമാത്രം മുഴുകിയിരിക്കുന്നവരാണ്!**

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നാലു ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ലോകത്തെ ജയിക്കുക എന്നു പറഞ്ഞാൽ എന്താണർത്ഥം?

2. ആരാണ് ലോകത്തെ ജയിക്കുന്നത്?

3. എന്തുകൊണ്ട് അവർ ലോകത്തെ ജയിക്കുന്നു?

4. എങ്ങനെയാണ് അവർ ലോകത്തെ ജയിക്കുന്നത്?

ഒന്നാമതായി ലോകത്തെ ജയിക്കുക എന്നു പറഞ്ഞാൽ എന്താണർത്ഥം? ഈ ലോകമനുഷ്യരെ പിടികൂടിയിട്ടുള്ള തൃഷ്ണയുടെ (അത്യാഗ്രഹത്തിന്റെ) ആത്മാവിൽ നിന്ന് വിമുക്തനാവുക എന്നതാണ് അതിന്റെ അർത്ഥം. ലോകത്തിന്റെ ആത്മാവ് അത്യാഗ്രഹത്തിന്റെ ആത്മാവാണ്. ഐഹികവസ്തുക്കളോടുള്ള അമിതമായ ആഗ്രഹമാണ് അത്. ചില ലോകമനുഷ്യർ ചില വസ്തുക്കളും മറ്റു ചിലർ മറ്റു ചിലതും മോഹിക്കുന്നു. എന്നാൽ ലൗകികരായ എല്ലാ സ്ത്രീപുരുഷന്മാരും അത്യാഗ്രഹത്തിന്റെ ആത്മാവിൽ ജീവിക്കുന്നവരാണ്. ഈ ആത്മാവ് അവരുടെ മനസ്സുകളെ പിടിച്ചടക്കിയിരിക്കുന്നു. ലോകത്തെ ജയി

ക്കുക എന്നുവച്ചാൽ ഒന്നാമത് ഈ അത്യാഗ്രഹത്തെ ജയിക്കുകയാണ്. ഈ ലോകം വാഗ്ദാനം ചെയ്യുന്ന കാര്യങ്ങൾക്കു വേണ്ടിയുള്ള തിരക്കുകൂട്ടലിൽ നിന്നും മത്സരബുദ്ധിയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചിട്ടില്ലാത്തവർ ഒരിക്കലും ലോകത്തെ ജയിച്ചവരല്ല.

ലോകത്തെ ജയിക്കുക എന്നുവച്ചാൽ അതിൽ മുഴുകിപ്പോകാതിരിക്കുക എന്നതുതന്നെ. ഒരുവൻ ലോകത്തെ ജയിച്ചുകഴിയുമ്പോൾ അവന്റെ ചിന്തകൾ ലൗകികവസ്തുക്കളിൽ മുഴുകിപ്പോകുന്നില്ല. ഒരുവൻ ഈ ലോകം അന്വേഷിക്കുന്ന കാര്യങ്ങളിൽ മുങ്ങി അതിന്റെ പിടിയിൽ അമർന്നുപോകാതെ സ്വതന്ത്രനാകുന്നില്ലെങ്കിൽ അവൻ ഒരിക്കലും ലോകത്തെ ജയിച്ചവനല്ല.

ലൗകികമനുഷ്യർ ലോകത്തിലുള്ള കാര്യങ്ങൾക്കായുള്ള പരക്കംപാച്ചിലിൽ എത്രമാത്രം മുഴുകിയിരിക്കുന്നവരാണെന്ന് നമുക്കെല്ലാം അറിയാം. ഒരുവൻ പഠനത്തിൽ, മറ്റൊരുവൻ രാഷ്ട്രീയത്തിൽ, മൂന്നാമതൊരുവൻ പണസമ്പാദനത്തിൽ, നാലാമതൊരാൾ ഫാഷനിലും ലോകസുഖങ്ങളിലും മുങ്ങിപ്പോയവരാണ്. എന്നാൽ ഓരോരുത്തനും താന്താന്റെ മാർഗ്ഗത്തിൽ ലൗകികവിഷയങ്ങളെ തന്റെ ശ്രദ്ധാകേന്ദ്രമാക്കിത്തീർത്തിരിക്കുന്നു.

ലോകത്തെ ജയിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി ഒരു കാര്യത്തിലല്ല, സകല കാര്യങ്ങളിലും ലോകത്തെ ജയിക്കേണ്ടത് ആവശ്യമാണ്. അയാൾ ലോകത്തെ ജയിക്കുന്നതോടൊപ്പം മനുഷ്യഹൃദയത്തെ പ്രലോഭിപ്പിക്കുവാൻ ലോകം ഉപയോഗിക്കുന്ന സകല കാര്യങ്ങളിലും വിജയിയായിത്തീർന്നേ മതിയാവൂ.

ലോകത്തെ ജയിക്കുക എന്നതിൽ ലോകത്തോടുള്ള ഭയത്തെ ജയിക്കുന്നതും ഉൾപ്പെടുന്നുണ്ട്. മിക്ക മനുഷ്യർക്കും എന്നല്ല, സകല ലോകമനുഷ്യർക്കും പൊതുജനാഭിപ്രായത്തെപ്പറ്റി വലിയ മതിപ്പാണ്. തങ്ങളുടെ മനസ്സാക്ഷിയനുസരിച്ചു ജീവിച്ചാൽ സമൂഹത്തിന്റെ അപ്രീതിയെ നേരിടേണ്ടിവരുമെന്നതിനാൽ മനസ്സാക്ഷിയുടെ മാർഗ്ഗം പിൻതുടരുവാൻ അവർ ധൈര്യപ്പെടുന്നില്ല. പൊതുജനാഭിപ്രായത്തിനു വിരുദ്ധമായി നീങ്ങിയാൽ തന്റെ വ്യാപാരത്തിനു തകർച്ച നേരിടുമെന്ന് ഒരാൾ ഭയപ്പെടുന്നു. മറ്റൊരുവൻ താൻ സത്യത്തിനുവേണ്ടി നിലകൊണ്ടാൽ തന്റെ പ്രശസ്തിക്കു ഭംഗം നേരിടുമെന്ന് ഭയപ്പെടുന്നു. ജനപ്രീതിയില്ലാത്ത ഒരു സത്യത്തിനുവേണ്ടി നിലകൊണ്ടാൽ തന്റെ ജനസ്വാധീനം നഷ്ടപ്പെടും എന്ന് അവൻ ഭയപ്പെടുന്നു. സത്യത്തെ മുറുകെപ്പിടിക്കാതിരുന്നാൽ തനിക്കു നല്ല ജനസ്വാധീനമുണ്ടാകുമെന്നാണ് അയാളുടെ ചിന്ത. വിസ്മയം തന്നെ!!

ഒരു വലിയ പങ്കാളുകൾ ലോകത്തോടുള്ള ഈ ഭയത്തിന്റെ പിടിയിലാണെന്നു സമ്മതിച്ചേ തീരൂ. എന്നാൽ ഈ വസ്തുത പലരും മനസ്സിലാക്കുന്നില്ല. സ്വകർത്തവ്യനിർവ്വഹണത്തിൽ പലരും പിന്നോക്കമായിരിക്കുന്നതിന്റെ കാരണമന്വേഷിക്കുന്ന പക്ഷം ഏറ്റവും മുന്തിനിൽക്കുന്ന കാരണം ലോകത്തോടുള്ള ഈ ഭയമാണെന്നു കണ്ടെത്തുവാൻ അവർക്കു കഴിയും. ഇവർ ദൈവത്തിന്റെ അപ്രീതിയെക്കാളധികം ലോകത്തിന്റെ അപ്രീതിയെ ഭയപ്പെടുന്നു. ഈ ഭയത്തിനു തികച്ചും അടിമകളായിട്ടാണ് അവർ ജീവിച്ചുപോരുന്നത്. പല ക്രിസ്തീയ ശുശ്രൂഷകന്മാരും തങ്ങൾക്ക് സത്യമാണെന്ന് അറിവുള്ള കാര്യം വളരെ പ്രധാനമാണെങ്കിൽത്തന്നെയും അതു പ്രസംഗിക്കുവാൻ ധൈര്യപ്പെടുന്നില്ലെന്ന കാര്യം





> **ഒരു പ്രസംഗം തയ്യാറാക്കുകയോ പ്രസംഗിക്കുകയോ ഒരു നിലപാടു സ്വീകരിക്കുകയോ ചെയ്യുമ്പോൾ ദൈവഭക്തിയെക്കാളധികം സമ്പന്നതയുള്ളവരായ പണക്കാരുടെ പ്രീതി ലഭിക്കുവാൻ പ്രസംഗകന്മാർ ഇഷ്ടപ്പെടുന്നു. പല സുവിശേഷകന്മാരും ഈ ഭയത്തിന്റെ പിടിയിൽപ്പെട്ട് ക്രിസ്തുവിനെത്തള്ളി ലോകത്തെ സേവിക്കുന്നവരാണ്. ഇപ്രകാരം മനുഷ്യർക്ക് അടിമകളായിരിക്കുന്ന അവസ്ഥയിൽ നിന്നു വിടുതൽ നേടുകയാണ് ലോകത്തിന്റെ മേലുള്ള ജയത്തിന്റെ ലക്ഷണം.**

ആർക്കാണ് അറിഞ്ഞുകൂടാത്തത്? ചിലയാളുകൾക്ക് തങ്ങളെക്കുറിച്ച് നല്ല മതിപ്പുണ്ടാകണമെന്ന ആഗ്രഹത്താലാണ് അവർ അതു പ്രസംഗിക്കാത്തത്. ഇവർ ജീവിക്കുന്ന സമൂഹത്തിന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ ചുരുക്കം ചില സമ്പന്നന്മാരുടെ പ്രീതി ഇവർക്കു അത്യന്താപേക്ഷിതമാണ്. ഒരു പ്രസംഗം തയ്യാറാക്കുകയോ പ്രസംഗിക്കുകയോ ഒരു നിലപാടു സ്വീകരിക്കുകയോ ചെയ്യുമ്പോൾ ദൈവഭക്തിയെക്കാളധികം സമ്പന്നതയുള്ളവരായ ഈ പണക്കാരുടെ പ്രീതി ലഭിക്കുവാൻ ഈ പ്രസംഗകന്മാർ ഇഷ്ടപ്പെടുന്നു. ജനപ്രീതിയുടെ ഈ അടിമനുകം എത്ര ശക്തമാണ്! പല സുവിശേഷകന്മാരും ഈ ഭയത്തിന്റെ പിടിയിൽപ്പെട്ട് ക്രിസ്തുവിനെത്തള്ളി ലോകത്തെ സേവിക്കുന്നവരാണ്. ഇപ്രകാരം മനുഷ്യർക്ക് അടിമകളായിരിക്കുന്ന അവസ്ഥയിൽ നിന്നു വിടുതൽ നേടുകയാണ് ലോകത്തിന്റെ മേലുള്ള ജയത്തിന്റെ ലക്ഷണം.

മാത്രമല്ല, ലോകത്തിന്മേലുള്ള വിജയമെന്നത് ലൗകികമായ ഉത്കണ്ഠകളിൽ നിന്നുള്ള വിടുതലും കൂടെയാണ്. ലൗകികമനുഷ്യർ വലിയ ആകുലചിന്തയാലും ഉൽക്കണ്ഠയാലും നിറഞ്ഞവരായിട്ടാണ് ജീവിതം നയിക്കുകയെന്നത് നിങ്ങൾക്കറിയാമല്ലോ. ലോകത്തിലെ വസ്തുവകകളിൽ ഹൃദയം വച്ചു ജീവിക്കുന്ന ഇക്കൂട്ടർക്ക് ഈ സ്ഥിതിവിശേഷം സ്വാഭാവികമാണ്. ഈ ഹൃദയസ്ഥിതി ഉള്ളവർ വലിയവനായ പിതാവിന്റെ കരത്തിൽ നിന്ന് സകല നന്മയും സ്വീകരിപ്പാനും തന്റെ തെറ്റിപ്പോകാത്ത ജ്ഞാനമനുസരിച്ച് നമുക്കു നൽകുകയോ നൽകാതിരിക്കയോ ചെയ്യുന്നവനിൽ വിശ്വാസമർപ്പിക്കുവാനും ശീലിച്ചിട്ടില്ല.

ലോകത്തെ സ്നേഹിക്കുന്ന ഒരുവൻ ദൈവത്തിന്റെ ശത്രുവാണ്. സ്വർഗ്ഗസ്ഥപിതാവിൽ ശിശുതുല്യമായ വിശ്വാസമർപ്പിക്കുവാനോ ആ വിശ്വാസം നൽകുന്ന സമാധാനം അനുഭവിപ്പാനോ ഇവർക്കു സാധ്യമല്ല.

അതിനാൽ ഇപ്രകാരം ലോകസ്നേഹികളായ മനുഷ്യർ തങ്ങളുടെ ലൗകികപദ്ധതികൾ പരാജയപ്പെടുമോ എന്ന ഉത്കണ്ഠാജ്വരത്തിലാണ് എപ്പോഴും ജീവിക്കുന്നത്. കാര്യങ്ങൾ സുഗമമായി നീങ്ങുമ്പോൾ ക്ഷണനേരത്തേയ്ക്ക് ഈ കൂട്ടർക്ക് ആശ്വാസം കിട്ടും. എന്നാൽ പെട്ടെന്നുതന്നെ എന്തെങ്കിലുമൊരു ദുരന്തം അവരെ പിടികൂടും. ജീവിതത്തെ കരണ്ടുതിന്നുന്ന ഏതെങ്കിലും ഉത്കണ്ഠയില്ലാത്ത ഒറ്റ ദിവസം പോലും ഇവർക്കില്ല. ഈ ആളുകൾ ചേറും ചെളിയും മേലോട്ടു തള്ളുന്നതും കലങ്ങിമറിഞ്ഞതുമായ കടൽപോലെയാണ്. (യെശ 57:20) എങ്കിലും ലോകത്തിന്റെ മേൽ വിജയം നേടുന്ന മനുഷ്യൻ ഇത്തരം നിരന്തരവും വിനാശകരവുമായ ഉൽകണ്ഠയിൽ നിന്നു സ്വതന്ത്രനാണ്.

ഒരു ലൗകികആത്മാവും ഒരു സ്വർഗ്ഗീയആത്മാവും ഉണ്ട്. ഏതു മനുഷ്യന്റെയും ഉള്ളിൽ ഇവയിലൊന്നു വസിച്ചുകൊണ്ട് അവന്റെ സകല പ്രവൃത്തികളെയും നിയന്ത്രിക്കുന്നു. ഈ ലോകത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കുന്ന ഏതൊരു മനുഷ്യനും തീർച്ചയായും ലോകത്തെ ജയിച്ചിട്ടില്ല. സ്വർഗീയതയുടെ ആത്മാവിനാൽ ഹൃദയം നിറഞ്ഞിട്ടില്ലാത്ത യാതൊരു മനുഷ്യനും ലോകത്തെ ജയിക്കുന്നില്ല.

ലോകത്തിന്മേലുള്ള വിജയത്തിന്റെ അർത്ഥം ലോകത്തിന്റെ ആത്മാവിന് അതിന്റെ ഏതെങ്കിലും ഒരു രൂപത്തിൽ കീഴ്പ്പെടാതിരിക്കുകയാണ്. ഈ ലോകത്തിന്റെ ആത്മാവ് അവലംബിക്കുന്ന ഒരു രൂപം നിലവിലുള്ള പാരമ്പര്യത്തിന്റെയും ഫാഷന്റെയും രീതിയാണ്. ഫാഷൻ എന്നതു എത്ര ശക്തിയുള്ള ഒരു ദേവതയെന്നു ചിന്തിക്കുക. അതിന്റെ ശക്തി അത്ഭുതകരം തന്നെ. ലോകജനതയുടെ മറ്റൊരു ദേവതയും ഇതിനെക്കാൾ വിലയേറിയ കാഴ്ചവസ്തുക്കളാൽ ആരാധിക്കപ്പെടുകയോ ഇതിനെക്കാളധികം ഭക്തി പിടിച്ചുപറ്റുകയോ ചെയ്തിട്ടില്ല. ലോകജാതിയുടെ മറ്റൊരു ദേവതയും ഇത്രയധികം സാർവലൗകികബഹുമതി പ്രാപിച്ചിട്ടില്ല. ഫാഷന്റെ ദേവാലയത്തിൽ ആരാധിക്കുവാൻ ജാഗ്രതയോടെ മുന്നേറാത്ത ഒരു പുരുഷനെയോ സ്ത്രീയെയോ നിങ്ങൾക്ക് എവിടെ കണ്ടെത്താൻ കഴിയും? എന്നാൽ ലോകത്തെ ജയിച്ച ജയത്തിന്റെ അർത്ഥം ഈ ദേവതയുടെ മായാവൈഭവത്തിൽനിന്നു നാം ജയം നേടുന്നുവെന്നതാണ്. ലോകത്തെ ജയിച്ചവരാരും ഫാഷന്റെ പ്രീതി സമ്പാദിക്കുവാനോ അതിന്റെ അപ്രീതി ഒഴിവാക്കുവാനോ ബദ്ധപ്പെടുന്നില്ല. അവർക്ക് ലോകത്തിന്റെ ബഹുമതിയായാലും അവമതിയായാലും അതൊരു നിസ്സാരകാര്യമാണ്. പൌലോസ് പറയുന്നതു കേൾക്കുക: "നിങ്ങളോ മനുഷ്യൻ കഴിക്കുന്ന വല്ല വിസ്താരത്തിലോ എന്നെ വിധിക്കുന്നതു എനിക്ക് എത്രയും ലഘുകാര്യം." (1 കൊരി 4:3) ഏതു യഥാർത്ഥക്രിസ്ത്യാനിയെ സംബന്ധിച്ചും ഇതു സത്യമാണ്. അവന്റെ ലക്ഷ്യം ദൈവത്തിന്റെ അംഗീകാരം മാത്രമാണ്. അവന്റെ പ്രധാന താൽപര്യം ദൈവത്തേയും സ്വന്തം മനസ്സാക്ഷിയേയും പ്രസാദിപ്പിക്കുക മാത്രമാണ്. (അപ്പോ. 24:16) നോക്കുക) ഇങ്ങനെയൊരു മനോഭാവം പ്രാപിച്ചിട്ടില്ലാത്ത ഒരുത്തനും ലോകത്തെ ജയിച്ചിട്ടില്ല.

ഒരു ക്രിസ്ത്യാനിയുടെ സ്വഭാവത്തിലെ മറ്റു യാതൊരു ഘടകവും ലോകാഭിപ്രായത്തോടുള്ള ഈ അവഗണനയെക്കാളധികം ശ്രദ്ധേയമോ നിർണായകമോ അല്ല. ഞാൻ ദൈവശുശ്രൂഷയിൽ പ്രവേശിച്ചതിനു ശേഷമുള്ള ജീവിതത്തിൽ ഈ മനോഭാവമുള്ള ചില മനുഷ്യരെ കണ്ടെത്തുവാനും പരിചയപ്പെടുവാനും സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഒരു വ്യക്തിയെപ്പറ്റി ആണ് ഞാൻ ചിന്തിക്കുന്നത്. മനുഷ്യന്റെ കൈയടി നേടുവാനോ അവരുടെ നിന്ദയെ ഒഴിവാക്കുവാനോ ലേശം പോലും താൽപര്യം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. മനുഷ്യനെ പ്രസാദിപ്പിക്കുക എന്നത് അദ്ദേഹത്തിന് യാതൊരു കാര്യവും ആയിരുന്നില്ല. താൻ ദൈവത്തെ പ്രസാദിപ്പിക്കുന്നപക്ഷം അദ്ദേഹം പൂർണ്ണസംതൃപ്തനായിത്തീരുമായിരുന്നു. അതിനാൽ ഈ വ്യക്തി എല്ലാ പാപവുമായി ഒരു നിത്യയുദ്ധത്തിലായിരുന്നു. പാപം എത്രതന്നെ ജനപ്രീതിയാർജ്ജിച്ചതാകട്ടെ, പാരമ്പര്യങ്ങളാലും ആചാരങ്ങളാലും സംരക്ഷിതമായിക്കൊള്ളട്ടെ, പണത്താലും പൊതുജനാഭിപ്രായത്താലും പരിപോഷിതമാകട്ടെ, അതൊന്നും അദ്ദേഹം ഗണ്യമാക്കിയിട്ടില്ല. ഏറ്റവും ശക്തമായ മനോഭാവ





ത്തോടെ, ഒത്തുതീർപ്പില്ലാത്ത ദൃഢനിശ്ചയത്തോടെ അദ്ദേഹം പാപത്തോട് എതിർത്തുനിന്നു. എങ്കിലും വളരെ പക്വതയോടും കരുണാർദ്രതയോടുമാണ് അദ്ദേഹം അതു ചെയ്തത്. ഏറ്റവും കർശനമായ കാര്യങ്ങൾ ദൃഢനിശ്ചയം കലർന്ന വാക്കുകളോടെ സംസാരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് വലിയ കണ്ണുനീർക്കണങ്ങൾ അടർന്നുവീഴുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇദ്ദേഹത്തിനു ഒരു മോശമായ ആത്മാവുള്ളതായി ഭൂരിപക്ഷമാളുകളും പരാതിപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ശകാരത്തെ ഭയപ്പെടുകയും തങ്ങളുടെ ദുഷ്ടതയെ അദ്ദേഹം തെളിച്ചുകാട്ടുമ്പോൾ വിഷമിക്കയും ചെയ്തിട്ടുള്ളപ്പോഴും ഈ വ്യക്തിക്കൊരു നല്ല ആത്മാവില്ല എന്നു പറയുവാൻ അവർക്കു കഴിഞ്ഞിട്ടില്ല. താൻ ലോകത്തെ ജയിച്ചിരുന്നു എന്നതിന്റെ ഏറ്റവും മനോഹരവും ശക്തവുമായ ദൃഷ്ടാന്തമായിരുന്നു അദ്ദേഹത്തിൽ വിളങ്ങിയ ഈ ആത്മാവ്.

ഈ മനുഷ്യനെപ്പോലെ ലോകത്തിനു മരിച്ചിട്ടില്ലാത്തവർ ആരും അതിന്റെ അടിമത്തത്തിൽ നിന്നു വിമുക്തരല്ല. ജയാളിയായ ക്രിസ്ത്യാനി മേലാൽ താൻ മനുഷ്യന്റെ അടിമയല്ല എന്നു തെളിയിക്കുന്ന ഒരു ജീവിതാവസ്ഥയെ പ്രാപിച്ചിരിക്കും. ദൈവത്തെ സേവിക്കുവാൻ മാത്രം ബാധ്യതയുള്ളവനായി അയാൾ തീർന്നിരിക്കുന്നു.

### ആര് ലോകത്തെ ജയിക്കുന്നു? എന്തുകൊണ്ട്?

ഇനി നമുക്ക് അടുത്ത ചോദ്യത്തിലേക്കു കടക്കാം. ആരാണ് ലോകത്തെ ജയിക്കുന്നത്? ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. (1 യോഹ 5:4) എന്ന നമ്മുടെ പാഠഭാഗം തന്നെ അതിന്റെ ഉത്തരം നൽകുന്നുണ്ട്. ഇതൊരു സാർവത്രിക

**ഒരു ലൗകികആത്മാവും ഒരു സ്വർഗ്ഗീയആത്മാവും ഉണ്ട്. ഏതു മനുഷ്യന്റെയും ഉള്ളിൽ ഇവയിലൊന്നു വസിച്ചുകൊണ്ട് അവന്റെ സകല പ്രവൃത്തികളെയും നിയന്ത്രിക്കുന്നു. ഈ ലോകത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കുന്ന ഏതൊരു മനുഷ്യനും തീർച്ചയായും ലോകത്തെ ജയിച്ചിട്ടില്ല. .ലോകത്തിന്മേലുള്ള വിജയത്തിന്റെ അർത്ഥം ലോകത്തിന്റെ ആത്മാവിന് അതിന്റെ ഏതെങ്കിലും ഒരു രൂപത്തിൽ കീഴ്പ്പെടാതിരിക്കുകയാണ്.**

സത്യമാണ്. ദൈവത്തിൽ നിന്നു ജനിച്ചവർ എല്ലാവരും ലോകത്തെ ജയിക്കുന്നു. മറ്റാരും തന്നെ ലോകത്തെ ജയിക്കുന്നില്ല എന്ന വസ്തുത ഇതിൽ നിന്നു വ്യക്തമാണ്. ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നവരെ ഈ ലക്ഷണത്താൽ തിരിച്ചറിയാം. അവർ ലോകത്തെ ജയിക്കുന്നവരായിരിക്കും.

ഇതിൽ നിന്നും യുക്തിപരമായി ഉണ്ടാകുന്ന അടുത്ത ചോദ്യം എന്തുകൊണ്ട് വിശ്വാസികൾ ലോകത്തെ ജയിക്കുന്നു എന്നതാണ്. എന്തു പ്രമാണമനുസരിച്ചാണ് അവർ ലോകത്തെ ജയിക്കുന്നത്? എന്റെ ഉത്തരം ഇതാണ്: ലോകത്തിന്മേലുള്ള വിജയം ആത്മീയജനനത്തിന്റെ പ്രകൃതിസിദ്ധമായ ഫലമാണ് – ലോകത്തിന്റെ അടിമത്തം ശാരീരിക ജനനത്തിന്റെ സ്വാഭാവികഫലമായിരിക്കുന്നതുപോലെ തന്നെ.

ശാരീരികജനനത്താൽ ലോകത്തിലേക്കു കടക്കുന്നതും ലോകത്തിനടിമയായിത്തീരുന്നതും വ്യക്തമായ ഒരു നിയമമനുസരിച്ച് അന്യോന്യം ബന്ധപ്പെട്ടതാണ്. അതു മനസ്സിലാക്കുവാൻ

എളുപ്പവുമാണ്. നിയമം ഇതാണ്: ഭൗതികജനനം ഭൗതികവസ്തുക്കളെ നമ്മുടെ ബോധമണ്ഡലത്തിലേക്കു കൊണ്ടുവരുന്നു. ഭൗതിക വസ്തുക്കളെ മാത്രമേ അതു ആനയിക്കുകയുള്ളൂ. അതു നമ്മുടെ മനസ്സിനെ ലോകകാര്യങ്ങളുമായി ബന്ധപ്പെടുത്തുന്നു. ബാഹ്യേന്ദ്രിയങ്ങളിലൂടെ നാം ഗ്രഹിക്കുന്ന ഈ കാര്യങ്ങളോട് ആഴമായ ഒരു താൽപര്യം നമുക്കുണ്ടാകുന്നത് തീർച്ചയായും സ്വാഭാവികം തന്നെ. ഈ വസ്തുക്കളിൽ മിക്കവയ്ക്കും നമ്മുടെ ഇന്ദ്രിയങ്ങളോട് അടുത്ത ബന്ധമുള്ളതിനാൽ ഇതു വിശേഷിച്ചും സത്യം തന്നെ. അങ്ങനെ ഈ വസ്തുക്കൾ നമ്മുടെ സന്തുഷ്ടിയുടെ സർവോന്നതകാരണമായിത്തീരുകയും ചെയ്യുന്നു. അതിനാൽ നമ്മുടെ താൽപര്യം ക്രമേണ ഈ വസ്തുക്കളുമായി കെട്ടുപിണഞ്ഞതായിത്തീരുന്നു. നമ്മുടെ കണ്ണുകൾ പല മാസങ്ങൾ ഇവയെ വീക്ഷിക്കുന്നതിനു മുമ്പു തന്നെ നമുക്ക് അവയോട് ഗാഢസ്നേഹം ഉദിക്കയും ചെയ്യുന്നു.

ഇവിടെപ്പറഞ്ഞ ഈ നിയമം ഒരു സാർവലൗകികവസ്തുതയാണ്. എന്നാൽ മറ്റൊരു സാർവലൗകിക വസ്തുത ഇതുപോലെ പ്രധാനമാണ്. നമ്മുടെ മനസ്സിന്റെ ധാർമികബന്ധങ്ങളുമായി ഇവ ഇണങ്ങിച്ചേർന്നിരിക്കുന്നു. ലോകവസ്തുക്കളുടെ കടന്നാക്രമണത്തെ ഇവ ചെറുക്കുകയും ചെയ്യുന്നു. നമ്മുടെ മനസ്സിന്റെ ഈ ശക്തികൾ വളരെ സാവധാനമായി മാത്രമേ പ്രവൃത്തിപഥത്തിലേക്കു വരുന്നുള്ളൂ. ലോകവസ്തുക്കളുമായുള്ള ബന്ധം നമ്മുടെ മനസ്സ് ഒരു മാസത്തിനുള്ളിൽ സ്ഥാപിക്കുമ്പോൾ ധാർമികസത്യങ്ങളുമായുള്ള ബന്ധത്തിനു ഒരു വർഷം വേണ്ടി വരും. ധാർമികബന്ധങ്ങൾ വളരെ ശക്തമല്ലാത്തതിനാലും ലോകവസ്തുക്കളുടെ ബന്ധം വളരെ നേരത്തേ വളർന്നുവരുന്നതും വളരെ പ്രബലവുമായതിനാലും നമ്മുടെ മനസ്സ് പൂർണ്ണമായിത്തന്നെ ഈ ലോകത്തിന്റെ നിയന്ത്രണത്തിൽ ആയിത്തീരുന്നു. നമ്മുടെ യുക്തിയുടെയും മനസ്സാക്ഷിയുടെയും ശബ്ദം ഉയർന്നുവരുമ്പോൾ ആ ശബ്ദത്തെ വളരെക്കുറച്ചു മാത്രമേ മനസ്സ് ശ്രദ്ധിക്കുന്നുള്ളൂ. സത്യം പറഞ്ഞാൽ ദൈവശക്തി ഇടയിൽക്കടന്ന് തടസ്സം സൃഷ്ടിക്കാതിരുന്നാൽ നമ്മുടെ ദേഹിക്ക് ലോകത്തോടുണ്ടാകുന്ന ബന്ധം ഒരിക്കലും തകർക്കപ്പെടുന്നില്ല.

ഇവിടെ ഞാൻ വിശേഷിച്ചു വ്യക്തമാക്കുവാനാഗ്രഹിക്കുന്ന കാര്യം ഇതാണ്: ഭൗതികവും മാനസികവുമായ വളർച്ചയോടൊപ്പം പ്രവർത്തിക്കുന്നതുമൂലം അതു നമ്മെ ലോകത്തിന്റെ അടിമത്തത്തിലേക്കു നയിക്കുവാൻ അവസരമൊരുക്കുന്നു. ആത്മാവിനാൽ ദൈവരാജ്യത്തിലേക്കുള്ള ജനനത്തെപ്പറ്റി ഇതോടൊപ്പം നാം പരിഗണിക്കേണ്ടതാണ്. ഈ പുതിയ ജനനത്താൽ നമ്മുടെ മനസ്സ് ആത്മീയകാര്യങ്ങളുമായി ഗാഢമായൊരു ബന്ധത്തിലേക്കു വരുന്നു. ദൈവാത്മാവ് ആത്മീയലോകത്തിലേക്കു നമ്മുടെ മനസ്സിനെ ആകർഷിക്കുന്നു. നമ്മുടെ ശരീരത്തിൽ ശാരീരിക ജനനം ഉണ്ടാക്കുന്നതിനു സമാന്തരമായ ഒരു സ്വാധീനശക്തി ആത്മീയജനനത്താൽ നമ്മുടെ ആത്മാവിൽ ഉണ്ടായിത്തീരുന്നു. ദൈവാത്മാവിന്റെ പ്രകാശനംമൂലം ആത്മീയലോകത്തിലെ മഹാസത്യങ്ങൾ നമുക്കു വെളിപ്പെട്ടുവരുന്നു. നാം പുതിയൊരു ദൃഷ്ടിയോടെ കാര്യങ്ങളെ കാണുകയും ആത്മീയമായ ഒരു പുതിയ ലോകം നമുക്കുചുറ്റും ഉള്ളതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുന്നു.

ഭൗതികകാര്യങ്ങളെ മനുഷ്യർ





അനുമാനിക്കുക മാത്രമല്ല, യഥാർത്ഥമായി കാണുകതന്നെ ചെയ്യുന്നുണ്ടല്ലോ. അതുപോലെ ആത്മീയമനുഷ്യർക്ക് ആത്മീയകാര്യങ്ങൾ അനുമാനം മാത്രമല്ല, പൂർണമായ പ്രായോഗികയാഥാർത്ഥ്യങ്ങളായിത്തന്നെ തീരുന്നു. ദൈവം ഇവയെ നമ്മുടെ മനസ്സുകൾക്ക് വെളിപ്പെടുത്തുമ്പോൾ ആത്മീയവസ്തുതകൾ ശരിയായ വെളിച്ചത്തിൽ നമുക്ക് യാഥാർത്ഥ്യമായിത്തീരുന്നു.

തന്മൂലം ആത്മീകാര്യങ്ങൾ നമ്മുടെ മനസ്സിനു വെളിപ്പെട്ട് നാമവയെ ഗ്രഹിക്കുമ്പോൾ അവ നമ്മിൽ അത്യധികമായ താൽപര്യം ഉളവാക്കുന്നു. ദൈവികസത്യം നാം പൂർണമായി ഗ്രഹിക്കുമ്പോൾ അതു നമുക്ക് സന്തോഷകരമായിത്തീരുന്നു. ആവിധത്തിലാണ് നമ്മുടെ മനസ്സിന്റെ ഘടന. ഈ സത്യങ്ങൾ ഏറ്റവും ദുഷ്ടനായ മനുഷ്യനുപോലും വെളിപ്പെടുകയും അയാൾ അതിനെ ഗ്രഹിക്കയും ചെയ്താൽ അയാളുടെ ആത്മാവ് സജീവമായ പ്രവർത്തനത്തിനായി ഉണർത്തപ്പെടാതിരിക്കയില്ല. അയാൾ വെളിച്ചത്തെ വെറുത്തെന്നു വരാം. ദൈവത്തിന്റെ അവകാശവാദങ്ങളെ അയാൾ കഠിനഹൃദയത്തോടെ എതിർത്തെന്നും വരാം. എന്നാൽ ഈ സത്യങ്ങളിൽ ഒരു ശക്തമായ താൽപര്യം അയാൾക്കുണ്ടാകാതിരിക്കുകയില്ല. ഈ സത്യങ്ങൾ മനുഷ്യനെ നന്മയിലേക്കും ക്ഷേമത്തിലേക്കും നയിക്കുമാറ് അവനെ സ്വാധീനിക്കുക തന്നെ ചെയ്യും.

ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ദൈവസാന്നിദ്ധ്യം സഹജീവിയായ മറ്റൊരു മനുഷ്യന്റെ സാന്നിദ്ധ്യം പോലെ ഒരുവന് യഥാർത്ഥമായിത്തീർന്നാൽ അത് അയാളുടെ ഹൃദയത്തെ കീഴടക്കിയില്ലെങ്കിലും അയാളുടെ മനസ്സിനെ അത് ആഴത്തിൽ സ്വാധീനിക്കും. ഇതു മനസ്സി

**ദൈവാത്മാവ് ആത്മീയലോകത്തിലേക്കു നമ്മുടെ മനസ്സിനെ ആകർഷിക്കുന്നു. നമ്മുടെ ശരീരത്തിൽ ശാരീരിക ജനനം ഉണ്ടാക്കുന്നതിനു സമാന്തരമായ സ്വാധീനശക്തി ആത്മീയജനനത്താൽ നമ്മുടെ ആത്മാവിൽ ഉണ്ടായിത്തീരുന്നു. ദൈവാത്മാവിന്റെ പ്രകാശനംമൂലം ആത്മീയലോകത്തിലെ മഹാസത്യങ്ങൾ നമുക്കു വെളിപ്പെട്ടുവരുന്നു. നാം പുതിയൊരു ദൃഷ്ടിയോടെ കാര്യങ്ങളെ കാണുകയും ആത്മീയമായ പുതിയ ലോകം നമുക്കുചുറ്റും ഉള്ളതായി അനുഭവപ്പെടുകയും ചെയ്യുന്നു.**

ലാക്കാൻ കഴിവില്ലാത്ത ഒരു പാപി ഈ മുഴുലോകത്തിലും ഉണ്ടായിരിക്കുമോ? ഇപ്രകാരം ദൈവസാന്നിദ്ധ്യത്തിന്റെ വെളിപ്പാട് ഒരുവനെ മാനസാന്തരപ്പെടുത്തിയെന്നുവരില്ല. എന്നാൽത്തന്നെയും കുറഞ്ഞപക്ഷം അത് താൽകാലികമായെങ്കിലും അവനിൽ ലോകത്തോടുള്ള പ്രതിപത്തിയെ ഹനിക്കുന്നതായിത്തീരും.

ആഴമായ പാപബോധം ഉണ്ടായ ഒരു വ്യക്തിയിൽ ഈ അവസ്ഥ നാം കാണുന്നു. ഭക്ഷണത്തെയോ വസ്ത്രത്തെയോ പറ്റി അല്പവും താൽപര്യമില്ലാത്തവിധം അത്ര ഭയാനകമായ പാപബോധം ബാധിച്ച ഒരുവനെ നിങ്ങൾ പക്ഷേ കണ്ടിരിക്കാം. ഇവയെല്ലാം എനിക്കും കിട്ടിയാലും ഞാൻ നരകത്തിൽ വസിക്കേണ്ടിവരുന്ന പക്ഷം എന്തുഫലം എന്ന് അതി വേദനയോടെ അയാൾ നിലവിളിക്കുന്നുണ്ടാവും.

ഹൃദയത്തെ കുത്തിത്തുള

(ശേഷം പേജ് 14 ൽ)

വിശുദ്ധരുടെ കാലൊച്ച

# ഓറിഗൺ:

## ബൗദ്ധികഅന്വേഷണത്തിലൂടെ ക്രിസ്തുവിലേക്ക്

**ദൈ**വഭക്തി എന്നാൽ ഊഷ്മളമായ ഒരു ഹൃദയവും ശൂന്യമായ തലയുമാണെന്നു ക്രിസ്ത്യാനികൾ മിക്കപ്പോഴും പറയാറുണ്ട്. ബുദ്ധിപരമായ അന്വേഷണങ്ങൾ ഒരുവനെ നരകത്തിൽ മാത്രമേ എത്തിക്കൂ എന്നതിനാൽ സുരക്ഷിതമായ മാർഗ്ഗം എല്ലാ വിധത്തിലുമുള്ള പാണ്ഡിത്യവുമുപേക്ഷിച്ച് ക്രിസ്തുവിനോടുള്ള ഭക്തിയിലും വ്യക്തിപരമായ രക്ഷയിലും ശ്രദ്ധിക്കുകയാണെന്ന് അവർ പറയും.

എന്നാൽ ക്രിസ്തീയചരിത്രം ഇതിന് അപവാദമായ ഒട്ടേറെ മഹദ്വ്യക്തികളെ നമുക്കു പരിചയപ്പെടുത്തുന്നുണ്ട്. ശിക്ഷണം ഉള്ള ഒരു മനസ്സ് ദൈവത്തിന്റെ പ്രീതിയുടെ അടയാളമായിരിക്കണമെന്നില്ല. എന്നാൽ ആ കാരണം കൊണ്ടുതന്നെ അത്തരം ഒരു വ്യക്തിയോടു ദൈവത്തിന് അപ്രീതിയുണ്ടെന്നു കരുതാനും പാടില്ല. ദൈവത്തോടുള്ള ആരാധന പ്രകടമാക്കാൻ നിരവധി വിശുദ്ധന്മാർ അവരുടെ മനസ്സുകളെ ഉപയോഗിച്ചിട്ടുണ്ട്. അവരിൽ ഒരാളായിരുന്നു മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഓറിഗൺ എന്ന ബുദ്ധിജീവി.

ധ്യാനതത്പരരായവർ ചോദിച്ചേക്കാം 'ഓറിഗൺ എന്നെ എങ്ങനെ സഹായിക്കും' എന്ന്. അദ്ദേഹത്തെക്കുറിച്ചറിയാവുന്ന പലരും ഒരു ബുദ്ധിരാക്ഷസനായിട്ടല്ലാതെ മഹാത്മാവായി അദ്ദേഹത്തെ കാണുന്നില്ല എന്നതാണ് സത്യം. എന്നാൽ ശ്രദ്ധിച്ചുനോക്കുന്നവർക്ക് വ്യത്യസ്ത അഭിപ്രായം ആണ് ഉള്ളത്.

മനസ്സും ഹൃദയവും തമ്മിലുള്ള വേർതിരിവ് അംഗീകരിക്കാൻ ഓറിഗൺ തയ്യാറല്ലായിരുന്നു. വിജ്ഞാനത്തിനായുള്ള ജനങ്ങളുടെ ദാഹത്തിന്റെ ഉറവിടം ദൈവം തന്നെയാണെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രശംസനീയമായ ഒരു കലാരൂപം ഒരുവൻ കാണുമ്പോൾ ആ കലാസൃഷ്ടിയുടെ പിന്നിലുള്ള പ്രചോദനശക്തി അറിയുവാൻ ആഗ്രഹിക്കും. ദൈവത്തിന്റെ പ്രവൃത്തികൾ കാണുമ്പോൾ ഇതുതന്നെയാണ് മനുഷ്യർ ആഗ്രഹിക്കുന്നത്. "ഈ ആഗ്രഹം, ഈ പ്രേരണാശക്തി നമ്മിൽ അങ്കുരിപ്പിച്ചതു ദൈവം തന്നെയത്രേ." ഓറിഗണിന്റെ അസാമാന്യമായ ബൗദ്ധികനേട്ടങ്ങൾക്ക് അടിത്തറ ഈ തിരിച്ചറിവ് ആയിരുന്നു.

എന്നാൽ ഓറിഗണിന്റെ ജീവിതത്തിൽ നിഴലിട്ട കഷ്ടതയാണ് തന്നെ ഒരു വിശുദ്ധനും പണ്ഡിതനുമാക്കിയത്. ഓറിഗൺ ജനിച്ചുവളർന്ന ഈജിപ്റ്റിലെ അലക്സാൻഡ്രിയായിൽ ഏ.ഡി 200-ാം ആണ്ടിനുശേഷം ക്രിസ്ത്യാനികൾക്കെതിരേ പീഡയുണ്ടായി. ഓറിഗണിന്റെ പിതാവായ ലിയൊനൈഡ്സ് ഒരു ക്രിസ്ത്യാനി ആയതിന്റെ പേരിൽ കൊല്ലപ്പെട്ടു. പട്ടണത്തിലെ പ്രധാന ക്രിസ്തീയ ഉപദേഷ്ടാവായിരുന്ന ക്ലെമന്റ് പ്രാണരക്ഷാർത്ഥം ഓടിപ്പോയി. കേവലം 18 വയസ്സു മാത്രമുള്ള ഓറിഗൺ ഒരു പിതാവിന്റെയും ഉപദേഷ്ടാവിന്റെയും ചുമതലകൾ ഏറ്റെടുക്കേണ്ടിവന്നു.

കുടുംബത്തെ പോറ്റാൻ ഓറിഗൺ തന്റെ ഗ്രന്ഥങ്ങൾ വില്ക്കാൻ





നിർബന്ധിതനായെങ്കിലും അദ്ധ്യാപകനും പണ്ഡിതനും എന്ന നിലയിലുള്ള അസാമാന്യമായ ഒരു ജീവിതത്തിന്റെ തുടക്കമായിരുന്നു അത്.

തുടർന്നുള്ള അര നൂറ്റാണ്ടുകാലം ക്രിസ്തീയസഭയിലെ ഏറ്റവും സ്വാധീനശക്തിയുള്ള വ്യക്തിത്വമായിരുന്നു ഓറിഗൺ.അലക്സാൻഡ്രിയായിൽ പഠിപ്പിക്കുകയും കൈസര്യയിൽ പ്രഭാഷണങ്ങൾ നടത്തുകയും ഏതൻസ് സന്ദർശിക്കുകയും ചെയ്തിരുന്ന ഓറിഗൺ ഏതു പട്ടണത്തിലും നൂറുകണക്കിനു മൈലുകൾ അകലെനിന്നും വിജ്ഞാനദാഹികളായ വിദ്യാർത്ഥികളെ ആകർഷിച്ചിരുന്നു. ഈ ശിഷ്യഗണത്തിൽ ഏഷ്യമൈനറിൽ നിന്നുള്ള നിയമവിദ്യാർത്ഥിയായ ഗ്രിഗറിയും ഉണ്ടായിരുന്നു. അഞ്ചു വർഷങ്ങൾ ഓറിഗണിന്റെ കീഴിൽ പരിശീലനം ലഭിച്ചശേഷം ഗ്രിഗറി തന്റെ ഗുരുവിനെ പ്രകീർത്തിച്ചുകൊണ്ട് ഒരു പുസ്തകം രചിച്ചു. യഥാർത്ഥതത്വശാസ്ത്രം നല്ലൊരു ജീവിതത്തിലേക്ക് ഒരുവനെ നയിക്കുന്നതാണെന്ന അടിസ്ഥാനപ്രമാണം ഓറിഗൺ പ്രാരംഭത്തിലേ ശിഷ്യരുടെ മനസ്സിൽ ഉറപ്പിച്ചിരുന്നു. നന്മ അന്വേഷിക്കയും തിന്മയിൽനിന്ന് ഓടിയൊളിക്കയും ചെയ്യേണ്ടത് മനുഷ്യധർമ്മമാണ്. ദൈവഭക്തിയിലേക്കുള്ള വലിയതടസ്സം അജ്ഞതയാണ്. ദൈവികജ്ഞാനത്തെ പുച്ഛിച്ചു തള്ളുന്ന ഒരുവൻ ഒരിക്കലും ദൈവഭക്തിയിൽ വളരുകയില്ല. അനിർവാച്യമായ തന്റെ സൗന്ദര്യത്താൽ സകലത്തേയും തന്നിലേക്കാകർഷിക്കുന്ന ദൈവത്തിന്റെ സത്യവചനം തന്നെ അടിസ്ഥാനപ്പെട്ടിരിക്കുന്നത് യഥാർത്ഥ തത്വശാസ്ത്രത്തിലാണ്.

ഓറിഗണിൻെറ സുപ്രധാന വേദശാസ്ത്രഗ്രന്ഥമായ 'അടിസ്ഥാനപ്രമാണങ്ങൾ'(on first principles)യേശുക്രിസ്തു എത്രമാത്രം അദ്ദേഹത്തെ ആകർഷിച്ചിരുന്നു എന്നു വ്യക്തമാക്കുന്നുണ്ട്. പ്രസ്തുതഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗം താഴെച്ചേർക്കുന്നു:

## പരിമിതപ്പെട്ട മഹത്വം

**ദൈ**വപുത്രനെക്കുറിച്ചുള്ള ആശ്ചര്യകരവും സമുജ്ജ്വലവുമായ നിരവധി കാര്യങ്ങളിൽ മനുഷ്യരായ നമ്മുടെ ബലഹീനമായ ബുദ്ധിക്കും ചിന്തയ്ക്കും അതീതമായ, നമ്മെ അത്ഭുതപരതന്ത്രരാക്കുന്ന ഒന്നുണ്ട്. ദൈവികമഹത്വത്തിന്റെ സർവ്വശക്തി, ദൈവജ്ഞാനത്തിന്റെ സമ്പൂർണ്ണത, പിതാവിന്റെ കൂടെയിരുന്ന സാക്ഷാൽ വചനം, ദൃശ്യവും അദൃശ്യവുമായ സകലവും ഉളവാകുവാൻ കാരണഭൂതനായവൻ യഹൂദ്യയിൽ പ്രത്യക്ഷനായ ഒരു മനുഷ്യനിൽ കുടികൊള്ളുന്നതിനെപ്പറ്റിയാണ് പറയുന്നത്. ദൈവജ്ഞാനമായവൻ, സ്ത്രീയുടെ ഉദരത്തിൽനിന്നു ഒരു ശിശുവായി പിറന്നതും ശിശുസഹജമായ കരച്ചിലോടെ വളർന്നുവന്നതും, ക്രൂശുമരണത്തിനു മുമ്പ് "എന്റെ പ്രാണൻ മരണവേദനയിലായിരിക്കുന്നു" എന്നു നിലവിളിച്ചതും ആരേയും ആശ്ചര്യപ്പെടുത്തുമാറ് വിസ്മയകരം തന്നെ. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എങ്കിലും, ഏറ്റവും ഹീനമായ ഒരു മരണത്തിലേക്ക് ദൈവപുത്രൻ നടത്തപ്പെട്ടു എന്ന വസ്തുത ആരെയാണ് അമ്പരപ്പിക്കാത്തത്?

മർത്യരുടെ ബലഹീനതയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത കാര്യങ്ങൾ നസറായനായ യേശുവിൽ നാം കാണുമ്പോൾ, ദൈവമഹത്വത്തിനു മാത്രം ചേരുന്ന മറ്റു ചില കാര്യങ്ങൾ അതേ വ്യക്തിയിൽ നാം ദർശിക്കുമ്പോൾ പരിമിതികളുള്ള മനുഷ്യരായ നമ്മുടെ ചിന്തകൾ ഏതു ദിശയിലേക്കാണ് തിരിക്കേണ്ടതെന്നറിയാതെ നാം കുഴയുന്നു. ദൈവത്വവും മാനു

## ലോകത്തെ ജയിക്കുന്ന...പേജ് 11ൽ നിന്നു തുടർച്ച.

യ്ക്കുന്ന ഈ സർവ്വംഗ്രഹമായ പാപബോധം പോലും ഒരുവനെ മാനസാന്തരത്തിലേക്കു നയിക്കണമെന്നില്ല. ദൈവികസത്യം ഒരാൾക്കു ബോധ്യപ്പെട്ടാൽ അതിന്റെ നിയാമകശക്തി എങ്ങനെയെന്നു കാണിപ്പാൻ വേണ്ടി മാത്രമാണ് ഞാൻ ഇതു പറഞ്ഞത്.

യഥാർത്ഥമാനസാന്തരം സംഭവിച്ചിട്ട് ഒരു വ്യക്തി ദൈവത്തിൽ നിന്നു ജനിച്ചു കഴിയുമ്പോൾ പുതുക്കം പ്രാപിക്കാത്ത ഒരു മനസ്സിലെന്ന പോലെ സത്യബോധം അവനെ ഉണർത്തുക മാത്രമല്ല, സത്യത്തോട് അഗാധവും തീവ്രവുമായ ഒരു സ്നേഹം അയാളിൽ ജനിക്കയും ചെയ്യുന്നു. അതു ഹൃദയത്തെ ആവഴിക്കു ചായിക്കുന്നു. ആത്മീയസത്യങ്ങൾ മനസ്സിനെ പിടിച്ചടക്കയും വിശ്വാസിയുടെ ഹൃദയത്തെ അതിന്റെ ഊഷ്മളമായ ആലിംഗനത്തിനധീനമാക്കുകയും ചെയ്യുന്നു. ഇപ്പോൾ അയാൾ ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു; അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ പ്രാപിക്കയും ചെയ്തിരിക്കുന്നു. (റോമ 8:15) ബൈബിൾ പറയും പോലെ ദൈവത്തിന്റെ വിത്ത് ഇപ്പോൾ അവനിൽ വസിക്കുന്നു. (1 യോഹ 3:9) ദൈവാത്മാവിനാൽ ദൈവരാജ്യത്തിലേക്കുള്ള ജനനത്തിനുശേഷം ഈ സത്യ

---

ഷികതയും ഒരുപോലെ സമ്മേളിച്ചിരിക്കുന്ന ഈ അത്ഭുതപുരുഷനെ ദർശിക്കുമ്പോൾ നാം ഒരു വിസ്മയലോകത്തിലാകുന്ന പ്രതീതിയാണ്. ദൈവത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഇതാ ഒരു മനുഷ്യൻ! മനുഷ്യനെന്നു ചിന്തിക്കുമ്പോൾ ഇതാ, മരണത്തിന്റെ സാമ്രാജ്യത്തെ കീഴടക്കി ജയാളിയായി മടങ്ങിവരുന്ന ഒരുവനെ നാം കാണുന്നു.

ഈ കാരണം കൊണ്ടുതന്നെ ഭയഭക്തിയോടെ മാത്രമേ നമുക്കു മുമ്പോട്ടു പോകുവാൻ കഴിയൂ.ഒരേ വ്യക്തിയിൽത്തന്നെ ദൈവികസ്വഭാവവും മാനുഷസ്വഭാവവും യഥാർത്ഥമായും നിലനിൽക്കുന്നു എന്നു തെളിയിക്കാനുള്ള നമ്മുടെ ഉദ്യമം ഏറ്റവും ശ്രദ്ധാപൂർവ്വം ആയിരിക്കണം. ദിവ്യവും അവർണ്ണനീയവുമായ അവിടുത്തെ അസ്തിത്വത്തിൽ അയോഗ്യമായ എന്തെങ്കിലും കുടികൊണ്ടിരുന്നു എന്നു ചിന്തിക്കുവാൻ നമുക്കിടയാകരുത്. വഞ്ചനാപരമായ ഏതോ മനോരാജ്യത്തിന്റെ ഫലമായ മിഥ്യാബോധമായിരുന്നു യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളുടെയും കാരണം എന്നു ചിന്തിക്കാനും ഇടയാകരുത്. അതേ! ദൈവപുത്രനായ യേശുക്രിസ്തു അത്ഭുതപുരുഷൻ തന്നെ!

ഈ അത്ഭുതസത്യം മനുഷ്യരുടെ ചെവിയാൽ കേൾക്കുവാനോ വാക്കുകൾ കൊണ്ടതിനെ വിശദീകരിപ്പാനോ മർത്ത്യരായ നമ്മുടെ സിദ്ധികൾ കൊണ്ട് അസാദ്ധ്യമാണ്. വിശുദ്ധഅപ്പൊസ്തലന്മാരുടെ ദിവ്യമായ അഭിഷേകത്തിനുപോലും ഈ സത്യം വർണ്ണനാതീതമായിരുന്നു. പരിമിതപ്പെട്ട ഈ ദൈവികമഹത്വത്തെ, സ്വർഗ്ഗീയസേനയ്ക്കുപോലും വിശദീകരിക്കുവാൻ അസാദ്ധ്യമാണ്. ഈ ദൈവികമർമ്മത്തിനു മുമ്പിൽ വിനയാന്വിതരായി, അത്ഭുതാദരവോടെ ശിരസ്സുനമിച്ചു നിൽക്കാനല്ലാതെ കേവലം മനുഷ്യരായ നമുക്ക് മറ്റെന്തു ചെയ്യാൻ കഴിയും?

എന്തൊരത്ഭുതപുരുഷൻ ക്രിസ്തു!

അവിടത്തെ മഹിമ നിസ്തുലം!

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**





ങ്ങൾ ശക്തിയായി അവന്റെ മനസ്സിൽ പരിവർത്തിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചിരിക്കയാൽ അവന്നു പാപം ചെയ്യുവാൻ കഴിയുകയുമില്ല. (1 യോഹ 3:9) ദൈവത്തിന്റെ വിത്ത് അവനിലുണ്ട്. അതിന്റെ ഫലം അവന്റെ ആത്മാവിനെ ദൈവവുമായുള്ള ഏകത്വത്തിലേക്കു നയിക്കയും ചെയ്യുന്നു.

ആദ്യജനനം ലോകകാര്യങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്നു. രണ്ടാമത്തെ ജനനം ദൈവവുമായുള്ള അടുപ്പം നൽകുന്നു. ആദ്യജനനം പരിമിതമായ കാര്യങ്ങളുമായി നമ്മെ പരിചയപ്പെടുത്തുന്നു. എന്നാൽ രണ്ടാംജനനം അപ്രമേയകാര്യങ്ങളോടുള്ള ബന്ധം നൽകുന്നു. മാനുഷികസ്വഭാവവുമായി ആദ്യജനനം ബന്ധം നൽകുന്നു. മാനുഷിക സ്വഭാവവുമായി ആദ്യജനനം ബന്ധം നൽകുമ്പോൾ രണ്ടാം ജനനം ആത്മീയസ്വഭാവത്തിലേക്ക് നമ്മെ നയിക്കുന്നു.

ഈ ലോകത്തിന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും നമുക്കു വിടുതൽ നൽകുമാറ് ഈ ആത്മീയസത്യങ്ങൾ അത്ര മനോഹരവും മഹത്വകരവുമാണ്.

ഒന്നാമത്തെ ജനനം ലോകസ്വഭാവം നൽകുമ്പോൾ രണ്ടാം ജനനം നമ്മിൽ ദൈവസ്വഭാവം ഉളവാക്കുന്നു. ആദ്യജനനം മനസ്സിനെ കെണിയിൽ അകപ്പെടുത്തുമ്പോൾ രണ്ടാം ജനനമോ ഈ കെണിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്നു. ആദ്യജനനത്തിൽ ഈ ഭൂമിയിൽ പൗരത്വം ഉള്ളവരായി നാം തീരുമ്പോൾ രണ്ടാം ജനനം സ്വർഗ്ഗീയപൗരന്മാരായി നമ്മെ രൂപാന്തരപ്പെടുത്തുന്നു. (ഫിലി. 3:20)

**നാം ലോകത്തെ ജയിക്കുന്നത് എങ്ങനെ?**

ലോകത്തിന്മേലുള്ള വിജയം

> **ആദ്യജനനം ലോകകാര്യങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്നു. രണ്ടാമത്തെ ജനനം ദൈവവുമായുള്ള അടുപ്പം നൽകുന്നു. ആദ്യജനനം പരിമിതമായ കാര്യങ്ങളുമായി നമ്മെ പരിചയപ്പെടുത്തുന്നു. എന്നാൽ രണ്ടാംജനനം അപ്രമേയകാര്യങ്ങളോടുള്ള ബന്ധം നൽകുന്നു. മാനുഷികസ്വഭാവവുമായി ആദ്യജനനം ബന്ധം നൽകുന്നു. രണ്ടാം ജനനം ആത്മീയസ്വഭാവത്തിലേക്ക് നമ്മെ നയിക്കുന്നു.**

എങ്ങനെയാണ് ലഭിക്കുന്നത്? ഇതിലെ പ്രധാനപ്രവർത്തകൻ പരിശുദ്ധാത്മാവാണ്. ക്രിസ്ത്യാനിയുടെ ഹൃദയത്തിലോ ജീവിതത്തിലോ പരിശുദ്ധാത്മാവിനെക്കൂടാതെ ഒരു നല്ല ഫലവും ഉണ്ടാകുന്നില്ല. "ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ" (1 യോഹ 5:4) എന്ന് നമ്മുടെ പാഠഭാഗം പറയുന്നത് ശ്രദ്ധിക്കുക. ഇവിടെ ഇങ്ങനെയൊരു ചോദ്യം ചോദിക്കാം. വിശ്വാസം സ്വയം ലോകത്തെ ജയിക്കുന്നുവെന്നോ അതോ വിശ്വാസത്തിലൂടെ നാം ലോകത്തെ ജയിക്കുവെന്നോ, ഇതിലേതാണ് ശരി? രണ്ടാമതു പറഞ്ഞിരിക്കുന്നതാണ് വ്യക്തമായും ഇതിന്റെ അർത്ഥം; ദൈവത്തെ യഥാർത്ഥമായി വിശ്വസിക്കയും അവിടുത്തെ സത്യത്തിന്റെയും സ്വഭാവത്തിന്റെയും മുദ്രകൾ നമ്മുടെ മനസ്സിൽ പതിയുകയും ചെയ്യുന്നതിന്റെ ഫലമായി നമുക്കു ലോകത്തിന്മേൽ വിജയം ലഭിക്കുന്നു.

വിശ്വാസത്തിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഒന്ന്, സത്യത്തെ കാണുക; രണ്ട്, അതിൽ താൽപര്യം തോന്നുക; മൂന്ന്, ഇപ്രകാരം കാണുന്ന

സത്യത്തിൽ ശ്രദ്ധവെച്ച് അതിനാൽ നിയന്ത്രിക്കപ്പെടുമാറ് മനസ്സിനെ പ്രവർത്തിപ്പിക്കുക.

ആദ്യം തന്നെ സത്യത്തെ കാണണം. എന്തെന്നാൽ നാം കാണുകയും അറിയുകയും ചെയ്യാത്ത ഒരു സത്യത്തെ വിശ്വസിപ്പാൻ നമുക്കു സാദ്ധ്യമല്ല. അടുത്തതായി സത്യത്തിൽ ഒരു താൽപര്യം ഉദിക്കണം. അതു നമ്മുടെ മനസ്സിനെ ഉണർത്തി സജീവപ്രവർത്തനത്തിലേക്കു നയിക്കും. മൂന്നാമതായി ഈ സത്യത്താൽ നിയന്ത്രിക്കപ്പെടുമാറ് മനസ്സിന് സ്വതസ്സിദ്ധമായ ഒരു സമർപ്പണം ഉണ്ടായിത്തീരും. . ഈ ഘട്ടത്തിൽ മനസ്സ് ദൈവഹിതത്താൽ പൂർണമായി നടത്തപ്പെടേണ്ടതിന് തന്നെത്തന്നെ കീഴടക്കിക്കൊടുക്കും. ഇങ്ങനെ ദൈവഹിതം തനിക്ക് ഇപ്പോഴും നിത്യതയിലുമുള്ള അവകാശമായിത്തീരേണ്ടതിന് മനസ്സ് ദൈവത്തിൽ, ദൈവത്തിൽത്തന്നെ, വിശ്വാസമർപ്പിക്കയും വേണം. വിശ്വാസം ക്രിസ്തുവിനെ സ്വീകരിക്കുന്നു. മനസ്സ് ക്രിസ്തുവിന്റെ സ്വഭാവം ഗ്രഹിച്ച് നാമുമായി എങ്ങനെ ക്രിസ്തു ബന്ധപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കുന്നു. മനസ്സ് ഇങ്ങനെ രക്ഷകന്റെ ആവശ്യം മനസ്സിലാക്കുകയും അവനു മാത്രം നമ്മുടെ ഉള്ളിൽ ചെയ്യാൻ സാധിക്കുന്ന പ്രവൃത്തി ഗ്രഹിക്കയും ചെയ്യുമ്പോൾ അത് ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിച്ച് ആലിംഗനം ചെയ്യുന്നു. മനസ്സിന്റെ ഈ അംഗീകാരം മന്ദഗതിയിലോ നിദ്രാമയമായ നിഷ്ക്രിയത്വത്തിലോ ചെയ്യപ്പെടുന്ന ഒരു പ്രവൃത്തിയല്ല.

മനസ്സിന്റെ ഊർജ്ജസ്വലമായ ഒരു പ്രവൃത്തിയാണിത്. മനസ്സിന്റെ ഈ സമർപ്പണം മഹത്വകരവും ജീവനുള്ളതും ശക്തിപൂർവ്വവുമായ ഒരു വ്യാപാരമാണ്. മനുഷ്യദേഹിയുടെ ഈ പ്രവർത്തനം മഹത്വകരവും സജീവവും ശക്തിദായകവുമായ ഒരു കാര്യമാണ്. മനസ്സ് ഇതു ദർശിച്ചാൽ മാത്രം പോരാ. ക്രിസ്തുവിന്റെ വകയായിത്തീരുവാൻ അതു ഏറ്റവും തീക്ഷ്ണതയോടെ പ്രവർത്തിക്കയും രക്ഷയുടെ എല്ലാ പ്രയോജനങ്ങളും തന്നിലേക്ക് സ്വീകരിക്കയും വേണം.

ഇതിനും പുറമേ വിശ്വാസം ക്രിസ്തുവിനെ, നമ്മുടെ പൂർണവ്യക്തിത്വത്തെയും ഭരിക്കുവാനും അനുസരണവും ആരാധനയും കൈക്കൊള്ളുവാനുമായി നമ്മുടെ ആത്മാവിലേക്കു സ്വാഗതം ചെയ്യുന്നു. ചുരുക്കത്തിൽ തന്നെ ഭരിക്കുവാനും സർവ്വാധികാരിയായ ഒരു രാജാവിന്റെ സകല കടമകളും നിറവേറ്റുവാനും വേണ്ടിയാണ് വിശ്വാസം അപ്രകാരം ചെയ്യുന്നത്. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വാണ് നമ്മെ ശക്തീകരിക്കുവാനും തനിക്കവകാശപ്പെട്ട സിംഹാസനത്തിൽ ഇരുന്ന് നിത്യവും നമ്മെ ഭരിക്കുവാനും വേണ്ടിയാണ് ഈ സ്വീകരണം. ഒട്ടനേകം വ്യക്തികൾ തങ്ങളുടെ മനസ്സിന്റെ ഈ പൂർണ്ണസമർപ്പണത്തിലേക്കു വരുന്നില്ല. ഒരുപക്ഷേ അവർ സത്യത്തെ ഗ്രഹിച്ചിട്ട് സുവിശേഷത്തെ താത്വികമായി അറിഞ്ഞു എന്ന തൃപ്തിയിൽ സന്തോഷിച്ചു കഴിയുന്നു. ഇങ്ങനെ അവർ രണ്ടാംഘട്ടം വരെ മാത്രം മുന്നേറുന്നു. അവർ ക്രിസ്തുവിനെയല്ല വിശ്വാസത്തെ മാത്രം സ്വീകരിക്കുന്നവരായിത്തീരുന്നു. ഇവരുടെ മനസ്സിൽ ഒരുവേള അവർക്കു വിശ്വാസം ഉണ്ടായെന്നു വരാം. എങ്കിലും പരമാർത്ഥതയോടെ ക്രിസ്തുവിനെ തങ്ങളുടെ ഹൃദയത്തിലേക്കിവർ സ്വീകരിച്ചിട്ടില്ല. അവർക്കു തങ്ങളുടെ മനസ്സിൽ ഒരുതരം വിശ്വാസമുണ്ടാകുന്നു. എന്നാൽ മുഴുഹൃദയത്തോടും ക്രിസ്തുവിനെ ഹൃദയത്തിലേക്കു കൈക്കൊള്ളുന്നില്ല. ഈ വിവിധതരക്കാരെല്ലാം ക്രിസ്തുവിനെ പ്രാപിച്ചവരാകാതെ ഇടയ്ക്കു





വച്ചു നിന്നുപോകുന്നു. ഇവരിലാർക്കും ലോകത്തിന്മേലുള്ള വിജയം സിദ്ധിക്കുന്നില്ല.

ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തീയോപദേശം ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിലേക്കു കടന്നുവരുന്ന വ്യക്തിയായി അംഗീകരിക്കുന്നതാണ്. “ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.” (വെളി 3:20) വിശ്വാസത്താൽ നമ്മുടെ ഹൃദയത്തിൽ തന്റെ മഹത്വകരമായ സാന്നിദ്ധ്യത്തോടെ ക്രിസ്തു വസിക്കും എന്ന സത്യം ഇതിലധികം ശക്തമായും മനോഹരമായും ചിത്രീകരിക്കുവാൻ എങ്ങനെ സാധിക്കും?

എന്റെ ഹൃദയം ഈ വിഷയത്തിലേക്ക് ആകർഷിക്കപ്പെട്ടശേഷം വിശ്വാസത്തെക്കുറിച്ചുള്ള ഈ വീക്ഷണത്തോട് എത്രകാലം ഞാൻ അന്ധനായിക്കഴിഞ്ഞുകൂടി എന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ദീർഘകാലം അതു ഞാൻ കണ്ടിട്ടേയില്ലായിരുന്നു. ഇപ്പോൾ ആ സത്യം ദൈവവചനത്തിന്റെ ഓരോ പേജിലും വിളങ്ങി പ്രകാശിക്കുന്നതു ഞാൻ കാണുന്നു. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ (നിങ്ങളുടെ മനസ്സിൽ) ഇരിക്കുന്നു എന്ന മഹത്വകരമായ സത്യം കൊണ്ട് ബൈബിൾ എങ്ങും പ്രകാശം ചൊരിയുന്നതായി എനിക്കു തോന്നുന്നു. നിങ്ങളുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നും ഒരു ദൈവാലയത്തിലെന്നപോലെ ദൈവം നമ്മുടെ ശരീരത്തിൽ വസിക്കുന്നുവെന്നും ഈ സത്യം പ്രഖ്യാപിക്കുന്നു. (1 കോരി 3:16) ഇത്ര സമ്പന്നവും ഇത്ര അനുഗ്രഹകരവും ബൈബിളിൽ വ്യക്തമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ ഈയൊരു സത്യം ഇത്രനാളും എന്റെ കണ്ണിനു മറഞ്ഞിരുന്നതെങ്ങനെയെന്ന് ഞാൻ അത്ഭുതപ്പെടുന്നു. ക്രിസ്തു വിശ്വാസത്താൽ നമ്മുടെ ആത്മാവിലേക്കു വരുന്നു. നമ്മുടെ ഹൃദയത്തെയും ജീവിതത്തെയും ഇതു ക്രിസ്തുവുമായി ഏറ്റവും അടുത്ത ബന്ധത്തിലേക്കു നയിക്കുന്നു. നമ്മുടെ ഉള്ളിൽ സകലത്തെയും നിലനിറുത്തുന്ന ശക്തിയായി ക്രിസ്തു വെളിപ്പെടുന്നു. തന്മൂലം ലോകത്തിന്മേൽ നാം വിജയം പ്രാപിക്കുന്നു. ക്രിസ്തു നമ്മിൽ വസിച്ച് നമ്മുടെ ഹൃദയത്തെ സജീവമാക്കിത്തീർക്കുന്നു. ദൈവത്തിന്റെ വിശുദ്ധീകരണപദ്ധതിയിലെ കേന്ദ്രയാഥാർത്ഥ്യം ഇതത്രേ. ലോകത്തിന്റെ മേലുള്ള വിജയത്തെയും മനുഷ്യാത്മാവിന് സ്രഷ്ടാവിനോടുള്ള സംസർഗ്ഗത്തെയും വിശ്വാസികൾ വിലപ്പെട്ടതായിക്കരുതുന്നതുകൊണ്ട് ഒരൊറ്റ ക്രിസ്ത്യാനിപോലും ഈ സത്യം

**നാം ക്രിസ്തുവിനെ വിശ്വാസത്താൽ നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിച്ചുകഴിഞ്ഞാൽ പിന്നീട് ലോകത്തെ ജയിക്കാതിരിക്കുക അസാദ്ധ്യമാണ്. പുതിയജനനത്താൽ ക്രിസ്തു നമ്മിലേക്കു വന്ന് നമ്മെ ഒരു പുതിയ അവസ്ഥയിലേക്കു നയിക്കുമ്പോൾ ക്രിസ്തു നമ്മുടെ ഉള്ളിൽ വാഴുന്നു. നമ്മുടെ ഏറ്റവും ഉന്നതമായ താൽപര്യങ്ങളെല്ലാം സന്തോഷത്തോടെ ക്രിസ്തുവിനു കീഴ്പ്പെട്ടവയായിത്തീരുന്നു. അപ്പോൾ നമ്മുടെ മനസ്സിന്മേലുള്ള ലോകത്തിന്റെ ശക്തി തകർന്നുപോകുന്നു**

ഗ്രഹിക്കാതെ പോകരുത് .

**ലോകത്തിന്മേലുള്ള വിജയത്തെ സംബന്ധിച്ച് ചില വിലപ്പെട്ട സത്യങ്ങൾ**

നാം ക്രിസ്തുവിനെ വിശ്വാസത്താൽ നമ്മുടെ ഹൃദയത്തിലേക്കു സ്വീകരിച്ചുകഴിഞ്ഞാൽ പിന്നീട് ലോകത്തെ ജയിക്കാതിരിക്കുക അസാദ്ധ്യമാണ്. പുതിയജനനത്താൽ ക്രിസ്തു നമ്മിലേക്കു വന്ന് നമ്മെ ഒരു പുതിയ അവസ്ഥയിലേക്കു നയിക്കുമ്പോൾ ക്രിസ്തു നമ്മുടെ ഉള്ളിൽ വാഴുന്നു. നമ്മുടെ ഏറ്റവും ഉന്നതമായ താൽപര്യങ്ങളെല്ലാം സന്തോഷത്തോടെ ക്രിസ്തുവിനു കീഴ്പ്പെട്ടവയായിത്തീരുന്നു. അപ്പോൾ നമ്മുടെ മനസ്സിന്മേലുള്ള ലോകത്തിന്റെ ശക്തി തകർന്നുപോകുന്നു. ഒരു ആത്മാവിന്റെ ഏറ്റവും ഉന്നതമായ താൽപര്യങ്ങളെ സ്വായത്തമാക്കാതെ ക്രിസ്തുവിന് ഒരാത്മാവിലും വസിക്കാൻ സാദ്ധ്യമല്ല. ഇതു തീർച്ചയായും ലോകത്തിന്മേൽ വിജയം നേടുന്നതിനു തുല്യമാണ്.

പതിവായി ലോകത്തെ ജയിക്കാത്ത ഒരുവൻ ദൈവത്തിൽ നിന്നു ജനിച്ചവനല്ല. യഥാർത്ഥക്രിസ്ത്യാനിയെ പാപം ചിലപ്പോൾ കീഴടക്കുകയില്ല എന്നല്ല ഞാൻ പറയുന്നത്. ലോകത്തെ ജയിക്കുക എന്നത് പൊതുനിയമമാണ്. പാപത്തിൽ വീണുപോകുക എന്നത് ആ പൊതുനിയമത്തിന്റെ ഒരപവാദം മാത്രം. നമ്മുടെ പാഠഭാഗത്തിന്റെയും ബൈബിളിലുള്ള തുല്യപ്രസ്താവനകളുടെയും ഏറ്റവും കുറഞ്ഞ അർത്ഥം ഇതാണ്: ഉദാഹരണമായി 1 യോഹ 3: 9 നോക്കുക. "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്യാൻ കഴിയുകയുമില്ല." പാപം ചെയ്യുന്നത് അവന്റെ പതിവായിത്തീരുന്നില്ല. അവൻ ചിലപ്പോൾ പാപം ചെയ്താൽ തന്നെ അതു സാധാരണ ജീവിതരീതിയിൽ നിന്നു വ്യത്യസ്തമായ ഒരു കാര്യം മാത്രമാണ് എന്നതാണതിന്റെ അർത്ഥം. സാധാരണമായി സത്യം സംസാരിക്കുന്ന ഒരുവനെ നാം നുണയനായി വ്യവഹരിക്കാത്തതുപോലെയാണിത്.

നമ്മുടെ പാഠഭാഗത്തെപ്പറ്റിയോ 1 യോഹ 3:9-നെപ്പറ്റിയോ ഇതിൽ അധികമായി പറയുവാൻ ഞാൻ ഒരുമ്പെടുന്നില്ല. എന്നാൽ ഇത്രയും പറയാം. ഈ വാക്യങ്ങളിൽപ്പറയുന്ന പുതുജനനം പ്രാപിച്ച വ്യക്തികൾ സാമാന്യേന ലോകത്തെ ജയിക്കുന്നവരാണ്. ഇവർ പാപം ചെയ്യുന്നില്ല. സാത്താന്റെ അടിമത്തത്തിൽ കഴിയുന്നുമില്ല. കുറഞ്ഞപക്ഷം അവരുടെ സാമാന്യസ്വഭാവം ദൈവവചനത്തിൽ പറയുന്നതുപോലെയാണ്. ലോകത്തെ ജയിക്കാത്ത ഒരു മതാനുഭവംകൊണ്ട് എന്തു പ്രയോജനം? ലോകം പിന്നെയും നമ്മുടെ ഹൃദയത്തിൽ വാഴുന്നപക്ഷം അത്തരമൊരു മതബോധത്തിലേക്കു പിറക്കുന്നതുകൊണ്ട് എന്താണൊരു മേന്മ? ദൈവസ്വഭാവത്തോടു നമ്മെ അനുരൂപരാക്കിത്തീർക്കാതെയും ദൈവകുടുംബത്തോടും ദൈവരാജ്യത്തോടുമുള്ള സാദൃശ്യം നമുക്കു നൽകാതെയും ലോകത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കാതെയും ഉള്ള ഒരു പുതുജനനം നമുക്കെന്തു മെച്ചമാണ് നൽകുന്നത്? അത്തരമൊരു മതത്തിൽ വെറുമൊരു പേരിൽക്കവിഞ്ഞ് എന്താണുള്ളത്? അത്തരമൊരു മതബോധം ലോകമയത്വം, ജഢികത്വം, സ്വാർത്ഥത എന്നിവയിൽത്തന്നെ ഒരുവനെ വിറ്റുകളയുന്നതല്ലാതെ അവന്റെ ഹൃദയത്തെ സ്വർഗ്ഗാനുഭവത്തിനായി ഒരുക്കുന്നത് എങ്ങനെ?

(തുടരും)

മൊഴിമാറ്റം:
ഏബ്രഹാം വർഗീസ്, മുംബൈ





ചിന്തയ്ക്ക്

# ക്രിസ്തുവിന്റെ ശിഷ്യന്മാർ

ഏലിയാസ് ആസ്‌ലാക്സൻ

**തി**രുവചനത്തിൽ ശിഷ്യൻ എന്ന പദം വരുന്ന ഭാഗങ്ങൾ ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സുവിശേഷം പ്രസംഗിക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം വ്യക്തികളേ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാകാൻ ക്ഷണിക്കുകയും അതിനു താത്പര്യമുള്ളവരെ ശിഷ്യന്മാർ ആക്കുകയുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവരെ വിദ്യാർത്ഥികളാക്കുക. ഇതാണ് പരമപ്രധാനമായ കാര്യം എന്ന് നാം ഗ്രഹിച്ചെങ്കിൽ!

യേശുവിന്റെ പാഠശാലയിൽ അവന്റെ കീഴിലുള്ള അഭ്യസനത്തിനുള്ള വ്യവസ്ഥകൾ സുവ്യക്തമായ ഭാഷയിൽ ലൂക്കോസ് 14-ന്റെ 25, 26, 27, 33 എന്നീ വാക്യങ്ങളിൽ നമുക്കു കാണാം. ഒരുവൻ സ്വന്തജീവനെയും തനിക്കുള്ളതൊക്കെയും വിട്ടുകളയുന്നില്ലെങ്കിൽ യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല എന്ന വസ്തുത മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്നു. തന്റെ ദിവ്യപാഠശാലയിൽ മറ്റാരേയും യേശു പ്രവേശിപ്പിക്കുകയില്ല.

ഈ പാഠശാലയിൽ നാം എന്താണു പഠിക്കുന്നത്? തന്റെ ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തത്തിലേക്ക്, ആന്തരികമായ രൂപാന്തരത്തിലൂടെ, വളർന്ന് യേശുവിനെപ്പോലെ ആകുവാനാണ് നാം പഠിക്കുന്നത്. കറയും ചുളുക്കവും ഇല്ലാതെ, എല്ലാ സാഹചര്യങ്ങളിലും ദൈവത്തിൽ വിശ്രമിക്കുവാനും, എല്ലായ്പ്പോഴും എല്ലാ വിധത്തിലുമുള്ള പാപങ്ങളുടെമേലും ജയാളികളാകുവാനും ക്രിസ്തുവിന്റെ സമ്പൂർണ്ണതയുടെ അളവായ തികഞ്ഞ പുരുഷത്വത്തിലേക്കു വളരുവാനുമാണ് ഈ അഭ്യസനം. അതേസമയം ദൈവിക ശുശ്രൂഷയിൽ തികഞ്ഞവരായിത്തീരാനും എല്ലാറ്റിലും ജ്ഞാനത്തോടെ പ്രവർത്തിക്കാനും നാം അഭ്യസിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായി, ഈ ഭൂമിയിലെ ജീവിതത്തിൽവച്ചു തന്നെ നാം ആന്തരികമായി പുതിയ സൃഷ്ടികളായിത്തീരുകയാണ്.

സാധാരണ നിലയിൽ ക്രിസ്ത്യാനി എന്നു പേരുള്ളവർ ഈ കാര്യം വിശ്വസിക്കുന്നേ ഇല്ല! പുതിയ നിയമത്തിൽ ശിഷ്യത്വത്തേപ്പോലെ പ്രധാനപ്പെട്ട ഒരു വിഷയം ഇല്ലെന്നുള്ള സത്യം കാണാൻ കഴിയാതെ അവർ അത്രയ്ക്ക് അന്ധരായിത്തീർന്നിരിക്കുന്നു. ഇതു വളരെ വലിയ അന്ധത തന്നേ! യേശുവിന്റെ വാക്കുകൾ വ്യക്തമായിരിക്കെത്തന്നെ, ഇത്ര അത്ഭുതകരവും തേജസ്സുള്ളതുമായ ഒരു രക്ഷയ്ക്ക് പങ്കാളികളാകുക അസാദ്ധ്യമാണെന്ന കാര്യം അവർ ഉറപ്പായി വിശ്വസിക്കുന്നു. "വിശ്വസിക്കുന്നവനു സകലവും സാധ്യമാണ്" എന്നാണ് യേശു പറഞ്ഞത്. യേശുവിന്റെ, മുകളിൽ ഉദ്ധരിച്ച വാക്കുകളും മറ്റനേകം തിരുവചന സത്യങ്ങളും അവർ തള്ളിക്കളയുന്നു. എന്നിട്ടും അവർ പ്രസംഗിക്കുന്ന സുവിശേഷം "പൂർണ്ണസുവിശേഷം" എന്നു കരുതുന്നു. എത്ര വിചിത്രമായ കാര്യം!

ലൂക്കോസ് 14-ൽ പറയുന്ന യേശുവിന്റെ വാക്കുകൾ പ്രകാരം സ്വന്ത

ജീവനേയും തനിക്കുള്ളതിനെ ഒക്കെയും ഒരുവൻ വിട്ടുകളയുന്നില്ലെങ്കിൽ, സാദ്ധ്യമാണെന്ന് യേശു പറഞ്ഞ കാര്യങ്ങൾ ഒക്കെയും, സാദ്ധ്യമല്ലാതായിത്തീരും. അവരുടെ അവിശ്വാസത്തിന്റെ ന്യായയുക്തമായ ഫലം! വിശ്വസിക്കുന്നവരും അവിശ്വസിക്കുന്നവരും തിരുവചനം സത്യം തന്നെ എന്നു തെളിയിച്ചുകൊണ്ടിരിക്കുന്നു!!

എല്ലാം വിട്ടുകളയുവാൻ- ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ പാലിക്കുവാൻ - അസാദ്ധ്യമാണെന്നാണ് നിങ്ങൾ വിശ്വസിക്കുന്നതെങ്കിൽ ലജ്ജാകരമായ ഒരു തെറ്റാണു നിങ്ങൾക്കു സംഭവിച്ചിരിക്കുന്നത്. അതേ, അതു തികച്ചും ലജ്ജാകരം തന്നെ! എല്ലാം വിട്ടുകളയുന്ന കാര്യം അസാദ്ധ്യമായിരുന്നെങ്കിൽ യേശുവിന് ഒരൊറ്റ ശിഷ്യൻപോലും ഉണ്ടാവുകയില്ലായിരുന്നു!

അന്ത്യോക്യയിൽവച്ചു ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേരു കിട്ടി (അപ്പോ. 11:26). സകലവും വിട്ടുപിരിയാത്തവരും എന്നാൽ യേശുവിന്റെ ക്രൂശുമരണത്തിലും ഉയിർത്തെഴുന്നേല്പിലും വിശ്വസിച്ചവരുമായ എല്ലാവരും അല്ല, മറിച്ച് യേശുവിന്റെ ശിഷ്യരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ എന്ന കാര്യം വ്യക്തമത്രേ. യോഹന്നാൻ 8:31-ൽ യേശു പറയുന്നു:- "എന്റെ വചനത്തിൽ നിലനിന്നാൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരാകും." ഈ വ്യവസ്ഥ നിറവേറപ്പെടുന്നില്ലെങ്കിൽ നിങ്ങൾ യഥാർത്ഥ ക്രിസ്ത്യാനികളോ, ശിഷ്യരോ അല്ല. മത്തായി 28:19 ലേ കല്പന "ഭൂലോകത്തിലൊക്കെയും പോയി സകല ജാതികളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക" എന്നതാണ്. ഈ കാര്യമാണ് എല്ലാറ്റിന്റെയും കാതൽ. മറ്റെല്ലാം ക്രിസ്ത്യാനി അല്ലെങ്കിൽ ശിഷ്യൻ ആകുന്നതിന്റെ പ്രാരംഭപടികൾ മാത്ര

> **ലോകത്തിലെ പതിനായിരക്കണക്കിനു വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും പണത്തിലും പണത്തിനു വാങ്ങാൻ കഴിയുന്ന കാര്യങ്ങളിലും, മനുഷ്യരുടെ മുമ്പാകെയുള്ള മാനത്തിലും, പൊതുവേ പറഞ്ഞാൽ സ്വന്ത ഇഷ്ടം ചെയ്യുന്നതിലും ആണ് താത്പര്യം. യേശുവിൽനിന്നും പഠിക്കുന്നതിലോ അവനെപ്പോലെ ആകുന്നതിലോ അല്ല അവരുടെ പ്രധാന ശ്രദ്ധ. ശിഷ്യത്വത്തിന്റെ സന്ദേശം പ്രസംഗിക്കപ്പെടുകയോ വിശ്വസിക്കപ്പെടുകയോ ചെയ്യാത്തതിനാൽ ഇങ്ങനെ സംഭവിക്കുന്നതു തികച്ചും സ്വാഭാവികം തന്നെ.**

മാണ്.

അപ്പോ. 6:1-ൽ കാണുന്നത് "അക്കാലത്തു ശിഷ്യന്മാരുടെ എണ്ണം പെരുകിവന്നപ്പോൾ ....." എന്നാണ്. മാനസാന്തരപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചു എന്നല്ല, എല്ലാം ഉപേക്ഷിപ്പാൻ തയ്യാറുള്ള ശിഷ്യത്വത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ എണ്ണം പെരുകി എന്നാണ് മനസ്സിലാകുന്നത്. നിർണ്ണായകമായ വിഷയം ഈ ശിഷ്യത്വത്തിലേക്കുള്ള വഴിയായിരുന്നു. സുവിശേഷസന്ദേശത്തിന്റെ ലക്ഷ്യവും ഇതുതന്നേ ആയിരുന്നു.

പ്രവൃത്തികൾ 14:21-ൽ കാണുന്നത് "ആ പട്ടണത്തിലും സുവിശേഷം അറിയിച്ചു പലരേയും ശിഷ്യരാക്കിയ ശേഷം ......." എന്നാണ്. ക്രിസ്ത്യാനിത്വത്തിന്റെ അന്തഃസത്ത എന്താണെന്നു വീണ്ടും ഇവിടെ കാണാം. യഥാർത്ഥ ശിഷ്യരെ സൃഷ്ടിക്കാത്തതൊന്നും യഥാർത്ഥക്രിസ്ത്യാനിത്വമല്ല. യഥാർത്ഥ ശിഷ്യർ ഉണ്ടാകുമ്പോൾ മാത്രമാണ്





പൂർണ്ണസുവിശേഷവും യഥാർത്ഥ ക്രിസ്തീയമാർഗവും കാണാൻ കഴിയുന്നത്. സാധാരണ പ്രസംഗിക്കപ്പെടുന്ന സുവിശേഷത്തിൽ ചില കാര്യങ്ങൾ വിട്ടുപോയി എന്നല്ല, പിന്നെയോ പ്രാഥമിക ഘടകം നഷ്ടമായിരിക്കുന്നു എന്നാണു നാം ഗ്രഹിക്കേണ്ടത്. ഈ പ്രാഥമികകാര്യം (ശിഷ്യത്വം) പ്രസംഗിക്കപ്പെടാത്തിടത്തോളം കാലം, പാപവും സ്വയജീവനും വളരെയധികം മറഞ്ഞിരിക്കയും, മറിച്ചൊരു ജീവിതം സാദ്ധ്യമാണെന്ന് വിശ്വസിക്കാൻ പോലും കേൾവിക്കാർക്കു കഴിയാതിരിക്കയും ചെയ്യുന്നു. 'ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചുപോന്നു' എന്ന് പ്രവൃത്തി 14:22 - ൽ കാണാം. എല്ലാ കാര്യങ്ങളും ശിഷ്യന്മാരെ കേന്ദ്രീകരിച്ചാണ് ഇരിക്കുന്നത്. 'എന്നാൽ ചിലർ കഠിനപ്പെട്ട് അനുസരിക്കാതെ പുരുഷാരത്തിന്റെ മുമ്പാകെ ഈ മാർഗത്തേ ദുഷിച്ചപ്പോൾ അവൻ അവരെ വിട്ടു ശിഷ്യന്മാരെ വേർതിരിച്ചു' (പ്രവൃത്തി 19:9).

നമ്മുടെ തലമുറയിലേ ഭൂരിപക്ഷം വിശ്വാസികളും പുതിയനിയമത്തിന്റെ പ്രാഥമിക സന്ദേശം ചെവിക്കൊള്ളാൻ കഴിയാതവണ്ണം കഠിനഹൃദയരായിരിക്കയാണ്. ജീവദായകമായ നിർമ്മല സത്യങ്ങളേ നഖശിഖാന്തം എതിർക്കുവാൻ തക്കവണ്ണം ഈ കാഠിന്യം അത്രയ്ക്ക് വലുതായിരിക്കുന്നു. പ്രവൃത്തി 9:36-ൽ തബീഥയേയും ശിഷ്യ എന്നു വിളിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പരീശന്മാർക്കും ശിഷ്യന്മാർ ഉണ്ടായിരുന്നു (മത്തായി 22:15, 16). ദൈവഭക്തിക്ക്, ഉള്ളിൽ സ്ഥാനമില്ലാതെ ഭക്തിയുടെ വേഷം ധരിച്ച കപടഭക്തരാകാനുള്ള അഭ്യസനമാണ് അവർക്ക് ലഭിച്ചിരുന്നത്. അഭിനേതാക്കളാകാൻ ശിക്ഷണം ലഭിച്ച അനേക പരീശ ശിഷ്യന്മാർ നമ്മുടെ കാലഘട്ടത്തിലും ഉണ്ട്. ദൈവത്തെ സ്നേഹിക്കുന്നു എന്ന് നടിക്കുന്നെങ്കിലും അവരുടെ പ്രവൃത്തി ശരിയല്ലെന്ന് അത് തെളിയിക്കുന്നു.

എന്നാൽ യേശു നമ്മെ ക്ഷണിക്കുന്നതു തികച്ചും വ്യത്യസ്തമായ ഒരു കാര്യത്തിനാണ്. 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്നോടു പഠിപ്പിൻ' എന്നാണ് അവൻ പറയുന്നത് (മത്താ. 11:29).

ലോകത്തിലെ പതിനായിരക്കണക്കിനു വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും പണത്തിലും പണത്തിനു വാങ്ങാൻ കഴിയുന്ന കാര്യങ്ങളിലും, മനുഷ്യരുടെ മുമ്പാകെയുള്ള മാനത്തിലും, പൊതുവേ പറഞ്ഞാൽ സ്വന്ത ഇഷ്ടം ചെയ്യുന്നതിലും ആണ് താത്പര്യം. യേശുവിൽനിന്നും പഠിക്കുന്നതിലോ അവനെപ്പോലെ ആകുന്നതിലോ അല്ല അവരുടെ പ്രധാന ശ്രദ്ധ. ശിഷ്യത്വത്തിന്റെ സന്ദേശം പ്രസംഗിക്കപ്പെടുകയോ വിശ്വസിക്കപ്പെടുകയോ ചെയ്യാത്തതിനാൽ ഇങ്ങനെ സംഭവിക്കുന്നതു തികച്ചും സ്വാഭാവികം തന്നെ. പരാജയത്തിലേ കലാശിക്കൂ എന്ന് ഉറപ്പുള്ള ഒരു കാര്യത്തിനായി പരിശ്രമിക്കാൻ ആർക്കാണു വലിയ താത്പര്യം ഉണ്ടാകുന്നത്?

ഈ ലോകജീവിതത്തിൽ യേശുവിൽനിന്നു തന്റെ ശിഷ്യന്മാർക്കു പഠിക്കാൻ കഴിയുന്ന മഹത്വകരമായ കാര്യങ്ങൾക്കു പരിധിയില്ല എന്നതാണു സത്യം. കർത്താവിന് ഇന്നും എന്നേക്കും മഹത്വം ഉണ്ടാകട്ടെ!

ഈ അന്ത്യനാളുകളിലും, ദൈവഭയമില്ലാത്ത, ലൗകികരും കപടഭക്തരുമായ തലമുറയുടെ നടുവിൽ, ശിഷ്യന്മാരുടെ എണ്ണം ക്രമമായി വർദ്ധിച്ചുവരുന്നു എന്നതിന് അത്യുന്നതനായ ദൈവത്തിനു സ്തോത്രം ചെയ്യാം.

# ബൈബിളിലൂടെ

സാക് പുന്നൻ

## മത്തായി എഴുതിയ സുവിശേഷം

(തുടർച്ച)

### രണ്ടാം അധ്യായം

രണ്ടാം അദ്ധ്യാത്തിൽ യേശു ജനിച്ചപ്പോൾ അവിടുത്തെ കാണുവാനായി വന്ന വിദ്വാൻമാരെ കുറിച്ച് നാം വായിക്കുന്നു. അവർക്ക് സംഭവിച്ച ഒരു പിശക് നമ്മുടെ പ്രബോധനത്തിനായി അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. എത്ര വലിയ ജ്ഞാനികൾക്കും ഇടയ്ക്ക് തെറ്റുകൾ പറ്റും. അവർ ഭോഷത്തം പ്രവർത്തിക്കും. തങ്ങൾ പിന്നിട്ടു വന്ന 100 കണക്കിനു മൈലുകൾ അവർ നക്ഷത്രത്തെ അനുഗമിക്കുകയും യെരുശലേമിൽ എത്തുകയും ചെയ്തു. ആ നക്ഷത്രം നമ്മെ യേശുവിങ്കലേക്ക് നയിക്കുന്ന ദൈവവചനത്തിന്റെ പ്രതിരൂപമാണ്. ഒരിക്കൽ അവർ യെരുശലേമിൽ എത്തിയതോടെ ഭോഷത്തം പ്രവർത്തിക്കാൻ ആരംഭിച്ചു. യെഹൂദന്മാരുടെ രാജാവ് രാജകൊട്ടാരത്തിൽ ആയിരിക്കും ജനിക്കുക എന്ന മുൻവിധിയോടെ അവർ നക്ഷത്രത്തെ പിൻതുടരുന്നത് മതിയാക്കി ഹെരോദാവിന്റെ കൊട്ടാരത്തിലേക്കു പോയി. എന്നാൽ ഇപ്രകാരം ഒരു രാജാവ് ജനനം കൊണ്ട വിവരം കൊട്ടാരത്തിൽ ഉള്ളവർ അറിഞ്ഞിരുന്നില്ല. അതുകൊണ്ട് അവർക്ക് പുറത്തുവന്ന് വീണ്ടും നക്ഷത്രത്തെ തന്നെ പിന്തുടരേണ്ടിവന്നു (1:10).

നക്ഷത്രം അവരെ കൊണ്ട് എത്തിച്ചത് ഒരു കൊട്ടാരത്തിലല്ല മറിച്ച് ഒരു കുടിലിൽ ആണ്. എന്നാൽ രാജാവ് അവിടെ ഉണ്ടായിരുന്നു. അതുപൊലെ നിങ്ങളും ദൈവവചനത്തെ പിൻതുടർന്നാൽ അത് നിങ്ങളെ യേശുവിന്റെ അടുക്കൽ എത്തിക്കും. ഇന്നും യേശു ഉള്ള ഒരു സഭയിലേക്ക് നിങ്ങളെകൊണ്ടുപോകാൻ ദൈവത്തിന് കഴിയും. ഉയരമുള്ളതും ശക്തവും കൊട്ടാര സദൃശവും ആയ ഇടങ്ങളിൽ നിങ്ങൾക്ക് അവനെ കണ്ടെത്താൻ കഴിഞ്ഞെന്ന് വരില്ല. തന്നെ ഹൃദയപൂർവ്വം സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവർ കൂടുന്ന എളിയ കൂട്ടങ്ങളിൽ ആയിരിക്കും നിങ്ങൾ അവനെ കണ്ടെത്തുക.

തങ്ങളുടെ ഒരൊറ്റ പിശകുകൊണ്ട് ആ വിദ്വാന്മാർ എത്ര വലിയ നാശമാണ് ആളുകൾക്ക് വരുത്തിയതെന്ന് നാം ശ്രദ്ധിക്കുക. മറ്റൊരു രാജാവ് ജനിച്ചു എന്നറിഞ്ഞ ഹെരോദാവ് ബേത്ത്ലെഹേമിലേക്ക് പട്ടാളത്തെ അയച്ച് രണ്ടു വയസ്സിൽ താഴെ പ്രായമുള്ള 100 കണക്കിന് കുഞ്ഞുങ്ങളെ കൂട്ടക്കൊല ചെയ്തു. ദൈവവചനത്തെ അനുസരിക്കാതെ നാം ചെയ്യുന്ന ഓരോ ഭോഷത്തവും ഇതു പോലെ മററുള്ളവർക്കു വലിയ നാശം വരുത്തുവാൻ ഇടയുണ്ട്.

ഹെരോദാവിന്റെ അടുക്കൽ പോകാതെ മറ്റൊരു വഴിയേ മടങ്ങിപ്പോകുവാൻ ഒരു ദൈവദൂതൻ സ്വപ്നത്തിൽ വിദ്വാൻമാരോട് കല്പിച്ചു. ഈ തവണ അവർ ദൂതനെ അനുസരിച്ചു. അതുപോലെ തന്നെ ഈജിപ്തിലേക്ക് പോകുവാനും പിന്നീട് മടങ്ങിവരുവാനും സ്വപ്നം മുഖാന്തരം ദൈവം യോസേഫിനോടു കല്പിക്കുന്നു. പുതിയ നിയമത്തിന്റെ ഈ ആദ്യ രണ്ട് അദ്ധ്യായങ്ങളിൽ സ്വപ്നം മുഖാന്തരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പല തവണ ആവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നും ഈ മാർഗ്ഗത്തിലൂടെ ദൈവം മാർഗ്ഗനിർദ്ദേശം നല്കുന്നുണ്ട്.





നക്ഷത്രം അവരെ കൊണ്ട് എത്തിച്ചത് ഒരു കൊട്ടാരത്തിലല്ല മറിച്ച് ഒരു കുടിലിൽ ആണ്.അതുപൊലെ നിങ്ങളും ദൈവവചനത്തെ പിൻതുടർന്നാൽ അത് നിങ്ങളെ യേശുവിന്റെ അടുക്കൽ എത്തിക്കും.



### മൂന്നാം അധ്യായം

മൂന്നാം അദ്ധ്യായത്തിൽ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെക്കുറിച്ച് നാം വായിക്കുന്നു. A.D. 1611 -ൽ ബൈബിളിന്റെ കിംഗ് ജയിംസ് ഭാഷാന്തരത്തിന്റെ വിവർത്തകരാണ് ആദ്യമായി ഇംഗ്ലീഷ്ഭാഷയിൽ "ബാപ്റ്റിസം" എന്ന പദം കൊണ്ടുവന്നത്. ഇംഗ്ലണ്ടിലെ ജയിംസ് രാജാവ് ബൈബിളിന്റെ ഈ വിവർത്തനത്തിനായി ഉദ്യമിച്ചപ്പോൾ വിവർത്തകർക്കു മുമ്പിൽ ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി എന്ന് ചരിത്രകാരന്മാർ പറയുന്നു. അതിൽ ഒന്ന് നിലവിലുള്ള സഭാ പാരമ്പര്യത്തെ ഹനിക്കുന്ന ഒന്നും തന്നെ ഉണ്ടാവരുത് എന്നായിരുന്നു. അന്നത്തെ ആംഗ്ലിക്കൻ സഭകളിൽ നവജാതശിശുക്കളെ വെള്ളം തളിച്ചായിരുന്നു ക്രിസ്ത്യാനികൾ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്നുത്. അങ്ങനെ വിവർത്തകർക്ക് ഇവിടെ 3-ാം അദ്ധ്യാത്തിൽ എത്തിയപ്പോൾ "ബാപ്റ്റിസോ" എന്ന ഗ്രീക്ക് പദവുമായി ബന്ധപ്പെട്ട ഒരു ബുദ്ധിമുട്ട് ഉണ്ടായി. ആ ഗ്രീക്ക് പദം യഥാതഥമായി വിവർത്തനം ചെയ്താൽ "മുക്കുക" എന്ന് വിവർത്തനം ചെയ്യേണ്ടി വരും. അങ്ങനെ അവർ സത്യസന്ധമായി വിവർത്തനം ചെയ്തിരുന്നു എങ്കിൽ ഇന്ന് നാം ബാപ്റ്റിസത്തെ കുറിച്ചും ബാപ്റ്റിസ്റ്റുകളെ കുറിച്ചും കേൾക്കുക പോലും ചെയ്യുകയില്ലായിരുന്നു. അങ്ങനെ സത്യസന്ധമായി വിവർത്തനം ചെയ്താൽ സഭയുടെ നിലവിലുള്ള "തളിക്കൽ" ആചാരത്തിന്

ഉടവു തട്ടുമെന്ന് മനസ്സിലാക്കിയും രാജാവ് തങ്ങളെ ശിരഛേദം ചെയ്യുമെന്നു ഭയപ്പെട്ടും വളരെ സമർത്ഥമായി ഇംഗ്ലീഷ് ഭാഷയ്ക്ക് "ബാപ്റ്റിസം" എന്നൊരു പുതിയ പദം സമ്മാനിക്കുവാൻ അവർ തീരുമാനിച്ചു. ഇന്ത്യൻ ഭാഷയിലെ "ധോബി", "സാഹിബ്" എന്നീ പദങ്ങൾ ആംഗലേയവൽക്കരിച്ചതുപൊലെ അക്കാലത്തെ സാധാരണക്കാരായ ആളുകൾ ഈ പുതിയ വിവർത്തനം വായിച്ചപ്പോൾ "ബാപ്റ്റിസം" എന്ന ഈ പുതിയ പദത്തിന്റെ അർത്ഥം എന്തെന്ന് മനസ്സിലായില്ല. തങ്ങളുടെ പുരോഹിതന്മാർ നവജാതശിശുക്കളുടെ മേൽ നടത്തുന്ന 'തളിക്കൽ' കർമ്മത്തിന്റെ പേരായി അവർ അതിനെ മനസ്സിലാക്കി. അങ്ങനെ "ബാപ്റ്റിസം" എന്നാൽ "തളിക്കൽ" എന്ന ജ്ഞാനസ്നാന കർമ്മമായി അറിയപ്പെട്ടു.

ആ വിവർത്തനം വ്യത്യസ്തമായിരുന്നു എങ്കിൽ യോഹന്നാന്റെ പേരിന് ഒപ്പമുള്ള വിശേഷണം സ്നാപകൻ എന്നതിന് പകരം മറ്റൊന്ന് ആകുമായിരുന്നു. എന്നാൽ പ്രസ്തുത ഗ്രീക്ക് പദത്തിന്റെ ശരിയായ വിവർത്തനം ഉള്ള ഒരു ബൈബിളുപോലും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ അങ്ങനെ ചെയ്താൽ ശിശുസ്നാനം അംഗീകരിച്ച ഭൂരിപക്ഷം ക്രൈസ്തവരും അതിനെ സ്വീകരിക്കാൻ മടിച്ചെന്നു വരാം. അതുകൊണ്ട് ഇന്നു നാം കാണുന്ന ബൈബിൾ വിവർത്തനങ്ങളെ ഒക്കെ സ്വാധീനിച്ചിരിക്കുന്ന ഒരു പ്രധാന ഘടകം സത്യത്തെക്കാൾ ഉപരി സാമ്പത്തിക വശമാണ്.

യേശു യോഹന്നാന്റെ അടുത്തേക്ക് സ്നാനത്തിനായി കടന്നു വരുമ്പോൾ യോഹന്നാൻ ഇങ്ങനെ പറഞ്ഞു. "ഞാൻ നിന്നെ സ്നാനപ്പെടുത്തിക്കൂടാ നിന്നാൽ സ്നാനമേൽക്കുവാൻ എനിക്ക് ആവശ്യം." യഥാർത്ഥത്തിൽ യേശുവിന് സ്നാനം ആവശ്യമായിരുന്നില്ല. കാരണം തങ്ങളുടെ പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെട്ടവർക്ക് ആയിരുന്നു യോഹന്നാൻ സ്നാനം നൽകിയിരുന്നത്. യേശു ബോധപൂർവ്വമോ അല്ലാതെയോ, ഒരിക്കൽപോലും പാപം ചെയ്തിരുന്നില്ല. യേശു ജനിച്ചതു തന്നെ വിശുദ്ധനായിട്ടായിരുന്നു. നമ്മെപ്പോലെ പാപ പ്രകൃതിയിൽ ആയിരുന്നില്ല. എന്നിട്ടും സ്നാനം ഏൽക്കുവാൻ നിന്നിരുന്നവരുടെ കൂട്ടത്തിൽ എന്തുകൊണ്ടാണ് യേശുവും നില ഉറപ്പിച്ചത്. മറ്റ് ഏതൊരു യെഹൂദമരപ്പണിക്കാരനേയും പോലെയായിരുന്നു വേഷത്തിലും ഭാവത്തിലും യേശു അവിടെ നിന്നിരുന്നത്. യോഹന്നാൻ അല്ലാതെ മറ്റ് ആരും യേശുവിനെ തിരിച്ചറിഞ്ഞതുമില്ല.

ആ സമയം യേശുവിന്റെ മനസ്സിൽ പല ചിന്തകളും കടന്നു വന്നെന്നിരിക്കാം. "പല പാപങ്ങളും ചെയ്തശേഷം ഇപ്പോൾ മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കുവാൻ വന്നതാണെന്ന് ആളുകൾ കരുതിയേക്കാം. അത് തന്റെ സാക്ഷ്യത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്."ഇങ്ങനെ പലതും. എന്നാൽ അത്തരം ചിന്തകളൊന്നും യേശുവിനെ പിൻതിരിച്ചില്ല. ഇവിടെയായിരിക്കുന്ന പാപികളോട് അനുരൂപപ്പെടുവാനും സ്നാനം ഏൽക്കുന്ന അവരുടെ കൂട്ടത്തിൽ എണ്ണപ്പെടുവാനും തന്നോട് കല്പിച്ച പിതാവിന്റെ ശബ്ദത്തെ അനുസരിപ്പാനായിരുന്നു യേശുവിന്റെ താത്പര്യം. അതുകൊണ്ട് ഒരിക്കലും പാപം ചെയ്യാതിരുന്നിട്ടു കൂടി പിതാവിനെ അനുസരിക്കുവാൻ അവിടുന്നു തയ്യാറായി.

പാപികളോട് ഒപ്പം നിൽക്കുവാൻ നമുക്ക് താത്പര്യമില്ല. പാപത്തിൽ ജീവിക്കുന്നവരെ നമ്മെക്കാൾ താഴ്ന്നവരായി കാണുവാനാണ് നമ്മുടെ താത്പര്യം. അതുകൊണ്ട് തന്നെ നമ്മുടെ ശുശ്രൂഷയ്ക്ക് ആഴം ഉണ്ടാകു





ന്നില്ല. എന്നാൽ യേശു പാപികളോട് പൂർണ്ണമായും അനുരൂപപ്പെട്ടു. തന്നിൽ പാപത്തിന്റെ ഒരു കണികപോലും ഇല്ലാതിരുന്നിട്ടുകൂടി ഈ മാതൃക പിൻപറ്റുവാൻ തക്കവണ്ണം നമുക്ക് അധികം താഴ്മ ഉണ്ടാകേണ്ടിയിരിക്കുന്നു. നാം ആരെക്കാളും മെച്ചപ്പെട്ടവരല്ല. അതിനപ്പുറമായ ഒരു ചിന്ത നമ്മെ ഭരിക്കുന്നു എങ്കിൽ ദൈവം നമ്മോട് കരുണ കാണിക്കട്ടെ.

യേശു യോഹന്നാനോട് പറഞ്ഞു നീ എന്നെ സ്നാനപ്പെടുത്തിയേ മതിയാവൂ. എനിക്ക് അങ്ങനെ മാത്രമേ നീതി നിറവേറ്റുവാൻ കഴിയൂ. യേശുവിനെ സംബന്ധിച്ച് നീതിയെന്നത് തന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നതായിരുന്നു.

**നാലാം അദ്ധ്യായം**

മത്തായി എഴുതിയ സുവിശേഷം നാലാം അധ്യായത്തിന്റെ 1 മുതൽ 11 വരെ വാക്യങ്ങളിൽ യേശുവിന്റെ പരീക്ഷകളെക്കുറിച്ച് നാം വായിക്കുന്നു. എബ്രായർ 4:15-ൽ "യേശു സകലത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടു. എങ്കിലും പാപം ചെയ്തില്ല." കൗശലക്കാരായ ചില ക്രിസ്ത്യാനികൾ ഈ പ്രസ്താവനയെ കുറിച്ച് യേശുവിന് പാപം ചെയ്യുവാൻ കഴിയുമായിരുന്നോ അതോ യേശുവിന് പാപം ചെയ്യുവാൻ അസാദ്ധ്യമായിരുന്നോ എന്നൊക്കെയുള്ള ചോദ്യങ്ങളിലൂടെ അപഗ്രഥിക്കുവാനും, കുഴയ്ക്കുവാനും വിരുത് കാട്ടിയിട്ടുണ്ട്. ചിലർ പറയുന്നു യേശുവിന് പാപം ചെയ്യുവാൻ സാദ്ധ്യമായിരുന്നില്ല എന്ന്. മറ്റു ചിലർ പറയുന്നു പാപം ചെയ്യാതിരിക്കുവാനുള്ള കഴിവായിരുന്നു യേശുവിൽ ഉണ്ടായിരുന്നത് എന്ന്. ഇത്തരം സംവാദങ്ങളിൽ ഒന്നും നമുക്ക് ഇടപെടേണ്ടതില്ല. സാധാരണക്കാരായ ആളുകളുടെ മനഃശാസ്ത്രം വളരെ സങ്കീർണ്ണവും വിഷമകരവുമാണ്. അങ്ങനെയെങ്കിൽ

**പാപികളോട് ഒപ്പം നിൽക്കുവാൻ നമുക്ക് താത്പര്യമില്ല. പാപത്തിൽ ജീവിക്കുന്നവരെ നമ്മെക്കാൾ താഴ്ന്നവരായി കാണുവാനാണ് നമ്മുടെ താത്പര്യം. അതുകൊണ്ട് തന്നെ നമ്മുടെ ശുശ്രൂഷയ്ക്ക് ആഴം ഉണ്ടാകുന്നില്ല. എന്നാൽ യേശു പാപികളോട് പൂർണ്ണമായും അനുരൂപപ്പെട്ടു. തന്നിൽ പാപത്തിന്റെ ഒരു കണികപോലും ഇല്ലാതിരുന്നിട്ടുകൂടി ഈ മാതൃക പിൻപറ്റുവാൻ തക്കവണ്ണം നമുക്ക് അധികം താഴ്മ ഉണ്ടാകേണ്ടിയിരിക്കുന്നു.**

യേശുവിന്റെ മനസ്സിനെ എങ്ങനെയാണ് നമുക്ക് അപഗ്രഥിക്കാൻ കഴുയുക? യേശു നമ്മെപ്പോലെ പരീക്ഷിതൻ ആയെന്നും അവിടുന്നു പാപം ഒന്നും ചെയ്തില്ലെന്നും മാത്രം നാം അറിഞ്ഞിരുന്നാൽ മതി. അതിൽ അവിടുന്നു നമുക്കൊരു മാതൃകയായിരുന്നു. അവിടുന്നു ദൈവം ആയിരുന്നു എന്നും ഭൂമിയിൽ മനുഷ്യനായി അവതരിച്ചു ജീവിച്ച കാലത്തൊന്നും ദൈവികമായ ശക്തികൾ താൻ ഉപയോഗിച്ചിരുന്നല്ലെന്നും നാം അറിയുന്നു. ദൈവത്തെ പരീക്ഷിക്കുക സാദ്ധ്യമല്ല; എന്നാൽ യേശു പരീക്ഷിതനായി. യേശു എന്നെപ്പോലെതന്നെ പരീക്ഷിതനായി എന്നും എന്നാൽ പാപം ചെയ്തില്ലയെന്നും ബൈബിൾ പറയുന്നത് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. എന്റെ പരീക്ഷകളെ എനിക്ക് അതിജീവിക്കുവാൻ കഴിയും എന്ന പ്രത്യാശ എനിക്കു നൽകുന്നത് ഈ വിശ്വാസമാണ്.(വെളിപ്പാട് 3:21). നാൽപതു ദിവസം യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു. (ലൂക്കോ.4:2). ഈ നാല്പതു ദിവസവും അവിടുന്നു പിശാചിനെ

എതിർത്തുകൊണ്ടിരുന്നു. ഇവിടെ നാം വായിക്കുന്നത് ഒടുവിലത്തെ മൂന്നു പരീക്ഷകൾ മാത്രമാണ്. “ഇങ്ങനെ എഴുതിയിരിക്കുന്നു” എന്നു പറഞ്ഞു കൊണ്ട് ആത്മാവിന്റെ വാളുമായി യേശു ഓരോ പരീക്ഷയേയും നേരിട്ടു ജയിച്ചു. പിശാചും ദൈവത്തിന്റെ വചനത്തിൽനിന്നുള്ള ഉദ്ധരണികളുമായിട്ടാണ് യേശുവിനെ നേരിട്ടത്. “അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ അതുകൊണ്ട് നീ ദേവാലയ ഗോപുരത്തിൽനിന്ന് താഴേക്കു ചാടുക”(4:6). അതിനു യേശു ഇങ്ങനെ മറുപടി പറഞ്ഞു “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്'' എന്നുംകൂടെ എഴുതിയിരിക്കുന്നു(4:7). ഒരു വചനത്തിൽത്തന്നെ സത്യത്തിന്റെ പൂർണ്ണത ലഭിക്കണമെന്നില്ല. മറ്റൊരു വചനവുമായി സന്തുലനം ചെയ്യുമ്പോൾ മാത്രമേ സത്യം പ്രകാശിപ്പിക്കപ്പെടുകയുള്ളു. യേശുവിനെ പാപത്തിലേക്കു പ്രേരിപ്പിക്കുവാൻ തിരുവെഴുത്തുകളെ ഉദ്ധരിച്ചുകൊണ്ട് പിശാച് ശ്രമിച്ചെങ്കിൽ തിരുവെഴുത്തുകളിൽകൂടെ നിങ്ങളെയും തെറ്റിക്കുവാൻ അവൻ ശ്രമിക്കും. നിങ്ങൾക്കും തിരുവെഴുത്തു നന്നായി അറിഞ്ഞുകൂടായെങ്കിൽ നിങ്ങളും വഴിതെറ്റിക്കപ്പെടും. പിശാച് തന്റെ നേരേ കൊണ്ടുവന്ന ഓരോ പരീക്ഷയേയും നേരിടുവാനായി യേശുവിന് എപ്പോഴും ഒരു വചനം ഉണ്ടായിരുന്നു. യേശു അഭിമുഖീകരിച്ച ഓരോ പരീക്ഷയുടെയും ഉള്ളടക്കം എന്തെന്നു നാം അറിയുന്നത് പരീക്ഷകളെ നേരിടുമ്പോൾ നമുക്കു സഹായകരമാകും.

**1.സ്വാർത്ഥത**(4:1-4) സ്വന്തം വിശപ്പിനുവേണ്ടി കല്ലിനെ അപ്പമാക്കുക.

(a) നിങ്ങളുടെ ആത്മികആവശ്യങ്ങളെക്കാൾ ഭൗതികആവശ്യങ്ങൾക്കു പ്രാധാന്യം കൽപിക്കുക. യേശു മറുപടി നൽകിയപ്പോൾ മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽകൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു എന്നു പറഞ്ഞു.

(b) നമ്മുടെ വ്യക്തിപരവും ഭൗതികവുമായ നേട്ടത്തിനുവേണ്ടി ദൈവം തന്ന ശക്തിയെ വിനിയോഗിക്കുക. യേശു അങ്ങനെ ചെയ്യുന്നതു നിരസിച്ചു. എന്നാൽ യേശു മറ്റാളുകൾക്കുവേണ്ടി അപ്പം വർദ്ധിപ്പിക്കുവാൻ ആ ശക്തി ഉപയോഗിക്കുന്നതായി നാം കണ്ടെത്തുന്നു. അയ്യായിരം പുരുഷന്മാർക്ക് യേശു അപ്പം ഭാഗിച്ചുകൊടുക്കുന്നത് ശ്രദ്ധിക്കുക. എന്നാൽ യേശു ഒരിക്കലും തനിക്കുവേണ്ടിത്തന്നെ അങ്ങനെ ചെയ്തില്ല. ധാരാളം ദൈവദാസന്മാർ ഈ പരീക്ഷയിൽ വീണതായി നാം കണ്ടെത്തുന്നു. അവർ തങ്ങളുടെ സ്വാർത്ഥമായ ധനലാഭത്തിനുവേണ്ടി ദൈവം നൽകിയിരിക്കുന്ന വരങ്ങളെ ഉപയോഗിക്കുന്നതായി നാം കാണുന്നു.

**2.ഔദ്ധത്യം:** (4:5-7) ദേവാലയഗോപുരത്തിൽനിന്ന് എടുത്തുചാടുകയും ദൈവത്തിന്റെ വാഗ്ദാനത്തെ അഭയം പ്രാപിക്കുകയും ചെയ്യുക.

(a)ദൈവം പറഞ്ഞിട്ടില്ലാത്ത നിലപാടുകൾ എടുക്കുകയും ദൈവത്തിന്റെ വാഗ്ദാനങ്ങളെ അവകാശപ്പെടുകയം ചെയ്ത് അതിക്രമം കാണിക്കുക. യേശു മറുപടിയായി നാം സാഹസങ്ങൾ കാട്ടി ദൈവത്തെ പരീക്ഷിച്ചുകൂടാ എന്നു പറയുന്നു. ചില ക്രിസ്ത്യാനികൾ തങ്ങളുടെ രോഗാവസ്ഥയിൽ ഭോഷത്തമായ നിലപാടുകൾ സ്വീകരിക്കുകയും മരുന്ന് ഉപയോഗിക്കാതിരിക്കയും ചെയ്യുന്നു. എന്നിട്ട് ദൈവം തങ്ങൾക്ക് അത്ഭുതകരമായ സൗഖ്യം നൽകുമെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്നു. ഇതു വിശ്വാസമല്ല, ഔദ്ധത്യമാണ്. അത് ആത്മഹത്യാപരമാണ്. മരുന്നുകളും ദൈവ





ത്തിന്റെ ദാനമാണ്. അവയെ നാം ഉപയോഗിക്കേണ്ടിയിരിക്കുന്നു. ദേവാലയഗോപുരത്തിൽ നാം നിൽക്കുന്ന പടി ഇടിഞ്ഞു താഴേക്കു വീഴുകയാണെങ്കിൽ ദൈവത്തിന്റെ വാഗ്ദാനം നമുക്ക് ഉപയോഗിക്കാം. അതേ സമയം നാം എടുത്തുചാടുകയാണെങ്കിൽ ദൈവം ഒരിക്കലും നമ്മെ സംരക്ഷിക്കുകയില്ല. മരുന്നുകൾ കിട്ടാത്ത ഒരു പ്രദേശത്ത് നാം ആയിരിക്കുന്നു എങ്കിൽ മരുന്നുകൂടാതെ നമ്മെ സൗഖ്യമാക്കുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. ഔഷധങ്ങൾ ലഭ്യമായിരിക്കുന്ന ഒരിടത്ത് അങ്ങനെ പ്രാർത്ഥിക്കുന്നത് ഔദ്ധത്യമാണ്.

(b) നിങ്ങൾ ഒരു ദൈവപുരുഷനാണെന്നു മറ്റുള്ളവരെ കാണിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യുക. മനുഷ്യമാനം ലഭിക്കാനുള്ള ഒരു പരീക്ഷ. യേശു മനുഷ്യരുടെ മാനത്തിനുവേണ്ടി അത്ഭുതകരമായി എന്തെങ്കിലും ചെയ്യുവാൻഒരിക്കലും ആഗ്രഹിച്ചില്ല.

**3. അനുരഞ്ജനപ്പെടുക** (4:8-10) സാത്താനെ നമസ്കരിക്കുന്നതിലൂടെ ലോകത്തെയും അതിന്റെ മഹത്വത്തെയും നേടുക.

(a) തെറ്റായ വഴിയിലൂടെ ശരിയായ ഒരു കാര്യം നേടുക. നൈതികമല്ലാത്ത കുറുക്കുവഴിയിലൂടെ നേട്ടം ഉണ്ടാക്കുക. നീതിപൂർവ്വമല്ലാത്ത ഏതു പ്രവൃത്തിയും സാത്താനെ നമസ്കരിക്കുകയാണ്. യേശു ക്രൂശിന്റെയും സഹിഷ്ണുതയുടെയുമായ നീണ്ട ക്ലേശകരമായ പാത തിരഞ്ഞെടുക്കുകയും എല്ലാ കുറുക്കുവഴികളെയും ത്യജിക്കുകയും ചെയ്തു.

(b) ഈ ലോകം നൽകുന്ന മഹത്വങ്ങളുടെയും നേട്ടങ്ങളുടെയും പിന്നാലെ പോകുക. ഈ ലോകം(സമൂഹമോ സമുദായമോ സഭയോ) നൽകുന്ന ധനം മാനം, സ്ഥാനം, അധികാരം ഇവ. യേശു പറഞ്ഞു സാത്താനെയോ അവൻ നൽകുന്ന യാതൊന്നിനെയോ ആരാധിക്കാൻ പാടില്ല. ദൈവം മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. അധികം ക്രിസ്തീയവേലക്കാരും വിശാലമായ ശുശ്രൂഷകളെ ആഗ്രഹിച്ചുകൊണ്ട് ആളുകളെ പ്രസാദിപ്പിക്കാൻ വേണ്ടി തങ്ങൾ ഉപദേശിക്കയും പ്രസംഗിക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് നിശ്ശബ്ദത പാലിക്കുന്നു. അവർക്കു ധാരാളം ശുശ്രൂഷകൾ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ അവർ പിശാചിനെ തങ്ങളുടെ മനോഭാവത്തിലൂടെയും പ്രവൃത്തിയിലൂടെയും നമസ്കരിക്കുന്നു. പിശാച് യേശുവിന്റെ അടുത്തു വന്നതുപോലെ ഇത്തരം വഴികളിലൂടെയെല്ലാം നമ്മുടെ അടുത്തേക്കും വരുന്നു. യേശു ദൈവത്തിന്റെ വചനത്താൽ അവനെ ഓടിച്ചതുപോലെ നമുക്കും അവനെ അകറ്റുവാൻ കഴിയും.

**യേശു പറഞ്ഞു സാത്താനെയോ അവൻ നൽകുന്ന യാതൊന്നിനെയോ ആരാധിക്കാൻ പാടില്ല. ദൈവം മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. അധികം ക്രിസ്തീയ വേലക്കാരും വിശാലമായ ശുശ്രൂഷകളെ ആഗ്രഹിച്ചു കൊണ്ട് ആളുകളെ പ്രസാദിപ്പിക്കാൻ വേണ്ടി തങ്ങൾ ഉപദേശിക്കയും പ്രസംഗിക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് നിശ്ശബ്ദത പാലിക്കുന്നു. അവർക്കു ധാരാളം ശുശ്രൂഷകൾ ലഭിക്കുകയും ചെയ്യുന്നു.**

(തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം–22

പരിശുദ്ധാത്മസ്നാനം എപ്പോഴും ഒരു കുട്ടിയെ ലഹരിമരുന്നിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുമെന്നല്ല ഞങ്ങൾ കണ്ടെത്തിയത്. മറിച്ച് അതിനുനേരെ എതിരായ ഒരു കാര്യമാണ്. പരിശുദ്ധാത്മസ്നാനം അവനെ 'തടവിലാക്കും.'

ഒരേ സമയം ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ഏറ്റവും നിരാശാജനകവും ഉത്സാഹജനകവുമായ ഫലം ഇതായിരുന്നു. ഹീറോയിനിന്റെ പിടിയിൽനിന്ന് പരിശുദ്ധാത്മസ്നാനം എപ്പോഴും പൂർണമായി കുട്ടികളെ സ്വതന്ത്രരാക്കുമെന്നു തുടക്കത്തിൽ ഞങ്ങൾ കരുതി.

ഈ പ്രതീക്ഷയ്ക്ക് നല്ല ഒരു അടിസ്ഥാനം ഉണ്ടായിരുന്നു. ആത്മസ്നാനവും ലഹരിമരുന്നിന്റെ അടിമത്തത്തിൽനിന്നു മോചിതനാകുന്നതും തമ്മിൽ നല്ല ബന്ധമുണ്ടെന്നു കണ്ടെത്തിക്കഴിഞ്ഞപ്പോൾ യുവാക്കളായ ഞങ്ങളുടെ ലഹരിമരുന്ന് അടിമകളെ ഈ അനുഭവത്തിലേക്കു നടത്താൻ ഞങ്ങൾ അങ്ങേയറ്റം ഉത്സാഹിച്ചു.

മാരിജൂവാന ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു കുട്ടിയിലാണ് തുടക്കത്തിൽ ഞങ്ങൾ ശ്രദ്ധാപൂർവം ഈ കാര്യം പരീക്ഷിച്ചത്. ലൂയിസ്, മാരിജൂവാന പുകയ്ക്കുന്നവനായിരുന്നു. അവനു പരിശുദ്ധാത്മസ്നാനം ലഭ്യമായി. അവന്റെ മാനസിക അടിമത്തം അവനെ പൂർണമായും വിട്ടുപോയി.

ഇതിൽ ഉത്സാഹഭരിതരായി. കൂടുതൽ പ്രയാസമുള്ള ഒരു പരീക്ഷണത്തിനു ഞങ്ങൾ മുതിർന്നു. മനസ്സും ശരീരവും ഒരുപോലെ ഹീറോയിന് അറിയറവെച്ച റോബർട്ടോ എന്ന കുട്ടിയിൽ ഇതെങ്ങനെ ഫലിക്കും? അവന് എന്ത് സംഭവിക്കും? റോബർട്ടോയെ ഞങ്ങൾ അതീവജാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആത്മസ്നാനം ലഭിച്ച ഇവൻ പിന്നേയും ലഹരിമരുന്നിലേക്കു വഴുതിവീഴുന്നുണ്ടോ? പക്ഷേ ഓരോ ദിവസവും അവൻ സെന്ററിലേക്കു തിളങ്ങുന്ന കണ്ണുകളോടും വർദ്ധിച്ച പ്രത്യാശയോടും കൂടെ വന്നുകൊണ്ടിരുന്നു. "ഡേവിഡ്, ഞാൻ അതിന്റെ മുകളിലെത്തിയെന്നു കരുതുന്നു, എനിക്ക് ഉപയോഗിക്കാൻ ഒരു ആയുധം കൈവശമുണ്ട്. ഞാൻ മറ്റു കുട്ടികളും ഒത്ത് ഇവിടെ വരുന്നത് പ്രാർത്ഥിക്കാനാണ്–'' റോബർട്ടോയുടെ വാക്കുകൾ.

ഇടയ്ക്കിടെ നടത്തിയ ഇത്തരം പരീക്ഷണങ്ങളുടെ ഫലങ്ങളെല്ലാം ആശാവഹമായിരുന്നു. ഹാർവിയെ ഞങ്ങളുടെ അടുത്തേക്ക് കോടതിയാണ് അയച്ചത്. മൂന്നുവർഷമായി ഹീറോയിനിന്റെ അടിമയായിരുന്നു അവൻ. എന്നാൽ പരിശുദ്ധാത്മസ്നാനത്തിനുശേഷം അവൻ അതിൽനിന്നു വിജയകരമായി പിന്മാറി. ലെഫ്റ്റി രണ്ടു വർഷമായി ലഹരിമരുന്നു കുത്തിവച്ചി





രുന്നവനാണ്. ആത്മസ്നാനത്തിന് ശേഷം അവൻ ആ ശീലം പൂർണമായി ഉപേക്ഷിച്ചെന്നു മാത്രമല്ല അവൻ ക്രിസ്തീയ ശുശ്രൂഷയ്ക്കായി വേർതിരിയുകയും ചെയ്തു. ആത്മസ്നാനാനുഭവം ഉണ്ടാകുന്നുതുവരെ രണ്ടു വർഷം നിരന്തരമായി ഹീറോയിൻ ഉപയോഗിച്ചിരുന്നവനായിരുന്നു വിൻസന്റ്. പക്ഷേ അതിനുശേഷം അവൻ പൊടുന്നനെ ആ ശീലം നിർത്തി. റൂബന് നാലുവർഷമായി ഈ ദുശ്ശീലം ഉണ്ടായിരുന്നു. അതു പൂർണമായി ഉപേക്ഷിക്കാനുള്ള ശക്തി ആത്മസ്നാനസമയത്ത് അവനു ലഭ്യമായി. പന്ത്രണ്ടു വയസ്സുള്ളപ്പോൾ ലഹരിമരുന്ന് ഉപയോഗിക്കാൻ തുടങ്ങിയതാണ് എഡ്ഡി. പതിനഞ്ചു വർഷത്തിനു ശേഷവും അവൻ അതിൽത്തന്നെ തുടർന്നു. നിരന്തരമായ ഈ ഉപയോഗം ഏറെക്കുറെ അവനെ മരണത്തിന്റെ വക്കോളം എത്തിച്ചു. എന്നാൽ പരിശുദ്ധാത്മസ്നാനം ഈ ശീലത്തിൽ നിന്ന് അവനെ വിമോചിപ്പിച്ചു.

ഇവരുടെ അനുഭവങ്ങളെല്ലാം എന്നെ അങ്ങേയറ്റം ആവേശഭരിതനാക്കി. അതുകൊണ്ട് ഇതു സംബന്ധിച്ചു ചില അവകാശ വാദങ്ങളുന്നയിക്കാൻ എനിക്കു കഴിയുമോ എന്ന കാര്യം ഞാൻ വൈദ്യശാസ്ത്രരംഗത്തെ അധികൃതരോടു ചോദിച്ചു. അവർ ചില കാര്യങ്ങൾ തുറന്നു പറഞ്ഞു: "അഞ്ചു വർഷമെങ്കിലും പിന്നീടു ലഹരിമരുന്ന് ഉപയോഗിക്കാതിരുന്നാൽ മാത്രമേ ഒരുവൻ ആ ശീലത്തിൽനിന്നു വിമുക്തനായി എന്നു ലെക്സിങ്ടണിൽ കണക്കാക്കുകയുള്ളൂ. നിങ്ങളുടെ കുട്ടികൾ മോചിതരായിട്ട് എത്രനാളായി?"

"അധികനാളായിട്ടില്ല"

"ചില ദിവസങ്ങൾ മാത്രം?"

''ഓ, അല്ല. അവർ മാസങ്ങൾ തന്നെ പിന്നിട്ടു. ചിലരുടെ കാര്യത്തിലാകട്ടെ ഒരു വർഷത്തിലേറെയുമായി"

"കൊള്ളാം. അതുതന്നെ ഉത്സാഹജനകമാണ്. കൂടുതൽ കാര്യങ്ങൾ പറയൂ. നിങ്ങളുടെ ഈ സ്നാനത്തെക്കുറിച്ചു കൂടുതൽ അറിയാൻ എനിക്കു താൽപര്യമുണ്ട്."

ഈ സംസാരത്തിന്റെ ഒടുവിലായി എനിക്കു കിട്ടിയ മുന്നറിയിപ്പ് ഇങ്ങനെ: ലഹരിമരുന്നിന്റെ അടിമയെ രക്ഷപ്പെടുത്തുക സാധാരണഗതിയിൽ അസാധ്യമാണ്. അതുകൊണ്ടുതന്നെ മോചനം നേടി എന്നു കരുതുന്നവർ വീണ്ടും അതിൽ വീണുപോകുന്നുണ്ടോ എന്നു ജാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ടിരിക്കണം.'' മാത്രമല്ല, ഇതിലെ ഏറ്റവും പരിതാപകരമായ കാര്യം ഒരു കുട്ടി വീണുപോയാൽ അവൻ വീഴുന്നതു കൂടുതൽ ആഴത്തിലേക്കായിരിക്കും എന്നതാണ്. രണ്ടുവട്ടമാണ് നേരത്തെ ദിവസവും ലഹരി ഉപയോഗിച്ചിരുന്നതെങ്കിൽ അതു മൂന്നു തവണയാകും. മൂന്നായിരുന്നെങ്കിൽ അത് അഞ്ചാകും. ഓരോ വീഴ്ചയ്ക്കുശേഷവും സ്ഥിതി കൂടുതൽ വഷളാകും."

തുടർന്ന് ഞങ്ങളുടെ ഒരു കുട്ടി വീണുപോയി, പരിശുദ്ധാത്മ സ്നാനത്തിനുശേഷവും ആത്മാവിനെ പ്രാപിക്കുക എന്നതിനപ്പുറത്ത് ആത്മാവിൽ ജീവിക്കുന്നതെങ്ങനെയെന്ന് അവൻ പഠിച്ചിരുന്നില്ല.

മാരിജൂവാന രണ്ടു വർഷവും ഹീറോയിൻ മൂന്നു വർഷവും ഉപയോഗിച്ചിരുന്നവനാണ് റാൽഫ്. ഈ ശീലത്തിൽനിന്ന് രക്ഷപ്പെടാനാവാതെ അവൻ കഴിയുകയായിരുന്നു. എന്നാൽ ഇതിൽനിന്നു മോചനം നേടാൻ പല വട്ടം അവൻ ശ്രമിച്ചിട്ടുണ്ട്. ഞരമ്പിലേക്ക് നേരിട്ട് ഹീറോയിൻ കുത്തിവയ്ക്കുന്ന തന്റെ സംഘത്തിൽ നിന്നു രക്ഷപ്പെടാൻ അവൻ യത്നിച്ചു. പക്ഷേ ഓരോ തവണയും അവൻ പരാജയപ്പെട്ടു. ഇതിൽനിന്നു മോചനത്തിന് ഒരു വഴിയേ ഉള്ളുവെന്നു റാൽഫ് കരുതി. ഏതെങ്കിലും ഇരുണ്ട രാത്രിയിൽ ഒരു ഡോസ് മരുന്ന് കിട്ടാ

നായി ദാഹിച്ച് എന്തും ചെയ്തു പോകുമെന്ന സ്ഥിതിയിൽ എത്തിച്ചേരുമ്പോൾ മറ്റൊരു ജീവൻ എടുത്തുപോകുന്നതിനു മുൻപ് സ്വന്തം ജീവിതം അവസാനിപ്പിക്കുക. ഒടുവിൽ ആ രാത്രി വന്നു. റാൽഫ് ഒരു വലിയ കെട്ടിടത്തിന്റെ മട്ടുപ്പാവിൽ കയറി. അതിന്റെ അഗ്രത്ത് റാൽഫ് ചെന്നുനിന്നു: തല ആദ്യം റോഡിൽ അടിച്ചു വീഴത്തക്ക വിധം കുതിക്കുവാൻ തയ്യാറായാണ് നില്പ്. താഴെ റോഡിലെ നടപ്പാതയിലെ തിരക്കൊന്നൊഴിയുവാൻ കാത്തുനിൽക്കുകയായിരുന്നു അവൻ.

ആ നിർണായകനിമിഷത്തിൽ അവിടെ നില്ക്കുമ്പോൾ അവൻ ഒരു പാട്ടുകേട്ടു.

അതു ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരു സഭയുടെ മീറ്റിംഗിൽ നിന്ന് ഉയർന്ന സ്വരമായിരുന്നു. റാൽഫ് നിന്നതിന്റെ നേരെ എതിരേയുള്ള തെരുവിലായിരുന്നു മീറ്റിംഗ്. അവൻ തലയുയർത്തി വരികൾ ശ്രദ്ധിച്ചു: " അകലെയൊരു കുന്നിൻ മുകളിൽ നില്പൂ

ഒരു പഴയ കുരിശ്......."

റാൽഫ് കെട്ടിടത്തിന്റെ മുകളിൽനിന്നും ഇറങ്ങി. ബാക്കി വരികൾക്കു ചെവിയോർത്തുകൊണ്ട് അവൻ തെരിവു കുറുകെ കടന്നു. കെട്ടിടത്തിനു പുറത്തുള്ള ഒരു പോസ്റ്റർ അവനെ ഉള്ളിലേക്കു ക്ഷണിച്ചു. ലഹരിമരുന്നുകൾക്കും അധോലോക സംഘങ്ങൾക്കും അടിമപ്പെട്ട ബ്രൂക്ക്ലിൻ തെരുവിലെ കുട്ടികൾക്ക് ഇടയിൽ ദൈവം ചെയ്യുന്ന പ്രവൃത്തികളുടെ കഥകളാണിവിടെ വിവരിക്കുന്നതെന്നു പോസ്റ്ററിൽ കാണിച്ചിരുന്നു.

അവൻ ഉള്ളിലേക്കു ചെന്നു. അതിനു ശേഷം റാൽഫ് ഒരിക്കലും പഴയ ആളായിരുന്നില്ല. അവൻ തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. തുടർന്ന് അവനു പരിശുദ്ധാത്മസ്നാനം ലഭിച്ചു.

ഞങ്ങൾ റാൽഫിനെക്കുറിച്ചു വളരെ, വളരെ അഭിമാനിച്ചു. ഇപ്പോഴും ഞങ്ങൾക്ക് അഭിമാനമുണ്ട്. ഒരു വർഷത്തിലേറെ കാലം അവൻ കുത്തിവയ്പുകളോടു വിട പറഞ്ഞു. അവൻ ന്യൂയോർക്കുവിട്ടു കാലിഫോർണിയായിൽ താമസമാക്കി. അപ്പോഴെല്ലാം അവൻ ലഹരി തൊട്ടിട്ടേയില്ല. എന്നാൽ പിന്നീട് അവൻ കാലിഫോർണിയായിൽ നിന്നു ഞങ്ങളെ സന്ദർശിക്കാനെത്തി. പല ദിവസങ്ങളോളം അവന് ഒരു തകരാറും ഉണ്ടായിരുന്നില്ല. എന്നാൽ പഴയ അയൽപക്കങ്ങളിൽ ചെല്ലുമ്പോൾ അവനിൽ ഒരു വിഷാദം അടിഞ്ഞുകൂടുന്നതും ഞാൻ ശ്രദ്ധിച്ചിരുന്നു. പഴയ സുഹൃത്തുക്കൾ ലഹരിമരുന്ന് വീണ്ടും ഉപയോഗിക്കാൻ അവന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് എനിക്കു മനസ്സിലായി. റാൽഫ്, വീണ്ടും പ്രലോഭിതനായി. ഒടുവിൽ അവൻ വീണുപോയി. അവൻ അവരുമായി ബന്ധപ്പെട്ടു. അവരുടെ താവളത്തിൽ ചെന്ന് ഞരമ്പിലേക്കു സൂചി കുത്തിയിറക്കി.

ആത്മസ്നാനം ലഭിക്കുന്നതിനു മുൻപ് അഞ്ചുവട്ടം റാൽഫ് ലഹരിമരുന്നിൽ നിന്നു മോചിതനാകാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ വട്ടവും അവൻ വീണ്ടും ലഹരി മരുന്നിലേക്കു തിരിഞ്ഞപ്പോൾ കൂടുതൽ ഡോസ് ഉപയോഗിക്കേണ്ടി വന്നു. ഇപ്പോഴിതാ ഒരു വർഷം വിട്ടുനിന്നശേഷം അവൻ വീണ്ടും ലഹരി മരുന്നിലേക്കു തിരിഞ്ഞിരിക്കുന്നു....

പക്ഷേ ഇക്കുറി അസാധാരണമായ ഒരു കാര്യം നടന്നു. അവൻ കുത്തിവയ്പ് എടുത്തെങ്കിലും അത് അവന് ഏറ്റില്ല. അടുത്ത ദിവസം റാൽഫ് സെന്ററിൽ എത്തി എന്നെ കാണണമെന്ന് ആവശ്യപ്പെട്ടു. അവൻ എന്റെ ഓഫീസ് മുറിയിൽ വന്നപ്പോൾ പിന്നിൽ കതകുചാരി. അവൻ വീണ്ടും ലഹരിമരുന്നിലേക്ക് വീണുപോയെന്ന് ഞാൻ ഊഹിച്ചു.

“രസകരമായ ഒരു കാര്യം ഉണ്ടായി ഡേവ്:” ഒടുവിൽ എന്നോട് എല്ലാം





തുറന്നു പറയാനുള്ള ധൈര്യം കിട്ടിയപ്പോൾ അവൻ പറഞ്ഞു തുടങ്ങി: “കുത്തിവയ്പ് എടുത്തു കഴിഞ്ഞപ്പോൾ എനിക്ക് ഒന്നും സംഭവിച്ചില്ല. മുൻപ് അനുഭവപ്പെട്ടിരുന്നതൊന്നുംതന്നെ എനിക്കു തോന്നിയില്ല. മറ്റു പലതുമാണ് എനിക്കു തോന്നിയത്. അടുത്തുള്ള ദേവാലയത്തിലേക്ക് ഓടിച്ചെന്നു പ്രാർത്ഥിക്കുവാനുള്ള വാഞ്ഛ. ഞാൻ അതുതന്നെ ചെയ്തു. ഡേവി, ഇത്തവണ എനിക്കു ക്ഷമ കിട്ടി. പഴയതുപോലെ ആത്മനിന്ദയോ നിരാശയോ എനിക്കു തോന്നുന്നില്ല. കുഴപ്പത്തിൽനിന്നും കൂടുതൽ കുഴപ്പത്തിലേക്കു വീണ്ടും വീണുപോകുന്നതിനു പകരം ഇത്തവണ ആ പ്രലോഭനം തന്നെ അങ്ങുവെറുതെ ഇല്ലാതാവുകയാണ് ചെയ്തത്.”

തുടർന്നു സംസാരിക്കുമ്പോൾ റാൽഫിന്റെ കണ്ണുകൾ പ്രകാശിച്ചു: “ഡേവി, ഇതിനെക്കുറിച്ചു ഞാൻ ചിന്തിക്കുന്നതു പറയട്ടെ. ഞാൻ തടവിലാക്കപ്പെട്ടിരിക്കുന്നു. ശരിയാണ്. പക്ഷേ ഹീറോയിനല്ല എന്നെ തടവിലാക്കിയിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ തടവിലാണ് ഞാൻ. അവൻ എന്നിലുണ്ട്. ഞാൻ വിട്ടുപോകാൻ അവൻ സമ്മതിക്കുന്നില്ല.”

റാൽഫ് താഴ്മയോടെ ഞങ്ങളുടെ അടുത്തേക്കു മടങ്ങിവന്നു; പരിശുദ്ധാത്മസ്നാനം, തന്നെ ക്രിസ്തുവിന് ഒരു പ്രത്യേക നിലയിൽ പ്രിയപ്പെട്ടവനാക്കിയിരിക്കുന്നു എന്ന തിരിച്ചറിവോടെ. അവൻ ശ്രമിച്ചിട്ടും അവന് ക്രിസ്തുവിൽ നിന്നു വിട്ടുപോകുവാൻ കഴിയുന്നില്ല. ഇതേകാര്യം തന്നെ റോബർട്ടോയെ (15 വർഷം ലഹരി ഉപയോഗിച്ചിരുന്നവനാണ് ഇവനെന്ന് ഓർക്കണം) സംബന്ധിച്ചും ശരിയായിരുന്നു. റോബർട്ടോ കുറച്ചുനാളത്തേക്കു പിന്മാറിപ്പോയി. ലഹരിമരുന്നിൽ വീണ്ടും വീണുപോകാൻ അവനിടയായില്ല. സോണി കുറച്ചു കാലം പുറകോട്ടുപോയി. എന്നാൽ അവനും വലിയ വിശ്വാസതീവ്രതയോടെ മടങ്ങിവരികയും സെമിനാരിയിൽ പോകാനായി തീരുമാനിക്കുകയും ചെയ്തു.

ഇതെല്ലാറ്റിൽ നിന്നും ഞങ്ങൾ എന്തു നിഗമനത്തിലാണ് എത്തിച്ചേരുന്നത്?

തീർച്ചയായും ലഹരിമരുന്ന് അടിമത്തത്തിന് മാന്ത്രികമായ പരിഹാരം ഒന്നും ഇല്ല. ഇത്തരം എന്തെങ്കിലും അവകാശവാദം വ്യർത്ഥമാക്കിത്തീർക്കത്തക്കവിധം സൂചിയിൽ ഒളിച്ചിരിക്കുന്ന പിശാച് മാരകശക്തിയുള്ളവനാണ്. ഞങ്ങൾക്ക് ആകെ പറയുവാൻ കഴിയുന്ന കാര്യം ഇതാണ്. ലഹരിമരുന്നിനെക്കാൾ ശക്തമായി ഒരു കുട്ടിയെ പിടികൂടുന്ന ഒരു ശക്തി ഞങ്ങൾ കണ്ടെത്തി എന്നു മാത്രമാണ്. അതു പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. ലഹരിമരുന്നിൽ നിന്നു വ്യത്യസ്തമായി പരിശുദ്ധാത്മാവ് ആ കുട്ടികളെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് സ്വാധീനിച്ചത്.

ധീരമായ ഒരു പരീക്ഷണമെന്നു ഞങ്ങൾ കരുതിയ കാര്യത്തിന്റെ പ്രാഥമികമായ തലങ്ങളിൽ മാത്രമായിരുന്നു. അപ്പോഴും ഞങ്ങൾ നിന്നിരുന്നത്. ഈ ആത്മീയാനുഭവത്തിന് അസന്തുഷ്ടമായ ഒരു ജീവിതത്തിൽ ചെയ്യാൻ കഴിയുന്നതും കഴിയാത്തതുമായ കാര്യങ്ങളെക്കുറിച്ചു ഞങ്ങൾ കൂടുതൽ പഠിക്കേണ്ടിയിരിക്കുന്നു. ഓരോ ദിവസവും ഞങ്ങൾ പുതിയ കണ്ടെത്തലുകളാണു നടത്തിയിരുന്നത്. ഞങ്ങളുടെ ഭാഗം ഏറ്റവും ഫലപ്രദമായി ചെയ്യുന്നതെങ്ങനെ, നിലനിൽക്കുന്ന സൗഖ്യം ഉണ്ടാകുന്നവരുടെ ശതമാനം വർദ്ധിപ്പിക്കുന്നതെങ്ങനെ തുടങ്ങിയവയെക്കുറിച്ചു ഞങ്ങൾ ഓരോ ദിവസവും കൂടുതൽ പഠിക്കാൻ തുടങ്ങി.

ക്രിസ്തുവിന്റെ വാഗ്ദാനങ്ങളി

ലൊന്ന് അവിടുത്തെ ആത്മാവ് നമ്മെ സകലസത്യത്തിലേക്കും വഴി നടത്തും എന്നതാണല്ലോ. ഈ വാഗ്ദാനത്തിൽ ഞങ്ങൾ മുറുകെപ്പിടിച്ചു. ഒരു നാൾ അവിടുന്നു ഞങ്ങളെ ഇതിന്റെ പ്രമാണങ്ങളിലേക്കും രഹസ്യങ്ങളിലേക്കും വഴി നടത്തുമെന്നും അതിന്റെ പ്രയോജനം എവിടെവിടെ ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഒരു സിറിഞ്ചിനെയും വൃത്തികെട്ട ഒരു സൂചിയേയും ആശ്രയിക്കുന്നുവോ അവിടവിടെ എത്തിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുമെന്നും ഞങ്ങൾ വിശ്വസിച്ചു. ക്ലിന്റൻ അവന്യുവിൽ മാത്രമല്ല യു.എസിൽ ഉടനീളം.

ഒരു ദിവസം ഞാനും ലിൻഡായും ഞങ്ങളുടെ ഓഫീസ് മുറിയിലിരുന്ന് ഈ അനുഭവങ്ങളെല്ലാം ഞങ്ങളെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് അത്ഭുതപ്പെടുകയും ചർച്ചചെയ്യുകയുമായിരുന്നു. പക്ഷേ സംസാരത്തിലുടനീളം ഒരു പേരു കടന്നു വരാതിരിക്കാൻ ഞങ്ങൾ ബോധപൂർവം ശ്രമിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. അതു മറ്റാരുമല്ല മരിയയാണ്.

"മരിയയ്ക്ക് എപ്പോഴെങ്കിലും പരിശുദ്ധാത്മസ്നാനം പ്രാപിക്കാൻ കഴിയുമെന്നു വിചാരിക്കുന്നുണ്ടോ?'' ഞാൻ പെട്ടെന്നു ചോദിച്ചു. ഇതേ ചോദ്യം തന്നെ ലിൻഡായുടെ കണ്ണുകളിൽ ഞാനും കണ്ടു. മരിയയാണ് ഏറ്റവും പ്രയാസമുള്ള വ്യക്തി എന്നതിൽ ഞങ്ങൾ ഏകാഭിപ്രായക്കാരായിരുന്നു. വളരെ വർഷങ്ങളായി അവൾ ഹീറോയിനിന്റെ അടിമയാണ്. കഴിഞ്ഞ തവണ മരിയയെ കണ്ടപ്പോൾ ഇനി അവൾക്ക് അധികനാൾ ജീവിതമുണ്ടെന്ന് എനിക്കോ ലിൻഡായ്ക്കോ തോന്നിയില്ല. ഇപ്പോഴും ഇടയ്ക്കിടെ ഞാൻ ഉറക്കത്തിൽ അവളുടെ വീർത്ത കണ്ണുകളും ചുരുട്ടിയ മുഷ്ടികളും വീറയ്ക്കുന്ന ചുണ്ടുകളും സ്വപ്നത്തിൽ കാണാറുണ്ട്.

എന്നാൽ മരിയയുടെ ജീവിതത്തിൽ ഒരത്ഭുതം സംഭവിക്കാനായി പ്രാർത്ഥിക്കാമെന്നു ഞങ്ങൾ അന്യോന്യം സമ്മതിച്ചു. സെന്ററിൽ വച്ച് അവളെ പരിശുദ്ധാത്മസ്നാനത്തിലേക്കു നടത്തുന്നതിനെക്കുറിച്ചുള്ള സ്വപ്നം ഞങ്ങൾ താലോലിക്കാൻ തുടങ്ങി. പക്ഷേ ആ നിലയിലല്ല സംഭവിച്ചത്. വേനൽക്കാലത്തിൽ ഒരു ദിവസം ഞങ്ങൾക്ക് ഒരു ടെലിഫോൺ വന്നു. മരിയയായിരുന്നു അത്. റവ. ഓൾട്ടിസിന്റെ സഭയിലായിരുന്നു തദവസരത്തിൽ അവൾ

"റവ. വിൽക്കേഴ്സൺ": അവൾ ഏറെക്കുറെ ടെലിഫോണിലൂടെ നിലവിളിക്കുകയായിരുന്നു:" എനിക്ക് വളരെ അത്ഭുതകരമായ ഒരു വാർത്തയുണ്ട്. കഴിഞ്ഞ രാത്രി ഞാൻ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു." ആവേശംകൊണ്ട് അവൾക്കു സംസാരിക്കാൻ തന്നെ വയ്യായിരുന്നു. അതുകൊണ്ട് ഫോൺ റവ. ഓർട്ടിസിന്റെ കൈയിൽ കൊടുക്കുവാൻ ഞാൻ പറഞ്ഞു. അദ്ദേഹം അതു വിവരിച്ചപ്പോൾ എനിക്ക് ആ രംഗം മനക്കണ്ണിൽ കാണാമായിരുന്നു. പല അപ്പാർട്ടുമെന്റുകളുടെ ഇടയിലുള്ള ആ സ്വകാര്യവസതിയിലേക്ക് (അവിടെ ശബ്ദായമാനമായ പല മീറ്റിംഗുകളും അരങ്ങേറാറുണ്ട്) മരിയ നടന്നു ചെല്ലുന്നു. മറ്റു സ്പാനിഷ് സ്ത്രീപുരുഷന്മാർക്കിടയിലൂടെ അവൾ വഴികണ്ടെത്തി ഒഴിഞ്ഞ ഒരു മടക്കുകസേരയിൽ ചെന്നിരിക്കുന്നു. മരിയ പ്രസംഗം കേട്ടു. ഒടുവിൽ മുന്നോട്ടുവരുവാനുള്ള ആഹ്വാനം അനുസരിച്ച് അവൾ മുൻപിലേക്കു ചെല്ലുന്നു. അവളുടെ ശബ്ദംപോലും ഇപ്പോൾ എനിക്കു കേൾക്കാം. കഴിഞ്ഞ തവണ ഞങ്ങളെ സന്ദർശിച്ചപ്പോൾ ഞങ്ങളോടു സംസാരിച്ച അടഞ്ഞ ശബ്ദത്തിൽ





അവൾ ഇപ്പോൾ കർത്താവിനോട് തന്റെ മേൽ പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ യാചിക്കുകയാണ്.

അവൾ മുട്ടുകാലിൽ വീഴുന്നു. ഹൃദയത്തിൽ പ്രതീക്ഷയോടെ ആയിരിക്കുമ്പോൾ ചൂടുള്ള കരം അവളുടെ ശിരസ്സിന്മേൽ വയ്ക്കുന്നു. അപ്പോൾ മൃദുവായ, സംഗീതമധുരമായ അവൾക്കു മനസ്സിലാകാത്ത താളാത്മകമായ ഒരു ഭാഷ അവളുടെ തൊണ്ടയിൽ നിന്നു പുറപ്പെടുകയാണ്. പ്രാർത്ഥന കേട്ടു എന്നതിന്റെ മുദ്രയും അടയാളവുമാണത്. റവറന്റ് ഓർട്ടിസ് സന്തോഷവാനായിരുന്നു. "നമ്മളെല്ലാം ഇതിനുവേണ്ടി വളരെ, വളരെ നാൾ കാത്തിരുന്നു ഇല്ലേ?"

''അതേ. തീർച്ചയായും. ഇതു മറ്റൊരു വിജയമാണ്."

എന്നാൽ എനിക്ക് ഒരു രഹസ്യഭയമുണ്ടായിരുന്നു. മരിയയ്ക്ക് ഒരു വലിയ ദൗർബല്യമുള്ളത് എനിക്കറിയാം. അവൾക്കു ദേഷ്യം പിടിക്കുമ്പോൾ പ്രതികാരമായി അവൾ ലഹരിമരുന്നിലേക്കു മടങ്ങും. പല ലഹരി മരുന്ന് അടിമകളെ സംബന്ധിച്ചും ഇതു ശരിയാണ്. എന്നാൽ മരിയയുടെ കാര്യത്തിൽ എപ്പോഴും ഇതു സംഭവിക്കുന്നതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒരിക്കൽ, ഒരിക്കലെങ്കിലും കോപമെന്ന ഈ പ്രശ്നത്തെ അതിജീവിക്കാൻ കഴിഞ്ഞാൽ മരിയ രക്ഷപ്പെടും എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. അധികം താമസിയാതെ തന്നെ മരിയ ഇത്തരം ഒരു പരീക്ഷണത്തെ നേരിടേണ്ടിവന്നു.

ഒരു രാത്രി വൈകി മരിയ തന്റെ പഴയസ്ഥലമായ മാൻഹാട്ടനിൽ ബസിൽ വന്നിറങ്ങിയ തെരുവ് ഏറെക്കുറെ വിജനം. പെട്ടെന്ന് ഇരുട്ടിൽ നിന്നു മൂന്നു പെൺകുട്ടികൾ പ്രത്യക്ഷപ്പെട്ടു.

"ഹായ്, അവിടെ അതാ മരിയ"

മരിയ തിരിഞ്ഞു. തന്റെ പഴയ സംഘത്തിലെ അംഗങ്ങളാണ് അവർ മൂവരും എന്നവൾ തിരിച്ചറിഞ്ഞു. അവൾ ഊഷ്മളമായി അവരെ സ്വാഗതം ചെയ്തു. അവർക്കു പിന്നിൽ ഇരുളിൽ ഒരു ആൺകുട്ടിയുടെ രൂപവും അവൾ തിരിച്ചറിഞ്ഞു.

പെൺകുട്ടികളിൽ ഒരുവൾ ചോദിച്ചു: "മരിയ, നീ വിട്ടുപോയെന്നും നിനക്കിപ്പോൾ മതം കിട്ടിയെന്നും ഒക്കെ ഞങ്ങൾ കേട്ടു. ഉള്ളതാണോ?"

"ശരിയാണ്" മരിയയുടെ മറുപടി.

''കൊള്ളാം. അതു ഗംഭീരം. അപ്പോൾ നിനക്കിപ്പോൾ കിട്ടുന്ന പണമൊന്നും കുതിരപ്പുറത്തിടണ്ടാ. അങ്ങനെയെങ്കിൽ കയ്യിൽ സമ്പാദ്യം കുറച്ചൊന്നുമല്ലല്ലോടീ. മരിയ, നിന്റെ പഴയ ഒന്നോ രണ്ടോ കൂട്ടുകാർക്ക് ഒന്നോ രണ്ടോ ഡോളർ കടമായി തരാമോ?"

ആ പണം എന്തിനാണു ചെലവഴിക്കുകയെന്നു മരിയയ്ക്കു വ്യക്തമായി അറിയാം. ആ ഇരുണ്ട മുറിയിൽ പല വട്ടം താനും ഈ പെൺകുട്ടികളോടൊപ്പം കയ്യിൽ ഒരു ബെൽറ്റു ചുറ്റി ഞരമ്പു കണ്ടെത്തി ഒരു സിറിഞ്ചു നിറയെ ഹീറോയിൻ കുത്തികയറ്റിയിട്ടുണ്ടല്ലോ.

"ക്ഷമിക്കണേ" മരിയ പറഞ്ഞു: "നിങ്ങൾ ഉപയോഗിക്കാൻ പോകുന്നതിനുവേണ്ടി എന്റെ കയ്യിൽനിന്നു പണം കിട്ടുകയില്ല. എനിക്കറിയാം....."

അടി വരുന്നതു മരിയ കണ്ടില്ല. കരുത്തുള്ള ഒരു കൈ മരിയയുടെ അടിവയറ്റിൽ പതിച്ചു. മരിയ നിന്ന നിൽപിൽ മുന്നോട്ടു കൂനിപ്പോയി. തിരിച്ചടിക്കാനായിരുന്നു മരിയയുടെ ആദ്യ തോന്നൽ. ശക്തമായി തിരിച്ചടിക്കുന്ന ഒരാളെന്ന നിലയിൽ മരിയ ആ സ്ഥലത്തെല്ലാം കുപ്രസിദ്ധയായിരുന്നു താനും. പക്ഷേ അവൾ അതിനു മുതിർന്നില്ല. രണ്ടു കൈകളും ഇടുപ്പിൽ കുത്തി അവൾ നിവർന്ന് അചഞ്ചലയായി നിന്നു. ക്ലബ്ബിന്റെ പ്രസിഡന്റായി

തിരഞ്ഞെടുക്കുന്ന പരീക്ഷ അവൾ വിജയിച്ചത് ഈ നിലയിൽ അക്ഷോഭ്യയായി നിന്നാണ്. മരിയ അന്ന് എല്ലാ അടികളും ചാഞ്ചല്യമില്ലാതെ നേരിട്ടിരുന്നു.

പക്ഷേ അന്നും ഇന്നും തമ്മിൽ എന്തൊരു വ്യത്യാസം! ഇക്കുറി മരിയ പ്രാർത്ഥിച്ചുകൊണ്ടാണ് നിന്നത്.

തുടർന്ന് ഒരു വശത്ത് കത്തി തുളഞ്ഞു കയറുമ്പോഴും മരിയ പ്രാർത്ഥിച്ചു. കുഴഞ്ഞുവീണ അവളുടെ ദേഹത്ത് മൂന്നു പെൺകുട്ടികൾ ചാടിവീണ് പഴ്സ് തട്ടിയെടുത്ത് പൊട്ടിച്ചിരിച്ചുകൊണ്ട് ഇരുളിലേക്ക് ഓടിയകലുമ്പോഴും അവൾ പ്രാർത്ഥിക്കുകയായിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ വിജനമായ തെരുവിൽ മരിയ പതിയെ എഴുന്നേറ്റു. എങ്ങനെയാണവൾ വീടുപറ്റിയതെന്ന് അവൾക്കുതന്നെ അറിഞ്ഞുകൂടാ. രക്തത്തിൽ കുതിർന്ന വസ്ത്രങ്ങൾ മാറാൻ ജോണി അവളെ സഹായിച്ചു. ഇരുവരും ഒന്നിച്ചു മുറിവു പരിശോധിച്ചു. കത്തി മാംസം തുളച്ച് വാരിയെല്ലിന് അടുത്തുവരെ എത്തിയിരുന്നു. എന്നാൽ മുറിവ് അത്ര ആഴമുള്ളതായിരുന്നില്ല. മാരകമാണ് അതെന്ന് ജോണി കരുതിയില്ല.

ജോണിക്കു പേടിയുണ്ടായിരുന്നത് ഈ സംഭവത്തോടുള്ള മരിയയുടെ വികാരപരമായ പ്രതികരണത്തെക്കുറിച്ചായിരുന്നു. അവൾക്ക് ഇനി എന്തു സംഭവിക്കും? ലഹരി മരുന്നിൽ നിന്നു മോചിതയായി സാധാരണ ജീവിതത്തിന്റെ പാതയിലേക്കു വരുമ്പോൾ അവളെ ദേഷ്യം പിടിപ്പിക്കുന്ന എന്തെങ്കിലും സംഭവിക്കും. അതിനോടുള്ള പ്രതികരണമായി അവൾ വീണ്ടും ലഹരിമരുന്നിലേക്കു വീണുപോകും- തന്റെ ഭാര്യയുടെ സ്ഥിരം രീതി ഇതാണെന്നു ജോണി എത്രയോവട്ടം കണ്ടിട്ടുണ്ട്!

പക്ഷേ ആ രാത്രിയിൽ കുളിച്ച് മുറിവിൽ ബാൻഡേജു വച്ച് കിടന്നപ്പോൾ മരിയ ഒരു കൊച്ചു കുഞ്ഞിനെപ്പോലെ സമാധാനമായി ഉറങ്ങി.

ഈ സംഭവം എന്നിൽ വലിയ മതിപ്പുളവാക്കി. ചില ദിവസങ്ങൾക്കു ശേഷം മരിയ ഞങ്ങളുടെ സെന്റർ സന്ദർശിച്ചു. മുറിവുണങ്ങിയപ്പോൾ ഉണ്ടായ വടുവിന്റെ കറുത്തും നീലിച്ചതുമായ പാടുമായാണ് അവൾ ജീവിതകാലം മുഴുവൻ പിന്നീടു ചെലവിട്ടത്.

"അവരെന്നെ അല്പനേരത്തേക്കു കുഴപ്പിച്ചു കളഞ്ഞു റവറൻഡ് വിൽക്കേഴ്സൺ. പക്ഷേ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എല്ലാം നന്നായി വന്നു. പരിശുദ്ധാത്മാവ് എന്നോടൊപ്പം ഉണ്ടായിരുന്നു."

മരിയയ്ക്കുണ്ടായ മാറ്റത്തിൽ എന്നെപ്പോലെ തന്നെ അത്ഭുതപ്പെട്ടു പോയ ലിൻഡയുടെ നേരെ ഞാൻ പാളി നോക്കി. "അതാണു ഞങ്ങൾക്കറിയേണ്ടിയിരുന്ന കാര്യം" ഞാൻ ഉച്ചത്തിൽ പറഞ്ഞു.

വീണ്ടും കഴിഞ്ഞവട്ടം ഞാൻ മരിയയെക്കണ്ടപ്പോൾ അവളും കുടുംബവും പ്യൂർട്ടോറിക്കയിലേക്കു യാത്ര തിരിക്കുകയായിരുന്നു. ജോണി അഭിമാനത്തോടെ അവളുടെ കൂടെ നിൽക്കുന്നു. മരിയയുടെ മൂന്നു കൊച്ചുകുഞ്ഞുങ്ങൾ അമ്മയുടെ ഇസ്തിരിയിട്ട സ്കേർട്ടിന്റെ വശങ്ങളിൽ പിടിച്ച് നാണിച്ചുനില്കുന്നു. തങ്ങൾക്കു വിശ്വസിക്കാം എന്നവർക്കു തോന്നിത്തുടങ്ങിയ അമ്മയോടു ചേർന്നാണ് അവരുടെ നില്പ്. മരിയയുടെ മുടി കഴുകി ഷാംപൂ ചെയ്ത് ഭംഗിയായി സൂക്ഷിച്ചിരിക്കുന്നു. വെയിലേറ്റ് അതു തിളങ്ങുന്നു. കാലിലെ ഷൂസ് പുതുതാണ്. അവളുടെ കാലുകൾ (ഒരുപക്ഷേ ഒരു ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ടതല്ലേ ഇത്) ആകൃതിക്കൊത്തതും നന്നായി സൂക്ഷിച്ചിരിക്കുന്നതുമാണ്. കരങ്ങൾ (ഇതാണ് ഏറ്റവും പ്രസക്തമായ നിരീക്ഷണം) ഉൽക്കണ്ഠയുടെ സൂചനകളില്ലാതെ





## എഡിറ്റോറിയൽ......... തുടർച്ച

നിർവ്വചിച്ചിരിക്കുന്നത്: 'അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു.' ഈ ലക്ഷ്യത്തിലേക്കാണ് പോകേണ്ടത് എന്ന വ്യക്തത 'സ്നേഹിതാ' താങ്കൾക്കുണ്ടോ?

### പ്രസാദിപ്പിക്കേണ്ടത് ആരെ?:

യേശു പറഞ്ഞു: "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാൻ ഇച്ഛിക്കുന്നത്"(യോഹ.5:30). ആരുടെ ഇഷ്ടം ചെയ്യണം; ആരെ പ്രസാദിപ്പിക്കണം എന്ന കാര്യത്തിൽ യേശുവിനു വ്യക്തമായ ധാരണയുണ്ടായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്ന വഴിയിൽ സ്വന്തഇഷ്ടത്തെ നിരസിക്കേണ്ടതുണ്ടെന്നും യേശുവിനറിയാമായിരുന്നു. അതുകൊണ്ട് "യേശു തന്നിൽതന്നെ പ്രസാദിച്ചില്ല"(റോമ.15:3).

ഇന്നു പല വിശ്വാസികളും ദൈവത്തെയും ഒപ്പം മനുഷ്യരെയും പ്രസാദിപ്പിക്കണം എന്നു കരുതുന്നതുകൊണ്ട് അവരുടെ ക്രിസ്തീയജീവിതത്തിന്റെ പുരോഗതി തടസ്സപ്പെട്ടിരിക്കയാണ്. എന്നാൽ പൗലൊസ് ഇത്തരക്കാർക്ക് ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു: "ഇപ്പോൾ ഞാൻ മനഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യനെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ദാസനായി ഇരിക്കുകയില്ല."(ഗലാ.1:10). യേശുവിനു പോലും എല്ലാ മനുഷ്യരെയും പ്രസാദിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നാം എന്തിന് അതിനു വൃഥാ ശ്രമിക്കണം? അതുപോലെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നു എന്നു കരുതുന്ന പലരും തങ്ങളോടു തന്നെ നിർദ്ദയം സത്യസന്ധരായാൽ വാസ്തവത്തിൽ തങ്ങൾ ദൈവേഷ്ടമല്ല, സ്വന്തഇഷ്ടമാണ് ചെയ്യുന്നത് എന്നു കണ്ടെത്തും. ദൈവത്തെ പ്രസാദിപ്പിക്കുന്നതിന്റെ മറവിൽ സത്യത്തിൽ അവർ പ്രസാദിപ്പിക്കുന്നത് തങ്ങളെത്തന്നെയാണ്! പൗലൊസ് വിശ്വാസത്തിൽ തന്റെ നിജപുത്രനായ തിമൊഥെയോസിനു നൽകുന്ന നിർദ്ദേശം നമുക്കും സ്വീകരിക്കാം: "പട ചേർത്തവനെ മാത്രം പ്രസാദിപ്പിക്കുക"(2തിമൊ.2:4).

സാധാരണമട്ടിൽ വശങ്ങളിൽ ശാന്തമായി തൂങ്ങിക്കിടക്കുന്നു.

സഭയുമായി ബന്ധപ്പെട്ട ശുശ്രൂഷയ്ക്ക് ദമ്പതികളെ സജ്ജരാക്കുന്ന ഒരു സ്പാനിഷ് പരിശീലന സ്കൂളിൽ ചേരാൻ വേണ്ടിയാണ് പ്യൂർട്ടോറിക്കയിലേക്കു പോകുന്നതെന്നു മരിയ പറഞ്ഞു. പരിശീലനത്തിനു ശേഷം അവൾ ന്യൂയോർക്കിലേക്കു തന്നെ മടങ്ങിവരും. വരുമ്പോൾ അവർ സെന്ററിൽ ഞങ്ങളോടൊപ്പം പ്രവർത്തിക്കുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ.

ആ കുടുംബം യാത്ര പറഞ്ഞ് മെല്ലെ അകന്ന് അപ്രത്യക്ഷമായപ്പോൾ ഞാൻ യേശുവിന്റെ ഒരു വചനം ആവർത്തിച്ച് ഉരുവിടുകയായിരുന്നു: "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."

*(തുടരും)*

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the title THE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

## സഹോദരങ്ങൾ ആര്?:

യേശു പറഞ്ഞു "ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു(മത്താ.12:49,50).

തന്റെ ബന്ധങ്ങളെയും യേശു വ്യക്തതയോടെ നിർവ്വചിച്ചു.മാനുഷികബന്ധങ്ങൾക്കപ്പുറത്ത് തന്റെ യഥാർത്ഥബന്ധം ആരോടാണെന്ന ഈ ഉറപ്പാണ് വ്യക്തമായ ചില നിലപാടുകൾ എടുക്കുവാൻ യേശുവിനെ സഹായിച്ചത്. 'സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്?' എന്നു ചോദിക്കേണ്ട സാഹചര്യത്തിൽ അങ്ങനെ ചോദിക്കുവാൻ യേശുവിനെ സജ്ജനാക്കിയത് നേരത്തേ തന്നെ ഈ കാര്യത്തിൽ താൻ ഹൃദയത്തിൽ കൈക്കൊണ്ടിരുന്ന നിർണ്ണയമാണെന്നു വ്യക്തമാണല്ലോ.

പല വിശ്വാസികൾക്കും ബന്ധങ്ങൾ ബന്ധനങ്ങൾ ആകുന്നതിനു കാരണം, യേശുവിനെപ്പോലെ ഈ നിലയിൽ ഒരു നിലപാടില്ലാത്തതാണ്.

## പ്രവർത്തനവിധത്തെക്കുറിച്ചുള്ള വ്യക്തത:

മുകളിൽ പറഞ്ഞ നാലു കാര്യങ്ങളിലുള്ള വ്യക്തത, യേശുവിന്റെ പ്രവർത്തനങ്ങൾക്കും കൃത്യമായ ദിശാബോധം നൽകി. വ്യക്തതയോടെ മുൻഗണനകളെ ക്രമീകരിച്ചില്ലെങ്കിൽ സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ നാം പ്രവർത്തിച്ചുപോകും. യേശു സമ്മർദ്ദങ്ങൾക്കനുസരിച്ചല്ല പ്രവർത്തിച്ചത്. തന്റെ പ്രാഥമികലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതെ, ഇടയിൽ വരുന്ന തടസ്സങ്ങൾ കൈകാര്യം ചെയ്യാൻ യേശുവിന് അറിയാമായിരുന്നു. ഒരു സന്ദർഭം നോക്കുക:

"നേരം വെളുത്തപ്പോൾ അവൻ പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്തേക്കു പോയി. പുരുഷാരം അവനെ തിരഞ്ഞ് അവന്റെ അരികത്തു വന്നു തങ്ങളെ വിട്ടു പോകാതിരിപ്പാൻ അവനെ തടുത്തു. അവൻ അവരോട്: 'ഞാൻ മറ്റുള്ള പട്ടണങ്ങളിലും ദൈവരാജ്യം സുവിശേഷിക്കേണ്ടതാകുന്നു. ഇതിനായിട്ടല്ലോ എന്നെ അയച്ചിരിക്കുന്നത് എന്നു പറഞ്ഞു."(ലൂക്കോ.4:42,43).

ഇതിന്റെ തൊട്ടു മുകളിൽ ഉള്ള ഭാഗങ്ങൾ വായിച്ചാൽ ഭൂതങ്ങളെ പുറത്താക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്ന ഫലപ്രദമായ ഒരു ശുശ്രൂഷയ്ക്കിടയിൽ നിന്നാണ് യേശു പ്രാർത്ഥിപ്പാനായി നിർജ്ജനസ്ഥലത്തേക്കും പ്രസംഗിപ്പാനായി മറ്റു പട്ടണത്തിലേക്കും മാറിപ്പോയത് എന്നു കാണുവാൻ കഴിയും. പ്രവർത്തനങ്ങളിലെ വിജയങ്ങൾ, പൊതുജനാഭിപ്രായം എന്നിവയ്ക്കൊന്നിനും യേശുവിനെ തന്റെ നിശ്ചയദാർഢ്യത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ കഴിഞ്ഞില്ല.

എതിർപ്പുകളെ ഭയപ്പെടാതെ, ഉറപ്പുള്ള ചുവടുകൾ വച്ച് യേശു നടന്നുപോയി. യേശുവിനെപ്പോലെ വ്യക്തമായ ലക്ഷ്യബോധത്തോടെ മുന്നോട്ടുപോകാൻ നമുക്കു വേണ്ടത് വിശ്വാസമാണ്. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ വന്ന ദൈവപുത്രൻ തന്നെയാണു വിശ്വാസത്തിന്റെ രചയിതാവ്(author). ദൃഢതയുള്ള ചുവടുവയ്പ്പുകളോടെ മുന്നോട്ടുപോകുവാൻ വിശ്വാസത്തിന്റെ പുതിയ അദ്ധ്യായങ്ങൾ അവിടുന്നു നമ്മുടെ ഹൃദയത്തിൽ ആഴത്തിൽ എഴുതട്ടെ!





ഇത്തിരിവെട്ടം

# അറിവും വിശ്വാസവും

*ഒരു പുരാതന യഹൂദകഥ*

**കെ**ണിവച്ച് പക്ഷികളെ പിടിക്കുന്ന ഒരുവന് ഒരു ദിവസം നല്ല ഭംഗിയുള്ള ഒരു കിളിയെ കിട്ടി. പക്ഷികളെ കൊന്ന് മരുന്നു പുരട്ടി വളരെനാൾ കേടുകൂടാതെ വയ്ക്കാനുള്ള വിദ്യ അയാൾക്കു വശമായിരുന്നു. ആവശ്യക്കാർക്ക് അയാൾ അതു വിൽക്കും. അങ്ങനെയാണയാൾ ജീവിച്ചുപോന്നത്.

ഇന്നേ ദിവസം ഇത്രയധികം ഭംഗിയുള്ള ഒരു പക്ഷിയെ കിട്ടിയതിൽ അയാൾ വളരെ സന്തോഷിച്ചു. നല്ല വില കിട്ടുമെന്നുറപ്പായിരുന്നു. പക്ഷിയെ പതുക്കെ കെണിയിൽ നിന്നെടുത്തപ്പോൾ ഒരത്ഭുതം നടന്നു. അതു സംസാരിക്കാൻ തുടങ്ങി: 'എന്നെ കൊല്ലരുതേ, എന്റെ കൂട്ടിൽ എന്നെയും കാത്ത് കുറെ കുഞ്ഞുങ്ങളുണ്ട്. നിങ്ങൾ എന്നെ കൊല്ലാതിരിക്കുമെങ്കിൽ വിലപ്പെട്ട മൂന്ന് ഉപദേശങ്ങൾ ഞാൻ പറഞ്ഞുതരാം. അത് നിങ്ങൾക്കു വളരെ ഉപകരിക്കും.' ഇതു വെറും സാധാരണ പക്ഷിയല്ലെന്നു മനസ്സിലാക്കിയ അയാൾ ഇങ്ങനെ പറഞ്ഞു: "ഏതായാലും ഉപദേശം കേൾക്കട്ടെ, നല്ലതാണെങ്കിൽ നിന്നെ വിട്ടയയ്ക്കാം.'' അപ്പോൾ കിളി പറഞ്ഞു: "ശ്രദ്ധിച്ചു കേട്ടുകൊള്ളണം. ഒന്നാമത്തേത് ഒരു മണ്ടത്തരം കേട്ടാൽ, പറയുന്നത് ആരുമായിക്കൊള്ളട്ടെ, ഒരിക്കലും അത് വിശ്വസിക്കരുത്. രണ്ട്: ആർക്കെങ്കിലും നീ ഒരു നന്മ ചെയ്താൽ പിന്നീട് അതിനെപ്പറ്റി ഓർത്ത് പശ്ചാത്തപിക്കരുത്. മൂന്ന്: നിനക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത ഉയരങ്ങളിലേക്ക് എത്താൻ ശ്രമിക്കരുത്."

പക്ഷിപിടുത്തക്കാരന് മൂന്നും വളരെ വിലപ്പെട്ടതായിത്തോന്നി. പലപ്പോഴും അവൻ ചിലരുടെ വാക്കുകൾ കേട്ട്, അവർ പ്രശസ്തരായതുകൊണ്ടു മാത്രം, മണ്ടത്തരമാണെന്നറിഞ്ഞിട്ടും അനുസരിക്കുകയും അപകടത്തിൽ ചാടുകയും ചെയ്തിട്ടുണ്ട്. സംഭാവനകളും ദാനങ്ങളും മറ്റും ചെയ്തിട്ട് അങ്ങനെ കൊടുക്കേണ്ടിയിരുന്നില്ലെന്ന് ഓർത്ത് പിന്നീട് ദുഃഖിച്ചിട്ടുണ്ട്. തനിക്കെത്തിപ്പെടാൻ പറ്റാത്ത ഉയരത്തിലെത്താൻ എന്തുമാത്രം പരിശ്രമിച്ചിട്ടുണ്ട്! അവസാനമാണ് അതെല്ലാം പാഴ്വേലയാണന്നറിയുന്നത്. തീർച്ചയായും ഈ മൂന്നറിവുകളും തന്റെ ഭാവിജീവിതത്തിനു ഗുണം ചെയ്യും. സംശയമില്ല. അയാൾ കിളിയെ മോചിപ്പിച്ചു.

പക്ഷി പറന്നുയർന്നു. പക്ഷേ എങ്ങോട്ടും പോയില്ല. ഒരു സാധാരണ പക്ഷിയായിരുന്നില്ലല്ലോ അത്. അടുത്തുതന്നെയുള്ള ഒരു മരക്കൊമ്പിൽ പോയിരുന്നു. എന്നിട്ട് അയാളോട് ഇങ്ങനെ പറഞ്ഞു: ''എടാ മരമണ്ടാ, നീയെന്നെ എന്തിന് മോചിപ്പിച്ചു? എന്റെ വയറ്റിൽ വലിയൊരു രത്നം കിടപ്പുണ്ട്. നീയെന്നെ കൊന്നിരുന്നെങ്കിൽ നിനക്കതെടുക്കാമായിരുന്നു. നിന്റെ ജീവിതകാലം മുഴുവൻ സുഖമായി ജീവി

ക്കാനുള്ള പണം അത് വിറ്റാൽ കിട്ടുമായിരുന്നു. ഇനി പറഞ്ഞിട്ടെന്തു കാര്യം? പോയ ബുദ്ധി തിരിച്ചു കിട്ടുമോ? വിഡ്ഢി!"

ഇതു കേട്ടതും അയാൾ ആകെ തളർന്നു. കൈയിൽ വന്ന മഹാഭാഗ്യം തന്റെ ബുദ്ധിമോശം കൊണ്ട് ഇത്രയും പെട്ടെന്ന് കൈവിട്ടുകളഞ്ഞതോർത്ത് അയാൾക്കിരിക്കപ്പൊറുതിയില്ലാതായി. എങ്ങനെയെങ്കിലും ആ കിളിയെ പിടിക്കണം. അയാൾ ആ മരത്തിലേക്കു വലിഞ്ഞുകയറാൻ തുടങ്ങി. വെറുംകൈകൊണ്ട് ഒരു പക്ഷിയെ പിടിക്കുന്ന കാര്യം ഒന്നോർത്തു നോക്കൂ. ഇയാൾ അടുത്തെത്തിയപ്പോൾ പക്ഷി പറന്ന് വേറൊരു മരത്തിൽ പോയിരുന്നു. ആ മരത്തിൽനിന്നുമിറങ്ങി അടുത്ത മരത്തിൽ കയറി നോക്കി. ഇങ്ങനെ കയറിയും ഇറങ്ങിയും അയാൾ വലഞ്ഞു. എങ്കിലും ശ്രമം ഉപേക്ഷിച്ചില്ല. പക്ഷി പിന്നെയും ഇയാളെ കളിപ്പിച്ചുകൊണ്ടേയിരുന്നു. അവസാനം തളർന്ന് ഒരു മരത്തിൽ നിന്നു അയാൾ താഴെ വീണു. കാലിന്റെ എല്ലു പൊട്ടി എഴുന്നേൽക്കാൻ വയ്യാതെ ആ മരച്ചുവട്ടിൽ കിടന്നു.

ഈ സമയം പക്ഷി ഏറ്റവും താഴെയുള്ള ഒരു കൊമ്പിൽ വന്നിരുന്നു. എന്നിട്ടു പറഞ്ഞു: "വിഡ്ഢീ, ഞാൻ നിനക്കു മൂന്ന് ഉപദേശങ്ങൾ പറഞ്ഞുതന്നില്ലേ? അത് വളരെ നല്ലതെന്നു നിനക്കു തോന്നി. അങ്ങനെതന്നെ എന്ന് എന്നോടു പറകയും ചെയ്തു. മണ്ടത്തരം ആരു പറഞ്ഞാലും വിശ്വസിക്കരുത് എന്നു ഞാൻ പറഞ്ഞില്ലേ? പിന്നെന്തിനാണ് എന്റെ വയറ്റിൽ ഒരു രത്നം ഉണ്ടെന്നു പറഞ്ഞത് വിശ്വസിച്ചത്? ആർക്കെങ്കിലും ഒരു നന്മ ചെയ്താൽ അതോർത്തു മനസ്താപപ്പെടരുതെന്ന് ഞാൻ പിന്നീട് പറഞ്ഞു. നീ എന്തു ചെയ്തു? എന്നെ വിട്ടയച്ചതോർത്ത് നീ ദുഃഖിച്ചു. മൂന്നാമത് ഞാൻ പറഞ്ഞതും അതുപോലെതന്നെ. നമ്മെക്കൊണ്ട് പറ്റാത്ത കാര്യത്തിന് ശ്രമിക്കരുത്. ഒരു പക്ഷിയെ വെറുംകൈകൊണ്ട് പിടിക്കാൻ സാദ്ധ്യമല്ലെന്നു നിനക്കു നന്നായി അറിയാം. പക്ഷേ ആ അറിവനുസരിച്ചല്ല നീ പ്രവർത്തിച്ചത്. മനുഷ്യന്റെ മനസ്സും ഹൃദയവും തമ്മിൽ വലിയ ഒരു വിടവുണ്ട്. ഞാൻ പറഞ്ഞത് ശരിയായിരുന്നു എന്നു നിനക്കു ബോധ്യമായിരുന്നു. പക്ഷേ ആ അറിവു നിന്റെ ബുദ്ധിയിൽ മാത്രമായിരുന്നു. നിന്റെ ഹൃദയത്തിലെ ദൃഢവിശ്വാസമായി അത് മാറിയിരുന്നില്ല. അതുകൊണ്ടാണ് ശരിയെന്നറിയാമായിരുന്ന കാര്യങ്ങൾക്കു നേരേ വിപരീതമായി നീ പ്രവർത്തിച്ചത്."

നമ്മുടെ മനസ്സിലെ അറിവുകൊണ്ടു മാത്രം ഒരു കാര്യവുമില്ല. അത് ഹൃദയത്തിലെ ബോധ്യമായി മാറണം. വിശ്വാസത്തിന്റെ വഴി അതാണ്. വിശ്വാസം ഹൃദയത്തിലെത്തണം. അങ്ങനെയായാൽ വിശ്വാസമില്ലായ്മ ഉണ്ടാവുകയില്ല. കേട്ടും കണ്ടും വായിച്ചും മറ്റും ഉണ്ടാവുന്ന ഏതറിവും അറിവായിത്തന്നെ നമ്മുടെ ബുദ്ധിയിൽ ഇരിക്കും. അറിവ് പ്രാവർത്തികമാക്കുമ്പോൾ മാത്രമേ അത് ഹൃദയത്തിലേക്കു കടക്കുകയുള്ളു(യാക്കോ.1:22-25).

സമ്പാദകൻ: **അജയ് ജോർജ്.**





Youth Section

**YOUR PROBLEMS, GOD'S SOLUTIONS**

# *Q & A*

*(A new column-Question and Answer. Br. Sandeep Poonen is answering the common doubts of young people, in the light of God's word .)*

## MAKING THE BIBLE COME ALIVE

***Question:***

You talked last month about studying God's Word. I have a somewhat related question. I read God's Word consistently as you suggested, but I don't seem to get life from them and I have trouble seeing my life change. What do you suggest?

***Answer:***

This is a very important question for us to resolve while we are still young – so I am happy to give you my perspective on this.

I first want to start with a somewhat well-known verse for those who have been Christians for a while. Jesus quoted it in Matthew 4:4 – *MAN SHALL NOT LIVE ON BREAD ALONE, BUT ON EVERY WORD THAT PROCEEDS OUT OF THE MOUTH OF GOD.*

This verse tells me the supreme importance of Words that proceed out of the mouth of God. Words from God's mouth are the absolutely necessary food for spiritual life. And just like we consume food and thereby grow as humans, we must also learn how to consume God's Word and grow as spiritual beings.

To be clear, the life that comes from "every word that proceeds out of the mouth of God" is not by simply *reading* the Bible. The Bible is Holy Spirit inspired for sure. But if we don't read and apply it aright, these words will be lifeless rather than life-giving. In fact, I wouldn't be surprised if Bible-study is lifeless for most Christians.

These are three steps (3 Ms) that I use as I approach God's Word – and how I seek to "live" on His words and grow in true spiritual life.

**1. Memorize God's Word**

To compare this to growing as a human, this is analogous to putting food into our mouth. If we are not intentional about putting food into our mouth, we cannot expect to magically grow.

However, I understand how memorizing Bible verses could sound so legalistic. So I want to explain exactly what I mean by memorizing God's Word.

I have realized that my mind is so forgetful, and that it is really hard to remind myself of what I might have read in the Bible – maybe from just earlier that morning. To forget is not a sin – it is just the way we are as humans. Most people I have met struggle to easily and always remember what they read in the Bible.

So I have tried to counter that human weakness by memorizing important portions of Scripture. Now this can easily become a lifeless ritual or a source of great pride – and I am acutely aware of this. So to make sure that I don't become carnally ambitious about this memorization, I intentionally choose to go at a slower pace than what I could probably mentally do.

***I try to memorize just one verse a week!***

Now this probably sounds like a rather easy thing. It probably isn't a mentally hard thing for most people. But I have still found it hard to stay faithful in this. It is hard to stay disciplined to even memorize one verse a week on some weeks, or to sometimes resist the urge to memorize MORE than one verse per week!

But please also hear me correctly: I am not making a rule about what is right or wrong. I am just giving you the way I personally ensure that I get to remember God's Word, and also protect my heart from being overly ambitious or proud.

And one more thing…I don't memorize just any passage. I think that there are some chapters or sections of Scripture that are packed with promises and truths that are worth memorizing before some others.





So I am strategic about what I choose to memorize. For me, some portions of Scripture that I hope to have memorized are: Romans 8, Romans 12, and all of 1 John.

But that said, all the memorization of the Bible is merely the precursor to the much more important next steps.

**2. Meditate on God's Word**

In our human growth, the act of chewing our food is the only really active work that we must do to grow. Stuffing our mouth with food will do no good if we don't chew our food. So in the same way, we must put a huge premium on meditating on God's Word – way more than memorizing God's Word.

This is the huge advantage that I have gained from choosing to only memorize one verse a week. It has allowed me to stay close to that one verse all week – when I am traveling to work or when I am on my lunch break, and I don't have my Bible with me. Sure, I can think about Jesus and His love and things like that, but I can also remind my mind of the verses that I am committing to memory.

As I repeat these verses in my mind, I invite the Holy Spirit to speak to me through them. I ask the Holy Spirit to make His Word come alive. But I don't ask Him this with an agenda or a deadline or any sense of pressure. He doesn't have to speak to me in the next 15 minutes, or by the end of my quiet time. If I don't seem to hear anything of significance, that's okay – I get up and go on with my business. But at my next free moments, I will go back to the memorized text, and meditate on it some more – and ask the Holy Spirit if there is something in there for me.

This practice of meditating on God's Word is easy in the sense that all of us can do it. But very few of us have grown in the habit of choosing to sit at the feet of Jesus" with PATIENCE – not needing Him to speak right away, but always enjoying Him and always expectant for a Word of Life that He might share.

3. **be Molded by God's Word**

At the end of the day, human growth does not happen because we work out our stomach muscles or somehow concentrate really hard on forcing our intestines to cause growth. No! It happens naturally because our internal organs know how to assimilate the food that is chewed. Now we can definitely harm our bodies and mess with our organs to where they don't function as they should. But if we stay out of the way, and allow our insides to do its natural work, we will see growth.

In the same way, we don't have to work hard to squeeze the spiritual growth out of us. We submit ourselves to the Holy Spirit, and He will do the work in us over time. And the molding of our spiritual lives by Him ***will*** be evident over time.

So all I need to do is to present myself to God and ask Him to change me based on what I have meditated on, and based on what He has revealed to me in Scripture.

But please remember this: The primary purpose of God bringing His Words to life to me is that **I** might be changed by it. I must be changed and molded, way before I even *consider* giving it to somebody else to be molded. I know there is a deep instinct within us to look at God's Word and see how it neatly and perfectly applies to somebody else's life. But this is very dangerous. So we must constantly seek to primarily have our OWN lives molded by the truths that God reveals to us.

These then are the 3 Ms that I try to remember when I interact with God's Word. I also hope that you receive these as general principles to embrace rather than specific rules to strictly follow.

Your fellow pilgrim,

*Sandeep*

(Please mail your genuine doubts to : ***sandeep@poonen.org***)



# AN UNLIKELY BLEND

Recently I purchased a juicer. This morning as I gathered the fruits and vegetables for my breakfast drink, I pondered the oddball assortment of things I had pulled from the fridge. They weren't the sort of things that I would have picked as going together. I ran them all through the juicer and sat down with my drink.After taking a few sips I was plesantly surprised at how delicious the juice was. The unlikely blend of apple, lemon, celery, pineapple and carrot made a delicious and nutritious cocktail.

This is sort of the way God intended His Church to be. The most unlikely of people who would ordinarily never have anything in common are bonded into the representation of His kingdom on earth. Working together under His power, these unlikely groups of people can accomplish tremendous things for eternity. It is not perfect by any means, afterall it is full of people, but it is an incredible start.

"For the grace given me I say to everyone of you: donot think yourself more highly than you ought, but rather think of yourself with sober judgement, in accordance with the measure of faith God has given you. Just as each of us has one body with many members, and these members donot all have same function, so in Christ we who are many form one body, and each member belongs to all others. We have different gifts according to the grace given us. If a man's gift is prophsying, let him use it proportion to his faith. If it is serving, let him serve; if it is teaching, let him teach; if it is encouraging, let him encourage; if it is contributing to the needs of others, let him give generously; if it is leadership, let him govern deligently; if it is showing mercy, let him do it cheerfully."(Romans.12:3-8.NIV)



## *Just a minute*

*"Don't let the sparkle and the smooth taste of strong wine deceive you. for in the end it bites like a poisonous serpent; it stings like an adder."(Prov.22:31,32)*

Pheba Cleetus

JEEVA MOZHIKAL RNI/KERBIL/-2003/21404
July 2010 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ജീവനുള്ള പ്രത്യാശ

ജോൺ ജി പാറ്റൺ ന്യൂ ഹെബ്രയിഡ്സിൽ മിഷനറിയായിരുന്നു. അവിടെനിന്നു താനാദ്വീപിൽ അദ്ദേഹം പൂർണഗർഭിണിയായ ഭാര്യയോടൊത്ത് പ്രേഷിതപ്രവർത്തനങ്ങൾക്കായി പോയി. അവിടെവച്ച് അദ്ദേഹത്തിന്റെ ഭാര്യ പ്രസവിച്ചു. പക്ഷേ അധികസമയം കഴിയുന്നതിനു മുൻപ് അവൾ മരിച്ചുപോയി. പാറ്റൺ സ്വന്തകൈകൊണ്ടുതന്നെ ഒരു ശവക്കുഴി ഉണ്ടാക്കുകയും മൃതദേഹം അവിടെ അടക്കം ചെയ്യുകയും ചെയ്തു. പതിനേഴു ദിവസം കഴിഞ്ഞപ്പോൾ കുഞ്ഞും മരിച്ചു. അതിനെയും അദ്ദേഹം തന്നെ അടക്കം ചെയ്തു.

ഈ കഠിനദുഃഖത്തിന്റെ അവസ്ഥയിലൂടെ കടന്നുപോയതിനെക്കുറിച്ച് അദ്ദേഹം പിന്നീട് ഇങ്ങനെ എഴുതി.

"ഞാൻ ഒരിക്കലും കൈവിടപ്പെടുകയായിരുന്നില്ല. വീടിനോടു ചേർന്നു നിർമ്മിച്ച ശവക്കുഴിയിൽ എന്റെ ഏറ്റവും പ്രിയപ്പെട്ട രണ്ടു പേരെയും സംസ്കരിക്കുവാനും തകർന്ന ഹൃദയത്തോടെയാണെങ്കിലും അവരുടെ അന്ത്യശുശ്രൂഷകളിൽ മുഖ്യ പങ്കു വഹിക്കുവാനും മഹാകൃപാലുവായ ദൈവം എന്നെ ശക്തീകരിച്ചു. ഇപ്പോൾ വലിയ പ്രത്യാശയോടും വിശ്വാസത്തോടും കൂടി എന്റെ പ്രിയപ്പെട്ടവരെ അടക്കം ചെയ്ത ഈ ദേശത്തെ ദൈവത്തിനായി അവകാശം പറഞ്ഞ് ഞാൻ ഇടവിടാതെ പ്രാർത്ഥിക്കുകയും കണ്ണീരൊഴുക്കുകയും ചെയ്യുന്നു. താനാദ്വീപ് ദൈവത്തിങ്കലേക്കു തിരിയുമ്പോൾ അവിടെ എന്റെ സ്വപ്നങ്ങൾ പച്ചപിടിച്ചു നിൽക്കുന്നത് അവർ കണ്ടെത്തും. അവിടുന്ന് എന്നെ താനയിൽ നിലനിർത്തി. കർത്താവിന്റെ നാമത്തിൽ അല്ലായിരുന്നുവെങ്കിൽ ഞാൻ ഭ്രാന്തു പിടിച്ച് ആ കല്ലറകളുടെ അടുക്കൽ കിടന്നു മരിച്ചേനെ."

"ഹേ! മരണമേ, നിന്റെ ജയമെവിടെ? ഹേ! മരണമേ നിന്റെ വിഷമുള്ളെവിടെ?" (1കൊരി.15:55)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.